Phone No. 2972

35

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘപ്രസിദ്ധീകരണം.

വാല്യം 4 | ജനുവരി | ലക്കം 13

## വിഷയവിവരം

*

പത്രാധിപവീഥി
അരുണോദയമായി (കവിത) —ലളിതാംബിക അന്തർജ്ജനം
സുഭാഷിതവീഥി
കേരളസംസ്കാരം —വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
സാഹിത്യാഭിവൃദ്ധിയും
ഗ്രന്ഥശാലകളും —പണ്ഡിതർ കെ. വാസുദേവൻ മൂസ്സത്
പുരാതന സാമൂഹിക
നടപടികൾ —പന്തളം രാഘവപ്പണിക്കർ
ഒരു സ്മൃതിചിത്രം —സി. കെ. നാരായണക്കുറുപ്പ് എം. എ.
കൌമുദിക്കയച്ച ഒരുകത്ത് —വയലാർ രാമവർമ്മ
ചിന്താലോകത്തിൽ
ചെമപ്പുനാട (ചെറുകഥ) —വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ
മുറുക്കിനെപ്പററി —മഹാമഹോപാദ്ധ്യായ പാണ്ഡ്യം സുന്ദരശാസ്ത്രി
ചിന്തയും കർമ്മവും
ജീവിതം രൂപമെടുക്കുന്നു
(ഒരു ചിത്രീകരണം) —ശാസ്തമംഗലം എൻ. കെ. ശ്രീധരൻനായർ
ഗാനകൌതുകം —കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. എ. ബി. എൽ.
ഗ്രന്ഥനിരീക്ഷണം, ഗ്രന്ഥശാലാവാർത്തകൾ.



ഗ്രന്ഥാലോകം

വരിസംഖ്യ
വാർഷികവരി മുൻകൂർ രു. 6.
ഒററപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| | | |
|---|---|---|
| വാല്യം 4 | ജനുവരി 1953 | ലക്കം 13 |


# പത്രാധിപവീഥി

## ഗ്രന്ഥശാലാസംഘത്തിന്റെനേരേ

1128 ധനു 29-ാംനു-യിലെ കൗമുദി വാരികയിൽ "ഈ നാട്ടിലെ ഗ്രന്ഥശാലകളേയും അവയുടെ സർക്കാർസംഘടനയായ ഗ്രന്ഥശാലാസംഘത്തേയും" പററി ശ്രീ. വയലാർ രാമവർമ്മ എഴുതിയിട്ടുള്ള ഒരു ലേഖനം ഞങ്ങളന്യത്ര ഉദ്ധരിച്ചിട്ടുണ്ടു്. "തകഴിയും പോഞ്ഞിക്കര റാഫിയും ഞാനും ജേക്കബ് ഫിലിപ്പുമൊക്കെ ചേർന്നു് പ്രസിദ്ധീകരിച്ചിരുന്ന സംയുക്തപ്രസ്താവനയുടെ" ഒരു രണ്ടാംപതിപ്പുമാത്രമാണു് ഈ ലേഖനമെന്നു് മി. രാമവർമ്മതന്നെ സമ്മതിച്ചിട്ടുണ്ടു്. ഗ്രന്ഥശാലാസംഘത്തെപ്പററി ഈ പുരോഗമനസാഹിത്യകാരന്മാർ ഒററയായും സംഘംചേർന്നും പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും മറുപടി പറയേണ്ട കർത്തവ്യം ഗ്രന്ഥാലോകത്തിനുണ്ടെന്നു കരുതിയാണു് ഈ കുറിപ്പെഴുതുന്നതു്.

ചീഫ്മിനിസ്റ്റർ മി. എ. ജെ. ജോൺ ഗ്രന്ഥശാലകളിൽ കമ്മ്യൂണിസ്റ്റ്ഗ്രന്ഥങ്ങൾ വാങ്ങുന്നതിനെതിരായി ചില അഭിപ്രായങ്ങൾ നിയമസഭയിൽ പ്രകടിപ്പിച്ചതിനു ശേഷം തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ നിവ്വാഹകസമിതിയിൽ ചില പുതിയ പേരുകൾ വന്നെത്തിയെന്നും മി. ജോണിന്റെ പ്രസംഗത്തിന്റെ അടിയന്തിരമായ പ്രത്യാഘാതമാണിതെന്നുമാണു് മി. രാമവർമ്മയുടെ ആദ്യത്തെ ആക്ഷേപം. അങ്ങിനെ വന്നുചേർന്ന പുതിയ പേരുകാർ ആരൊക്കെയാണെന്നദ്ദേഹം പറഞ്ഞിട്ടില്ല. പറയുവാനദ്ദേഹത്തിനു സാധ്യവുമല്ല. കാരണം മി. ജോണിന്റെ പ്രസംഗത്തിനുശേഷം ഗ്രന്ഥശാലാസംഘത്തിന്റെ നിർവാഹകസമിതിയിൽ ഒരൊററയാളെപ്പോലും കൂടുതലായി ചേർത്തിട്ടില്ലെന്നുള്ളതുമാത്രമാണു്. മി. രാമവർമ്മ അദ്ദേഹത്തിന്റെ ലേഖനത്തിന്റെ അടുത്ത ഖണ്ഡികയിൽ തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ഏററവും ഉന്നതമായ ഒരു കസാലയിലിരിക്കുന്ന ഒരു വൈദികന്റെ വിക്രിയകളെപ്പററി പ്രതിപാദിക്കുന്നതുകൊണ്ടു് നിർവാഹകസമിതിയിൽ വന്നെത്തിയതായി അദ്ദേഹം സങ്കല്പിക്കുന്ന ആളും ഈ പുരോഹിതൻ തന്നെയാണെന്നനുമാനിക്കുന്നതിൽ തെററില്ല. ഗ്രന്ഥ

ശാലാസംഘത്തിന്റെ അദ്ധ്യക്ഷനോ എക്സിക്യൂട്ടിവ് അംഗങ്ങൾക്കോ ആർക്കും തന്നെ പുരോഹിതവൃത്തിയുള്ളതായി ഞങ്ങൾക്കറിഞ്ഞുകൂടാ. ഒരു പുരോഹിതനും നിർവാഹകസമിതിയിലെ ഉയർന്ന കസേരകളിൽ ഇരിക്കുന്നുമില്ല. എന്നാൽ റവറൻറ് സി. കെ. മററം എന്നൊരാൾ ഗ്രന്ഥശാലാസംഘത്തിന്റെ ഭരണസമിതിയിലും, സംഘം നിയമിച്ചിട്ടുള്ള പുസ്തകപരിശോധനക്കമ്മിററിയിലും അംഗമായിട്ടുണ്ട്. 21 അംഗങ്ങളുള്ള സംഘംഭരണസമിതി സ്വേച്ഛാധികാരം നടത്തുവാൻ നിയോഗിച്ചിട്ടുള്ള ഒരു സർവാധിപതിയല്ല ഫാദർ സി.കെ. മററം. ജനകീയസിദ്ധാന്തങ്ങളനുസരിച്ച് നടന്നുപോരുന്ന ഭരണസമിതിയിൽ ഫാദർ സി. കെ. മററത്തിന്റെ അഭിപ്രായങ്ങൾക്ക് ഒരാളുടെ അഭിപ്രായമെന്നുള്ളതിൽകവിഞ്ഞ് യാതൊരുപ്രാധാന്യവുമില്ല. ഫാദർ മററത്തിനെപ്പോലെയോ അതിൽക്കൂടുതലോ പ്രഗത്ഭന്മാരും വിഭിന്നചിന്താഗതിയുള്ളവരുമായ 21 ആളുകൾ അടങ്ങിയ ഒരു സമിതി അതിന്റെ ചിന്താസ്വാതന്ത്ര്യവും അഭിപ്രായങ്ങളും ഫാദർ മററമെന്നൊരു പുരോഹിതനടിയറ വച്ചിരിക്കയാണെന്ന് മി. രാമവർമ്മ പറഞ്ഞാൽ അങ്ങിനെയല്ല കാര്യങ്ങൾ ഈ രാജ്യത്ത് നടക്കുന്നതെന്ന് വളരെ സൗമ്യമായി അദ്ദേഹത്തോട് പറയുവാനേ ഞങ്ങൾക്കു നിർവാഹമുള്ളു. അതുപോലെതന്നെ സംഘം അപ്പപ്പോഴയച്ചുകൊടുക്കാറുള്ള പുസ്തകങ്ങളെപ്പററി അഭിപ്രായം രേഖപ്പെടുത്തുവാനാണ് പുസ്തകപരിശോധനാകമ്മിററിയെ നിയമിച്ചിട്ടുള്ളത്. കേരളത്തിലെ പ്രശസ്തരായ കവികളും സാഹിത്യകാരന്മാരുമാണ് ഈ കമ്മിററിയിലെ മററംഗങ്ങൾ. മെ. ജി. ശങ്കരക്കുറുപ്പ്, മുണ്ടശ്ശേരി, കൈനിക്കര കുമാരപിള്ള, ശൂരനാട്ട കുഞ്ഞൻപിള്ള, കെ. ദാമോദരൻ എന്നിവരാണവർ. ഫാദർ സി. കെ. മററത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങൾഎന്തൊക്കെയാണെന്ന് ഞങ്ങളന്വേഷിച്ചിട്ടില്ല. അതെന്തായിരുന്നാലും ഗ്രന്ഥശാലാസംഘത്തിന്റെ പ്രഗത്ഭസാഹിത്യകാരന്മാരടങ്ങിയ പുസ്തകപരിശോധനസമിതി സ്വനഗ്രാഹിപോലെ ഫാദർ സി. കെ. മററത്തിന്റെ അഭിപ്രായം പ്രതിഫലിപ്പിച്ചേക്കുമെന്ന ഭീതിയും ഞങ്ങൾക്കില്ല. ഫാദർ സി. കെ. മററം മററുള്ളവരോട് എന്തൊക്കെയോ രഹസ്യാഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളത് തനിക്കറിയാമെന്ന് മി. രാമവർമ്മ പറയുന്നു. ഞങ്ങൾക്കതിൽ താല്പര്യമില്ല. മെ. ജി. ശങ്കരക്കുറുപ്പും മുണ്ടശ്ശേരിയും പുസ്തകപരിശോധനക്കമ്മിററിയിലിരുന്ന് ഫാദർ സി. കെ. മററത്തിന്റെ അഭിപ്രായങ്ങൾ (അവ ആക്ഷേപാർഹങ്ങളാണെങ്കിൽ) കണ്ണടച്ചു വിഴുങ്ങിക്കളയുമെന്ന് മി. രാമവർമ്മ പറയുമ്പോൾ അദ്ദേഹം ആ പണ്ഡിതന്മാരെ അനർഹമായി ആക്ഷേപിക്കയാണ് ചെയ്യുന്നത്. സ്തകപരിശോധനക്കമ്മിററി വിലയിരുത്തി ക്ലാസ്സു തിരിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അസ്വീകാര്യമാണെന്നു മി. രാമവർമ്മ പറയുന്നു. സമ്മതന്മാരും പണ്ഡിതന്മാരുമായ സാഹിത്യനായകന്മാരെക്കൊണ്ട് ആ കർത്തവ്യം നിർവഹിക്കയല്ലാതെ അവരുടെ തീരുമാനങ്ങളിൽ കൈകടത്തുവാൻ ഗ്രന്ഥശാലാസംഘത്തിനധികാരമില്ല. പോരെങ്കിൽ ഗ്രന്ഥങ്ങൾ എങ്ങിനെയൊക്കെ തരംതിരിച്ചാലും എപ്പോഴും ഏതാനും എഴുത്തുകാരെയും ഗ്രന്ഥങ്ങളേയും താഴ്ന്ന ക്ലാസ്സുകളിൽ പെടുത്തേണ്ടിവരുമെന്നുള്ളതുകൊണ്ട് ഇത്തരം വിമർശനങ്ങളൊഴിവാക്കുവാൻ സാദ്ധ്യമല്ല. ഏതായാലും ഒരു പുരോഹിതനെ പരിശോധനക്കമ്മിററിയിലെടുത്തതുകൊണ്ട് സംഭവിച്ച അത്യാഹിതങ്ങളല്ലിവ.

കമ്മ്യൂണിസ്ററ് ഗ്രന്ഥങ്ങൾ വാങ്ങരുതെന്നുള്ള ചീഫ്മിനിസ്റ്ററുടെ അഭിപ്രായത്തെ ഏററവും പരുഷസ്വരത്തിൽ ഗ്രന്ഥശാലാ സംഘത്തിന്റെ മുഖപത്രമായ ഗ്രന്ഥാലോകം പ്രതിഷേധിക്കയും വിമർശിക്കയും ചെയ്തിട്ടുണ്ടു്. ചീഫ്മിനിസ്റ്റർ വ്യക്തിപരമായ നിലയിലോ ഗവമ്മെൻറ് ഔദ്യോഗികനിലയിലോ ഇങ്ങനെയുള്ള പ്രതിലോമപരമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമ്പോൾ അവയ്ക്കു് ഗ്രന്ഥശാലാസംഘം കീഴ്പ്പെടുകയോ അങ്ങിനെയുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ ഗ്രന്ഥശാലകളെ പ്രേരിപ്പിക്കയോ ഉപദേശിക്കപോലുമോ ചെയ്തിട്ടുള്ളതിനു് ഒരൊററ ഉദാഹരണംപോലും ആക്കും എടുത്തുകാട്ടുവാൻ കഴിയുകയില്ല. അതുകൊണ്ടു് "ഗ്രന്ഥശാലകളുടെ ചുററും കയ്യിൽ കടിഞ്ഞാണുമായി സഞ്ചരിച്ചു് പല്ലിളിക്കുന്നതും കൊഞ്ഞനം കുത്തുന്നതും ഗ്രന്ഥശാലകളുടെ പുറത്തുനിന്നുകൊണ്ടു് ഓലിയിടുന്നതുമായ പ്രേതങ്ങൾ" ഈ രാജ്യത്തുണ്ടെങ്കിൽ അവ ഗ്രന്ഥശാലാസംഘത്തിലല്ല വിമർശകസംഘത്തിലാണു് സുലഭമായിക്കാണുന്നതെന്നു പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. ഫാദർമററം പേരുകേട്ട ഒരു പഴയ സാഹിത്യാരാധകനാണു്. അദ്ദേഹത്തെ ഭരണസമിതിയിൽ പ്രവേശിപ്പിച്ചതിൽ അനൌചിത്യം കാണുന്നവരോടു് വിയോജിക്കുവാനേ നിർവ്വാഹമുള്ളു. വർഗ്ഗീയമായ അത്തരം അസഹിഷ്ണുതയുടെ മുൻപിൽ തലകുനിക്കുവാൻ ഗ്രന്ഥശാലാസംഘത്തിനു സാധ്യമല്ല. മലയാളത്തിലെ പ്രശസ്ത പണ്ഡിതന്മാരടങ്ങിയ ബുക്ക് സെലക്ഷൻ കമ്മിററി ഫാദർ മാറത്തിന്റെ സാന്നിദ്ധ്യം കൊണ്ടു് പോപ്പിന്റേയും വത്തിക്കാന്റെയും പാദചാരികളായിത്തീർന്നിട്ടുണ്ടെന്നുള്ള ആക്ഷേപം ഒരു മറുപടി അർഹിക്കാത്ത വിധം അത്ര വളരെ ബാലിശമാണു്.

മീനച്ചിലിലെ കാൺഗ്രസ്സ് സ്ഥാനാത്ഥിക്കുവേണ്ടി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രവത്തിക്കാത്തതുകൊണ്ടു് മി: വെട്ടൂർ രാമൻനായരെ സംഘത്തിന്റെ ആർഗനൈസർ ജോലിയിൽനിന്നു് പിരിച്ചയച്ചു എന്നുള്ളതാണു് മി: രാമവമ്മയുടെ രണ്ടാമത്തെ ആക്ഷേപം. ഇതൊരു പച്ചപ്പൊളിയാണു്. ഗ്രന്ഥശാലാസംഘം ആർഗനൈസറന്മാർ രാഷ്ട്രീയമായ കക്ഷിമത്സരങ്ങളിലേപ്പെടുകയോ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും കക്ഷിക്കുവേണ്ടി പ്രവത്തിക്കയോ ചെയ്യരുതെന്നു കശനമായി നിർദ്ദേശിച്ചുകൊണ്ടുള്ള സക്കലറുകൾ തിരഞ്ഞെടുപ്പിനു വളരെ മുൻപുതന്നെ കേന്ദ്രസമിതിയുടെ നിശ്ചയമനുസരിച്ചു് എല്ലാ ഓർഗനൈസറന്മാക്കും അയച്ചുകൊടുത്തിരുന്നു. ഗ്രന്ഥശാലാസംഘത്തിലെ ഉത്തരവാദപ്പെട്ട ഏതെങ്കിലുമൊരാൾ കാൺഗ്രസ്സിനുവേണ്ടി പ്രവത്തിക്കണമെന്നു മി: രാമൻനായരോടു് ആവശ്യപ്പെട്ടിട്ടുള്ളതായി അദ്ദേഹത്തിനോ മി: രാമവമ്മയ്ക്കോ തെളിയിക്കുവാൻ കഴിയുമോ എന്നു ഞങ്ങൾ ചോദിക്കുന്നു. അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ പുറപ്പെടുവിക്കുന്നതു നിരുത്തരവാദപരമാണു്. പരമാത്ഥമതല്ല, മി: രാമൻനായക്കു് ഏതെങ്കിലും രാഷ്ട്രീയകക്ഷിക്കുവേണ്ടി പ്രവത്തിക്കണമെന്നുണ്ടായിരുന്നെങ്കിൽ അദ്ദേഹം ജോലി രാജിവച്ചിട്ടതു ചെയ്യേണ്ടതായിരുന്നു. കാൺഗ്രസ്സിനുവേണ്ടി പ്രവത്തിക്കാത്തതുകൊണ്ടാണു മി: രാമൻനായരെ ജോലിയിൽനിന്നു് പിരിച്ചതെന്നു പറയുമ്പോൾ മറേറതോ രാഷ്ട്രീയകക്ഷികൾക്കുവേണ്ടി പ്രവത്തിച്ചുവെന്നു് മി: രാമവമ്മ തന്നെ പരോക്ഷമായിട്ടെങ്കിലും ധ്വനിപ്പിക്കുന്നുണ്ടു്. ഗ്രന്ഥശാലാസംഘത്തിനു് രാഷ്ട്രീയമായ പ്രവത്തനങ്ങളില്ല. സംഘത്തിന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രവത്തിക്കുന്ന ശമ്പളക്കാരൻ

അദ്ദേഹം എത്ര ഉന്നതനായ സാഹിത്യകാരനാണെങ്കിലും ശരി, സംഘത്തിന്റെ ആർഗനൈസറായിത്തുടരുവാനർഹനല്ല. അതുകൊണ്ടുമാത്രം അദ്ദേഹത്തെ ജോലിയിൽനിന്നു പിരിക്കാവുന്നതാണു്. പോരെങ്കിൽ മീനച്ചിൽ താലൂക്കിലെ അധികൃതസ്വഭാവമുള്ള പ്രതിനിധികളുടേയും ഒരു വലിയ വിഭാഗം ജനങ്ങളുടേയും പ്രതിഷേധവും, അസംതൃപ്തിയും വിഗണിച്ചു് അവരുടെ ആനുകൂല്യവും സഹകരണവും നേടുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു പ്രവൎത്തകനെ അവിടെ ജോലിയിൽ തുടരുവാനനുവദിക്കുന്നതിനു് ഒരു ജനകീയസ്ഥാപനമായ ഗ്രന്ഥശാലാസംഘത്തിനു് നിൎവ്വാഹമല്ല. അതുകൊണ്ടു മാത്രമാണു് മി: രാമൻ നായരെ ജോലിയിൽനിന്നു പിരിച്ചതു്. മലയാളത്തിലെ ഏററവും പ്രശസ്തനായ ചെറുകഥാകൎത്താവിനേക്കാൾ ജനങ്ങളോടു രമ്യമായി കഴിയുവാനും മതവൎഗ്ഗരാഷ്ട്രീയപരിഗണനകൾ കൂടാതെ എല്ലാവരുടേയും ആനുകൂല്യങ്ങളും സഹകരണവും സന്മനസ്സും സമ്പാദിക്കുവാനും പ്രാപ്തിയുള്ള എളിയ സേവനസന്നദ്ധന്മാരെയാണു് ഗ്രന്ഥശാലാസംഘത്തിന്റെ സാംസ്കാരികമായ പ്രവൎത്തനങ്ങൾക്കാവശ്യമായിട്ടുള്ളതു്.

മൂന്നാമതായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലാസംഘം തെരഞ്ഞെടുപ്പുകൾ ഭരണഘടനയ്ക്കെതിരാണെന്നും ജനാധിപത്യവിരുദ്ധമാണെന്നും മി: രാമവൎമ്മ പറയുന്നു. ഈ ആരോപണംകൊണ്ടദ്ദേഹം എന്താണൎത്ഥമാക്കുന്നതെന്നു് ലേഖനത്തിന്റെ ബാക്കിഭാഗം വായിച്ചുനോക്കിയിട്ടു് മനസ്സിലാകുന്നില്ല. കരകൾതോറും ഗ്രന്ഥശാലകളും താലൂക്കുകൾതോറും അവയുടേതായ യൂണിയനുകളും അവയുടെ നിൎദ്ദേശങ്ങൾക്കൊണ്ടു പ്രവൎത്തിക്കുവാൻ ഒരു കേന്ദ്രസംഘവും ഉണ്ടായിരിക്കുക എന്നതാണു് ഗ്രന്ഥശാലകളുടെ സംഘടനാപുരോഗതിക്കുള്ള മാൎഗ്ഗമെന്നംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു് എന്നദ്ദേഹം പറയുന്നു. ആരാണംഗീകരിച്ചിട്ടുള്ളതു്. ഗ്രന്ഥശാലാസംഘത്തിന്റെ ഭരണഘടന ഞങ്ങളുടെ മുൻപിലുണ്ടു്. അതിൽ യൂണിയനെ ഒരു ഘടകമായംഗീകരിച്ചുകൊണ്ടുള്ള വ്യവസ്ഥകളോ യൂണിയന്റെ നിൎദ്ദേശങ്ങൾ കേന്ദ്രസമിതി അംഗീകരിക്കണമെന്ന നിൎദ്ദേശമോ കാണുന്നില്ല. എങ്കിലും ഗ്രന്ഥശാലാസംഘം യൂണിയനുകൾ ഉള്ളിടത്തൊക്കെ അവയെ അനൌപചാരികമായി അംഗീകരിക്കുകയും അവയുടെ നിൎദ്ദേശങ്ങൾ സ്വീകരിക്കയും ചെയ്തുവരുന്നുണ്ടു്. പക്ഷെ ഈ യൂണിയനുകൾക്കും തെരഞ്ഞെടുപ്പിനും തമ്മിലുള്ള ബന്ധമെന്താണെന്നു മനസ്സിലാകുന്നില്ല. ഗവൎമ്മെന്റുകളായാലും, പൊതുസംഘടനകളായാലും ജനകീയമാൎഗ്ഗങ്ങളുടെ 'ഹരിശ്രീ' അറിയാവുന്ന ഒരു രാജ്യത്തും കേന്ദ്രാധികാരമല്ലാതെ തിരഞ്ഞെടുപ്പുകൾ നടത്താറില്ല. ഇൻഡ്യയിൽ തിരഞ്ഞെടുപ്പിന്റെ പൂൎണ്ണമായ ഉത്തരവാദിത്വം വഹിച്ചതും അതിലേക്കാവശ്യമായ എല്ലാ അധികൃതനിൎദ്ദേശങ്ങൾ പുറപ്പെടുവിച്ചതും സെൻട്രൽഗവൎമ്മെന്റാണു്. അഖിലഭാരതവ്യാപ്തിയുള്ള ഇൻഡ്യൻനാഷണൽകോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പുവ്യവസ്ഥകൾ ഉണ്ടാകുന്നതും തിരഞ്ഞെടുപ്പു നടത്തുന്നതും കോൺഗ്രസ്സിന്റെ സെൻട്രൽ വൎക്കിംഗ് കമ്മിററിയാണു്. കമ്പനി ആക്ടനുസരിച്ചു് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പു് കേന്ദ്രനിൎവ്വാഹകസമിതിയാണു് നടത്തുന്നതു്. ഭരണഘടനയിലെ നിബന്ധനയും ലോകനടപ്പുമനുസരിച്ചു് ഗ്രന്ഥശാലാസംഘത്തിന്റെ തിരഞ്ഞെടുപ്പു നടത്തുന്നതു് സംഘനിൎവ്വാഹകസമിതിയാണു്. ഇതിലെവിടെയാണു മി: രാമ

വർമ്മ പറയുന്ന ജനാധിപത്യവൈരുദ്ധ്യം അല്ലെങ്കിൽ ഭരണഘടനാവൈരുദ്ധ്യം സ്ഥിതിചെയ്യുന്നതു്. തിരഞ്ഞെടുപ്പു നടത്തുവാനുള്ള അധികാരം ഗ്രന്ഥശാലാസംഘത്തിന്റെ ഭരണഘടനയനുസരിച്ചു് നിലനില്പുപോലുമില്ലാത്ത യൂണിയനുകൾക്കു് വിട്ടുകൊടുക്കണമെന്നാണോ മി: രാമവർമ്മ പറയുന്നതു്. അസംബന്ധങ്ങൾ പറയുന്നതിലും ഒരതിരുണ്ടായിരിക്കേണ്ടതാണു്. കേന്ദ്രസമിതിയുടെ നിർദ്ദേശങ്ങളനുസരിച്ചു് ഓരോ താലൂക്കിലുമുള്ള ഗ്രന്ഥശാലകളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സമ്മേളിച്ചു് കേന്ദ്രസമിതിയിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ എന്തനൗചിത്യമാണദ്ദേഹം കാണുന്നതെന്നു വ്യക്തമാകുന്നില്ല. അതോ കേന്ദ്ര സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പു യൂണിയനിൽനിന്നായിരിക്കണമെന്നാണോ അദ്ദേഹത്തിന്റെ വാദം? ഭരണഘടന മാററി എഴുതിയാലല്ലാതെ യൂണിയനെന്നൊരംഗീകൃതസമിതി സംഘത്തിനുണ്ടാകയില്ല. വ്യവസ്ഥാപിതമായി നിലനില്പില്ലാത്ത ഒരു സമിതി എങ്ങിനെയാണു് തിരഞ്ഞെടുപ്പു നടത്തുന്നതു്? ഭരണഘടന മാററി യൂണിയനുണ്ടാക്കിയാലും തിരഞ്ഞെടുപ്പു നടത്തുവാനുള്ള അധികാരം ജനകീയസിദ്ധാന്തങ്ങളനുസരിച്ചു് കേന്ദ്രസമിതിക്കുതന്നെ ആയിരിക്കയും ചെയ്യും. അതുപോലെ അംഗവായനശാലകളുടെ പ്രതിനിധികളെക്കൊണ്ടല്ലാതെ യൂണിയനുകൾ സംഘടിപ്പിക്കാൻ സാധ്യമല്ലാത്തതുകൊണ്ടു് ഫലത്തിൽ യൂണിയൻ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഇന്നെന്നപോലെതന്നെ അംഗഗ്രന്ഥശാലകളുടെ പ്രതിനിധികൾ തിരഞ്ഞെടുക്കുന്നവർതന്നെയായിരിക്കയും ചെയ്യും. മി: വയലാർ രാമവർമ്മയുടെ ആക്ഷേപങ്ങൾ ഭരണഘടനാപരമായ വ്യവസ്ഥകൾ അദ്ദേഹത്തിനു മനസ്സിലാകാത്തതുകൊണ്ടുണ്ടായ ചിന്താക്കുഴപ്പത്തിൽനിന്നു് ഉത്ഭവിച്ചിട്ടുള്ളവയാണു്. തെരഞ്ഞെടുപ്പു നടക്കുന്ന സ്ഥലങ്ങളിൽ ഗ്രാൻറിന്റെ പണസഞ്ചിയുമായി ഗ്രഡേഷൻ കമ്മിററിയും ജനറൽസെക്രട്ടറിയും ചെന്നിരിക്കാറുണ്ടെന്നദ്ദേഹം പുച്ഛിക്കുന്നു. ഈ രാജ്യത്തെ സാംസ്കാരികപ്രവർത്തനങ്ങളുടെ പ്രവാചകനായ അദ്ദേഹം പുച്ഛിക്കുന്നതു് ഗ്രന്ഥശാലകളെയാണു്. കന്യാകുമാരിമുതൽ വടക്കൻചിറവൂർ വരെയുള്ള രണ്ടായിരത്തോളം വായനശാലകൾ ഗ്രാൻറു് കിട്ടിയില്ലെങ്കിലോ എന്ന ഭയന്നു് സെക്രട്ടറിയുടേയും ഗ്രഡേഷൻകമ്മിററിയുടേയും സാന്നിദ്ധ്യത്തിൽ അസ്തപ്രജ്ഞരായി പഴയ അംഗങ്ങളെത്തന്നെ വീണ്ടും "കുടിയിരുത്തുന്നു" എന്നാണദ്ദേഹത്തിന്റെ ആക്ഷേപം. ഇതിനുള്ള മറുപടി രണ്ടായിരം ഗ്രന്ഥശാലകൾ പറഞ്ഞുകൊള്ളട്ടെ! പക്ഷേ മി: രാമവർമ്മക്കു് ഈ രാജ്യത്തെ ഗ്രന്ഥശാലകളെപ്പററിയോ സഹസ്രക്കണക്കിനുള്ള അവയുടെ പ്രവർത്തകന്മാരെപ്പററിയോ യാതൊന്നുംതന്നെ അറിഞ്ഞുകൂടെന്നു മാത്രമേ ഇതു തെളിയിക്കുന്നുള്ളൂ. ഗ്രാൻറുമടിശ്ശീലയില്ലാത്തതുകൊണ്ടു് സ്വകാര്യമടിശ്ശീല ഉപയോഗിച്ചാണോ അദ്ദേഹം ഈ രാജ്യത്തെ ഗ്രന്ഥശാലകളിൽ ഒന്നിൽ കയറി ഇറങ്ങി അതിന്റെ പ്രാതിനിധ്യം സമ്പാദിച്ചതെന്നു വിനയപൂർവ്വം ചോദിച്ചുകൊള്ളട്ടെ!

ഗ്രന്ഥശാലാസംഘം സെക്രട്ടറി പലപ്പോഴും ഗ്രന്ഥശാലകളുടെ ആവശ്യമനുസരിച്ചു് ഇമ്മാതിരി തിരഞ്ഞെടുപ്പുയോഗങ്ങളിൽ സന്ധിക്കാറുണ്ടു്. അതുപോലെതന്നെ വല്ല തിരഞ്ഞെടുപ്പുയോഗത്തിലും യാദൃച്ഛികമായിട്ടാണെങ്കിലും ഗ്രഡേഷൻകമ്മിററി സന്നിഹിതരായിട്ടുണ്ടോ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഏതായാലും ഗ്രഡേഷൻകമ്മിററി ഗ്രന്ഥശാലാസംഘത്തിന്റെ നിയന്ത്ര

ണത്തിലല്ല. ആ കമ്മിററിയെ ഗവർമ്മെൻറ് നേരിട്ട് നിയമിക്കയാണു് പതിവു്. ആ കമ്മിററിയുടെ ശുപാർശകളിൽ യാതൊരു സ്വാധീനശക്തി ചെലുത്തുവാനും ഗ്രന്ഥശാലാസംഘത്തിനു കഴിവില്ല. പ്രസ്തുത കമ്മിററിയെ സംഘത്തിന്റെ തിരഞ്ഞെടുപ്പുകളോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആരോപണം അപകീർത്തികരമാണു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ബഹുശതഗ്രന്ഥശാലകളുടേയും അതിന്റെ പ്രവർത്തകന്മാരുടേയും ആത്മാഭിമാനത്തേയും സ്വാതന്ത്ര്യബോധത്തേയും വിലമതിക്കുവാനും ആദരിക്കുവാനും കഴിവില്ലാത്ത ഒരാളിൽനിന്നുമാത്രമേ ഇത്തരം വിമർശനങ്ങളുണ്ടാകുവാനിടയുള്ളു.

ഗ്രന്ഥശാലാസംഘം ഒരു സർക്കാർ സംഘടനയാണെന്നും ഗ്രാൻറുവിതരണം ഒരു കയ്ക്കൂലിയാണെന്നുമൊക്കെയാണ് മി. രാമവർമ്മയുടെ മററു് ആക്ഷേപങ്ങൾ. ഗ്രന്ഥശാലാസംഘത്തിനും ഈ രാജ്യത്തെ ആയിരത്തോളം ഗ്രന്ഥശാലകൾക്കും ഗവർമ്മെൻറിൽനിന്നു് ഗ്രാൻറു ലഭിക്കുന്നുണ്ടെന്നുള്ളതു് ശരിയാണു്. അങ്ങിനെ ലഭിക്കുന്ന ഗ്രാൻറു് ആരും ആർക്കും സൌജന്യമായി നൽകുന്നതല്ല. പിന്നേയോ ആ സ്ഥാപനങ്ങൾ നടത്തുന്ന ജനസേവനപരമായ പ്രവർത്തനങ്ങൾക്കു് ഗവർമ്മെൻറു് നൽകുന്ന ഒരെളിയ സഹായം മാത്രമാണു്. ഗവർമ്മെൻറിൽനിന്നും ലഭിക്കുന്ന പണം ഈ ഗ്രന്ഥശാലകളും സംഘവും പൊതുജനങ്ങളിൽനിന്നു പിരിച്ചെടുത്തു് വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രതിവർഷം ചെലവഴിക്കുന്ന സംഖ്യയുടെ ഒരു തുച്ഛമായ ശതമാനം മാത്രമേ വരുന്നുള്ളു. ഗവർമ്മെൻറു് പണച്ചാക്കുകളുമായി ഗ്രന്ഥശാലകളെ സമീപിക്കയല്ല ചെയ്യുന്നതു്; പിന്നെയോ ഗ്രന്ഥശാലാസംഘം നിരന്തരമായി നിവേദനങ്ങൾ നടത്തിയും ഗവർമ്മെൻറിനെ ഞെരുക്കിയും ഗ്രന്ഥശാലകൾക്കുവേണ്ടി വളരെ വിഷമിപ്പിച്ചനുവദിപ്പിക്കുന്ന തുകകളാണിവ. ഒരു അഞ്ചുവർഷത്തിനുമുൻപു് 3000 രൂപയായിരുന്ന ഗ്രാൻറുതുക ഇന്നു് ഒരു ലക്ഷത്തിലധികമായി വർദ്ധിച്ചിട്ടുണ്ടു്. ഇതു ഗ്രന്ഥശാലാസംഘം പ്രവർത്തനങ്ങളുടെ നേട്ടമാണു്. സർക്കാരിൽനിന്നും ലഭിക്കുന്ന പണം മി. രാമവർമ്മ പറയുന്നതുപോലെ കയ്ക്കൂലിയാണെങ്കിൽ അതുവേണ്ടെന്നു വയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഗ്രന്ഥശാലകൾക്കുണ്ടു്. സർക്കാർ സംഘടനയെന്നും മററും മി. രാമവർമ്മ പറയുമ്പോൾ അദ്ദേഹം ഇപ്പോഴും പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിൽ കഴിഞ്ഞുകൂടുന്ന ഒരു പഴമക്കാരനാണെന്ന പ്രതീതി മാത്രമേ ഞങ്ങൾക്കുണ്ടാകുന്നുള്ളു. ഇന്നത്തെ ഗവണ്മെൻറു് ജനങ്ങളുടെ ഗവണ്മെൻറാണു്. ആ ഗവണ്മെൻറിനെപ്പററി ഞങ്ങൾക്കവജ്ഞയില്ല. അതിനോടു സഹകരിക്കുവാനും ഞങ്ങൾക്കു വൈമനസ്യമില്ല. ഗ്രന്ഥശാലാസംഘം കസേരകളിൽ വളരെ ആകർഷകമായി ഒന്നുംതന്നെയില്ല. ആരും അതിലുറച്ചിരിക്കുവാനാഗ്രഹിക്കുന്നുമില്ല. ജനകീയസിദ്ധാന്തങ്ങളനുസരിച്ചു് പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനത്തിന്റെ കസേരകളെന്ന നിലയിൽ അവ ആർക്കും അവകാശപ്പെടാവുന്നവയാണു്. മി. രാമവർമ്മയ്ക്കും ആ കസേരകളിലൊന്നു് അവകാശപ്പെടാം. പക്ഷേ അതിനുമുൻപ് ഗ്രന്ഥശാലകളുടെ സമ്മതി നേടേണ്ടതുണ്ടു്. അതു പണച്ചാക്കുകൾകൊണ്ടോ, ശകാരംനിറഞ്ഞ ലേഖനങ്ങളെഴുതിയതുകൊണ്ടോ നിരുത്തരവാദപരമായ ആരോപണങ്ങൾ പുറപ്പെടുവിച്ചോ അസത്യപ്രചരണംകൊണ്ടോ അജ്ഞതയുടെ പ്രകടനംകൊണ്ടോ സാധ്യമല്ലെന്നു അനുഭവംമൂലമെങ്കിലും അദ്ദേഹത്തിനു ബോദ്ധ്യമാകേണ്ടതുണ്ടു്.

കവിത

# അരുണോദയമായി

—ലളിതാംബിക അന്തർജ്ജനം—

പൂർവ്വദിങ്മുഖം തുടുത്താകവേ പുതിയൊരു
പൂവിതൾപോലേ—തെല്ലുനിവർത്തി കവിയപ്പോൾ.
പൂവിതളെന്നോ?–നോക്കിത്തിരുത്തി, പുതുചോര
തൂവിയ കളംപോലെ കാണുന്നു ദിശാമുഖം.
മന്ദമായ് വീശീ കുളിർതെന്നൽ, അല്ലല്ലാ, ഘോര-
ചണ്ഡമാരുതൻ ഞെട്ടിയുണർന്നു ചുഴലവും.
പുഞ്ചിരിപ്പീലാ പൂക്കൾ; അമ്പരന്നൊങ്ങുംനിർത്തീ
പൈങ്കിളിക്കൂട്ടം സാന്ദ്രസംഗീതസുധാരസം.

ഗന്ധകപ്പുകമൂടി മങ്ങിയ വാനിൽ സൂര്യ-
ബിംബമിന്നൊരുവെടിയുണ്ടപോൽ ചീറിപ്പൊങ്ങി.
പൂർവ്വസങ്കേതങ്ങളിലൂടെയിപ്രഭാതത്തിൻ—
പൂമ്പുകൾ വർണ്ണിക്കുവാനിരുന്ന കവിയ്ക്കിപ്പോൾ,
പുളകാങ്കുരമില്ല കവിളിൽ, കണ്ണിൽകാണ്മീ-
ലരുണപ്രഭ, യാത്മഹർഷത്തിൻ സ്പന്ദം മന്ദം.
കടലാസിനോടൊപ്പം വിളറിത്തളർന്നൊരാ-
ക്കവിഭാവനയിളംതൂവൽപോൽ വിറകൊൾകെ,
അകലെക്കേൾക്കായശരീരിയായാപന്മേഘ-
പടലംപിളർന്നൊരു ശാന്തിസന്ദേശം മുറവം.
നനമണ്ണിൽനിന്നൊരു ഗദ്ഗദം–ഒരുതുള്ളി
മഷിയെങ്ങോ, ഒരുതുള്ളിമഷിയെങ്ങ, ഹോ! വേഗം
വെട്ടിയിട്ടാകെക്കുത്തിക്കൂട്ടിവെച്ചൊരിശ്ശപ്ത-
മർത്ത്യവർഗ്ഗത്തിൻ മുറിക്കെട്ടു പൊട്ടുന്നു വീണ്ടും.
ഈ നിണപ്രവാഹത്തെത്തടയാ, നീമാരക-
ജ്വരസംഭ്രമത്തിന്റെ മൂർച്ഛയൊന്നടക്കുവാൻ
മഷിയെങ്ങ, മുതോഗ്രവീര്യമാംമഷി, തുള്ളി
മഷിയെ, ന്നുയരുന്നു മൂകമാമാക്രന്ദനം!

ഉണർന്നു കവി ദിവാസ്വപ്നത്തിൻലഹരി വി-
ട്ടുയർന്നു ശബ്ദം, തൂവൽത്തുമ്പിതാ ചലിക്കുന്നു:
ഈ നിണപ്പുഴകളെത്തടയാനാമെന്നാലെൻ
ജീവിതരക്തം മഷിക്കടലായൊഴുക്കും ഞാൻ.

(മലക്കല)

# സുഭാഷിതവീഥി

ദന്തഹീനരുചിഭോജനം വൃഥാ
കാന്തഹീനനവയൗവനം വൃഥാ
മാതൃഹീനശിശുജീവനം വൃഥാ
രാജഹീനവിഷയം വൃഥാ വൃഥാ.

സാരം

പല്ലില്ലാത്തവന് സ്വാദുള്ള ഭക്ഷണം വെറുതേയാണ്. ഭർത്താവില്ലാത്ത സ്ത്രീയ്ക്കു നവയൗവനം നിഷ്ഫലമാണ്. അമ്മ മരിച്ചുപോയ ശിശുവിന്റെ ജീവിതം വെറുതേയാണ്. രാജാവില്ലാത്ത രാജ്യം നിഷ്ഫലംതന്നെയാണ്. (രാജാവ് എന്നുള്ളതിനു, ശരിയായ ഭരണാധികാരി എന്നർത്ഥമെടുത്താൽ ആശയം ഇക്കാലത്തേക്കും യോജിക്കും.)

അധർമ്മചാരിക്കുണ്ടാകു-
മായിരംപേർ ഗുരുക്കളായ്.
അല്ലെങ്കിലാർക്കുതാൻ വേണ-
മാലംബം താഴെ വീഴുവാൻ?

(ദീപാവലി)

സാരം

ധർമ്മം തെററി നടക്കുന്നവനെ അതിനു പ്രേരിപ്പിക്കുവാൻ ധാരാളം ആളുകൾ കാണും. അഥവാ, താഴെവീഴാൻ ആർക്കെങ്കിലും താങ്ങ് ആവശ്യമുണ്ടോ? (ആരുടേയും ഉപദേശമില്ലെങ്കിലും അധർമ്മചാരി അധഃപതിക്കുകയേ ഉള്ളൂ എന്നർത്ഥം)

ഭാഗ്യമെന്നതതിയായി വരുമ്പോ-
ളുള്ളിലുററ കനിവുള്ളവളായും,
ഘോരമാകിയ വിപത്തിലമന്ദം
പ്രീതിഭാരമിയലുന്നവളായും,
അത്രനമ്മുടെയ ഹർഷമതായോ-
രാമ്പലിന്നരിയ ചന്ദ്രികയായും,
അത്തൽവന്നിട്ടമവസ്ഥയിൽ നമ്മൾ-
ക്കാശ്വസിപ്പിന്നുതകും സഖിയായും
ലോകയാത്രയെ മനോഹരമാക്കി-
ത്തീർത്തിടുന്നൊരു മഹൗഷധമായും
മേവിടുന്ന രമണീമണിയാണി-
ബ്ഭൂവിൽ മാന്യയതിനില്ല വികല്പം.

(സുഭാഷിതരത്നാകരം—തർജ്ജമ)

സാരം

അത്യധികമായ ഭാഗ്യം വരുമ്പോൾ അഹങ്കരിക്കാതെ മനസ്സിൽ ദയയുള്ളവളായും ഭയങ്കരമായ ആപത്തു നേരിടുമ്പോഴും സന്തുഷ്ടചിത്തയായും നമ്മുടെ സന്തോഷമാകുന്ന ആമ്പലിനു പ്രിയപ്പെട്ട ചന്ദ്രികയായും ദുഃഖാനുഭവങ്ങളിൽ നമ്മെ സമാശ്വസിപ്പിക്കാൻ പോരുന്ന സഖിയായും ജീവിതയാത്രയെ സുന്ദരമാക്കുന്ന വീര്യമേറിയ മരുന്നായും ജീവിക്കുന്ന സുന്ദരീരത്നം തന്നെയാണ് ഈ ലോകത്തിൽ മാനിക്കപ്പെടേണ്ടവൾ എന്നതിനു സംശയമില്ല.

# കേരളസംസ്കാരം

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

## I

കേരളത്തിനു പ്രത്യേകമായി ഒരു സംസ്കാരമുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്താണ്? ആ സംസ്കാരം നമുക്ക് അഭിമാനിക്കത്തക്കവണ്ണം ഇന്നും നിലനില്ക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനു കാരണമെന്ത്? ഈ സ്ഥിതിവിപര്യയം എത്രത്തോളം ആശാസ്യമാണ്?—ഏതാദൃശമായ ഒരു പരമ്പരിതപ്രശ്നത്തെ ആസ്പദമാക്കിയുള്ള ഒരു ലഘുവിചിന്തനത്തിനാണ് ഇവിടെ ഒരുങ്ങുന്നത്.

സ്വകീയമായ ഒരു സവിശേഷത ലോകത്തിലെ ഓരോ ജനതയ്ക്കുമുണ്ടെന്നുള്ള വസ്തുത തർക്കമററതാണ്. ഭൂപ്രകൃതി, കാലാവസ്ഥ മുതലായ പ്രാകൃതികഭാവങ്ങളേയും, ചിരകാലപരിചയം കൊണ്ടുണ്ടാകുന്ന ആചാരമര്യാദകൾ, വിദ്യാപരിശ്രമം, ഉൽകർഷേച്ഛ മുതലായ അന്തർഭാവങ്ങളേയും അവലംബിച്ചായിരിക്കും ഈ സവിശേഷത നിലകൊള്ളുന്നത്. കേരളവും ഇതിൽനിന്നു ഭിന്നമല്ല. ഓരോ ജനതയ്ക്കുമുള്ള ഈ പ്രത്യേകതയെ അതാതിന്റെ സംസ്കാരമെന്നു സാധാരണമായി പറഞ്ഞുവരുന്നു. അപ്പോൾ, കേരളത്തിനും സ്വന്തമായ ഒരു സംസ്കാരമുണ്ടെന്നു സമ്മതിക്കണം. അതു വാസ്തവത്തിൽ മഹത്തായ ഭാരതസംസ്കാരത്തിന്റെ ഇഴകൾകൊണ്ടു നെയ്തെടുത്തതാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ ഭാരതസംസ്കാരം മാതാവും കേരളസംസ്കാരം മകളുമാണ്. അതായതു്, ഒന്നിൽനിന്ന് ഉടലെടുത്ത മറെറാന്ന്. ഭാരതത്തിലെ മററു രാജ്യങ്ങളുടെ കഥയും ഇതുതന്നെ. അവയിലെല്ലാം ഭാരതസംസ്കാരത്തിന്റെ ഛായ പകർന്നുകാണുന്നു. എന്നാൽ ഒരു കാര്യം ഓർമ്മിക്കണം. ഛായാസാമ്യമുണ്ടെങ്കിലും ഒരേ അമ്മയുടെ മക്കൾക്കു സ്വരൂപത്തിലും സ്വഭാവത്തിലും അല്പാല്പമായ അന്തരം ഇല്ലാതെ വരികയില്ല. ഈ തത്വം അനുസരിച്ചാണു കേരളത്തിനും തന്റേതായ ഒരു സംസ്കാരമുണ്ടെന്നു പറയുന്നതു്.

എന്താണ് ഈ സംസ്കാരത്തിന്റെ സ്വഭാവമെന്നു നോക്കാം. ബാഹ്യമെന്നും ആഭ്യന്തരമെന്നും വ്യവഹരിക്കാവുന്ന രണ്ടു ഘടകങ്ങളാണ് ഏതു സംസ്കാരത്തിലും അടങ്ങിയിരിക്കുന്നതു്. ഒന്നാമത്തേതു വേഷഭൂഷാദികളിലും രണ്ടാമത്തേതു്, മനോബുദ്ധിവ്യാപാരങ്ങളിലുംകൂടി പ്രകാശിക്കുന്നു. ബാഹ്യം, ആഭ്യന്തരം എന്ന ഈ രണ്ടു ഉപാധികൾ വാസ്തവത്തിൽ സംസ്കാരത്തിന്റെ രൂപഭാവങ്ങളാണെന്നു പറയാം. ജനസമുദായജീവിതത്തിനു രണ്ടും അത്യന്താപേക്ഷിതമാണ്. ഒരു ഉദാഹരണം പറയാം. ഉള്ളിൽ ധാരാളം അറിവുകൾ സംഗ്രഹിച്ചുവെച്ചിരിക്കുന്ന ഒരു പണ്ഡിതൻ ശാരീരികമായ ശുചിത്വം ദീക്ഷിക്കുന്നില്ലെങ്കിൽ അതൊരു കുറവും കുററവുമായി കലാശിക്കുകയില്ലേ? അതിനാൽ ബാഹ്യസംസ്കാരവും അനുപേക്ഷണീയമാണെന്നു വരുന്നു. പല്ലുതേച്ചു വൃത്തിയാക്കുന്നതിനു സംസ്കൃതത്തിൽ ദന്തസംസ്കാരമെന്നു പറയാറുണ്ടല്ലോ. അതുപോലെതന്നെ, തലമുടി കോതിയൊതുക്കി ഭംഗിപ്പെടുത്തുന്നതാണു കേശസംസ്കാരം. ഇങ്ങനെ നോക്കുമ്പോൾ ബാഹ്യസംസ്കാരത്തിനും സമുചിതമായ സ്ഥാനമുണ്ടെന്നു മനസ്സിലാക്കാം.

മലനാടെന്നു പ്രസിദ്ധമായ നമ്മുടെ മാതൃരാജ്യത്തെ അധിവസിക്കുന്ന ജനങ്ങൾ കഴിയുന്നത്ര കുറച്ചു വസ്ത്രം ഉപയോഗിക്കാൻ പരിശീലിച്ചിട്ടുള്ളവരാണ്. അടുത്തകാലംവരെ നമ്മുടെ സുപ്രധാനമായ ജീവിതോപായം കർഷകവൃത്തിയായിരുന്നു. ഭൂരിഭാഗം ജനങ്ങളും ഭൂമിയിൽ പണിചെയ്തുപോന്നിരുന്നതിനാൽ വേഷഭൂഷാദികളിൽ വലിയ നിഷ്കർഷ ചെലുത്തിയിരുന്നില്ല. എന്നാൽ അധ്വാനിക്കുന്ന ജനവിഭാഗത്തിനു ഒഴിച്ചുകൂടാൻ പാടില്ലാത്ത നിത്യസ്നാനം നമുക്കൊരു ശീലമായിത്തീർന്നു. തന്നിമിത്തം ശുചിത്വബോധം വർദ്ധിച്ചു. കേരളീയരുടെ ശുഭ്രവസ്ത്രധാരണം ഈ ശുചിത്വബോധത്തിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളതാണ്. മഴയുടെ സമൃദ്ധിയും പച്ചിലവളങ്ങളുടെ സൌലഭ്യവും നിമിത്തം കർഷകവൃത്തിക്കു പ്രാധാന്യമുണ്ടാവുകയും തൊട്ടുതൊട്ടു കൃഷിസ്ഥലങ്ങളും അവയുടെ മദ്ധ്യത്തിൽ വാസസ്ഥാനങ്ങളും ക്രമപ്പെടുത്തുകയും ചെയ്തു. മററു രാജ്യങ്ങളിലാണെങ്കിൽ അങ്ങിങ്ങായി കേന്ദ്രീകരിക്കപ്പെട്ട ജനനിവാസസ്ഥാനങ്ങളെ അപേക്ഷിച്ചു തരിശായി കിടക്കുന്ന മരുഭൂമിപ്രായങ്ങളായ ഭൂവിഭാഗങ്ങളാണ് അധികം കാണുക. അതിനാൽ വിദേശീയരെ കൌതുകാത്ഭുതപരതന്ത്രരാക്കുന്ന കേരളത്തിലെ ഈ കുടിപാർപ്പുസമ്പ്രദായം എത്രയോ മുമ്പുതന്നെ ഒരു കൃഷീവലസംസ്കാരമായി രൂപംകൊണ്ടിരിക്കുന്നു.

ആഭരണഭ്രമം എല്ലാ രാജ്യങ്ങളിലും ഏറെക്കുറെ കാണപ്പെടുന്നുണ്ടെങ്കിലും, സ്വർണ്ണാഭരണങ്ങളിൽ പ്രത്യേകമായ ഒരു പ്രതിപത്തി കേരളീയർ പുരാതനകാലം മുതല്ക്കേ പ്രദർശിപ്പിച്ചുപോന്നു. ഇതും രൂപസംസ്കാരത്തിൽപ്പെട്ടതാണ്. ആഭരണകൗതുകം സ്ത്രീസഹജമായ മനോവൃത്തിയാണെന്നും അന്തഃസാരശൂന്യമാണെന്നും മററും ആക്ഷേപിക്കുന്നവർ പരിഷ്കൃതരെന്നഭിമാനിക്കുന്ന പാശ്ചാത്യരുടെ അലങ്കരണാഭിരുചിയെപ്പററി ആലോചിക്കുന്നതു നന്നായിരിക്കും. പൌഡർ, ലിഫ്സ്റ്റിക്ക് മുതലായവ ഇന്നു പരിഷ്കാരത്തിൻെറ ചിഹ്നങ്ങളായിട്ടല്ലേ പരിഗണിക്കപ്പെടുക! ആഭരണങ്ങളും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ കാണപ്പെടുന്നുണ്ട്. സ്വർണ്ണച്ചങ്ങലയോടുകൂടിയ പോക്കററുവാച്ചും പലേ രൂപങ്ങളിലുള്ള റിസ്ററുവാച്ചും സമയനിർണ്ണയത്തിൻെറ പേരിൽ ശരീരമണ്ഡനമായിട്ടല്ലേ കലാശിച്ചിരിക്കുന്നതു്?

മലയാളത്തിൽ [illegible]ന്നായിട്ടുള്ള മണ്ഡനകൌതുകത്തെ സാധൂകരിക്കാൻ രണ്ടു കാരണമുണ്ട്. ആചാരമര്യാദകളേയും അനുദിനജീവിതചര്യകളേയും ആരോഗ്യരക്ഷാനിയമങ്ങളോടു പൊരുത്തപ്പെടുത്താൻ വിദഗ്ദ്ധരായിരുന്ന പ്രാചീനകേരളീയർ സ്വർണ്ണത്തിൻെറ വിലയും വീര്യവും മനസ്സിലാക്കി അതു ശരീരത്തിൽ അണിയാൻ താല്പര്യം കാണിക്കയാണുണ്ടായതു്. മോതിരമണിഞ്ഞ കൈവിരലുകൾകൊണ്ടു ഉരുളയുരുട്ടി ഉണ്ണുമ്പോൾ സ്വർണ്ണത്തിൻെറ അംശം അല്പാല്പമായിട്ടെങ്കിലും ഉള്ളിൽ ചെല്ലാനിടയുണ്ടെന്ന കാര്യം ഓർമ്മിക്കുക. പോരെങ്കിൽ സ്വർണ്ണം ഐശ്വര്യസൂചകവുമാണ്. രണ്ടാമത്തെ കാരണം, സ്വർണ്ണം ആപത്തിൽ ഉപകരിക്കുന്ന ഒരു കരുതൽധനമായിരിക്കുമെന്നുള്ള അനുഭവബോധമാണ്.

ചന്ദനം, ഭസ്മം എന്നിവ ധരിക്കുന്നതിൻെറയും അടിസ്ഥാനം ആരോഗ്യപരിപാലനമാണെന്നു കാണാം.

വീട്ടുമുററത്തു തുളസി തുടങ്ങിയുള്ള ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുന്ന പതിവു് പുരാതനകാലം തൊട്ടു മലയാളത്തിൽകണ്ടുവരുന്നുണ്ടു്. ഇതു മതപരമായ ഒരു ചടങ്ങാണെന്നാണു പലരും ധരിച്ചുവെച്ചിട്ടുള്ളതു്. ഈ ചെടികൾ വാസ്തവത്തിൽ സിദ്ധൌഷധങ്ങളാണെന്നുള്ള പരമാർത്ഥം ഇന്നു പാശ്ചാത്യർപോലും മനസ്സിലാക്കി അതിനെക്കുറിച്ചു് ഉൽഘോഷണങ്ങൾ ആരംഭിച്ചിട്ടുണ്ടു്. അപ്പോഴാണു നമ്മുടെ പൂർവ്വികരുടെ ആയുർവേദപരിചയവും ബുദ്ധിസാമർത്ഥ്യവും എത്രമാത്രമെന്നു നമുക്കൊരു ധാരണ ഉണ്ടായിത്തുടങ്ങിയതു്. മുമ്പു പറഞ്ഞതുപോലെ ആരോഗ്യപരിപാലനത്തിനുള്ള ഉപായങ്ങളെ മതത്തോടും തദ്വാരാ ജീവിതത്തോടും അനുരഞ്ജിപ്പിക്കയെന്നതു യഥാർത്ഥത്തിൽ ശാസ്ത്രീയസംസ്കാരംതന്നെയാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ആഹാരവിഷയത്തിലും ചില പ്രത്യേകതകൾ നമുക്കുണ്ടു്. ഇലക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും ഇവിടെ പ്രാമാണ്യം സിദ്ധിച്ചതു് അവ ധാരാളം ലഭിക്കുന്നു എന്നുള്ളതുകൊണ്ടായിരിക്കാം. ശരീരപുഷ്ടിയ്ക്കും ആരോഗ്യത്തിനും അത്യന്താപേക്ഷിതമായ ജീവകങ്ങൾ അവയിലടങ്ങിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. മലയാളത്തിലെ കഞ്ഞി പ്രസിദ്ധമാണല്ലോ. ശരീരക്ഷീണം പരിഹരിക്കുന്നതിനു കഞ്ഞിയ്ക്കു ശക്തിയുണ്ടെന്നു് അനുഭവത്തിൽനിന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്. മലയാളത്തിൽ വന്നു വളരെക്കാലം ജീവിച്ച ചോളദേശീയനായ ഉദ്ദണ്ഡശാസ്ത്രികൾ എന്ന മഹാപണ്ഡിതൻ കഞ്ഞിയെപ്പററി പ്രശംസാരൂപത്തിൽ ഒരു പദ്യമെഴുതിയിട്ടുണ്ടു്.

"അംഗജതാപനിഹന്ത്രീ
സമുചിതലാവണ്യസമ്പദാമധുരാ
അധരാമൃതോപദംശാ
ശ്രാണാ ശോണാധരീവ രമണീയാ."

(ശ്രാണാ) (കഞ്ഞി) ശോണാധരി (സുന്ദരി)യെപ്പോലെ രമണീയ (ആനന്ദിപ്പിക്കുന്നവൾ)യാണെന്നാണു് ഇതിൽ സമർത്ഥിച്ചിരിക്കുന്നതു്. എങ്ങനെ? അംഗജതാപനിഹന്ത്രിയും, സമുചിതലാവണ്യസമ്പത്തിനാൽ ആമധുരായും അധരാമൃതോപദംശയുമാകയാൽ. അതായതു ശോണാധരി, അംഗജതാപത്തെ (കാമവേദനയെ) നിഹനിക്കുന്നവളും ഇണങ്ങിച്ചേർന്ന ലാവണ്യസമ്പത്തോടു (സൗന്ദര്യം) കൂടിയവളും അധരാമൃതമാകുന്ന ഉപദംശത്തോടുകൂടിയവളുമാണു് – ശ്രാണയോ? അംഗജതാപത്തെ (ശരീരത്തിലുണ്ടാകുന്ന ചൂടിനെ) (ദേഹക്ഷീണം) ശമിപ്പിക്കുന്നതും, ലാവണ്യം (ഉപ്പു്) ഇണങ്ങിച്ചേർന്നതും മധുരമുള്ളതും, അമൃതിനെ തരം താഴ്ത്തിയ കറികളോടുകൂടിയതുമാണു്.

നല്ല കറികൾകൂട്ടി കഞ്ഞികുടിച്ചാലുള്ള സൌഖ്യം ഇങ്ങനെ വർണ്ണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇന്നു നമ്മൾ കഞ്ഞിയുടെ സ്ഥാനത്തു കാപ്പിയെ പ്രതിഷ്ഠിച്ചിരിക്കുന്ന പരിഷ്കാരികളായിത്തീർന്നുപോയി!

ഇനി ആഭ്യന്തരസംസ്കാരത്തിലേയ്ക്കു കടക്കാം. മനസ്സിന്റേയും ബുദ്ധിയുടേയും സർവ്വോപരി ആത്മാവിന്റേയും വ്യാപാരത്താലുണ്ടാകുന്ന സമ്പത്തിനെയാണു ആഭ്യന്തരസംസ്കാരമെന്നു പറയുന്നതെന്നു കാലേ ചൂണ്ടിക്കാണിച്ചു. സത്യസൗന്ദര്യങ്ങളെ പ്രകാശിപ്പിക്കുന്ന കലാവിദ്യകളിലും, പ്രജ്ഞാവിശേഷങ്ങളെ പ്രദർശിപ്പിക്കുന്ന ശാസ്ത്രങ്ങളിലും കേരളീയർ ആരുടേയും പിന്നണിയിലായിരുന്നില്ല. ഈ വിഷയത്തിൽ നമുക്കു് അഭിമാനിക്കാവുന്ന ഒരു ദ്രാവിഡസംസ്കാരംതന്നെ പ്രാചീന

കാലത്തു പ്രചരിച്ചിരുന്നു. നമ്പൂതിരിബ്രാഹ്മണരുടെ ആധിപത്യം സ്ഥാപിതമായതോടുകൂടി ആര്യസംസ്കാരത്തിന്റെ കതിരുകളും നിരന്നു തുടങ്ങി. അങ്ങനെ, ഋഷിനിർമ്മിതങ്ങളായ വേദോപനിഷൽഗ്രന്ഥങ്ങളിലെ തത്വങ്ങൾ നമുക്കു പരിചിതങ്ങളായി. അവയെ വിദഗ്ദ്ധമായി വ്യാഖ്യാനിക്കാനുള്ള പാടവംപോലും പ്രാചീനകേരളീയക്കുണ്ടായിരുന്നു എന്നതിനു ശ്രീ ശങ്കരൻ ഉൽകൃഷ്ടോദാഹരണമാണു്. ഭാരതത്തിന്നാകമാനം എന്നല്ല, ലോകത്തിനു പൊതുവേ തന്നെയും മാർഗ്ഗദർശനം ചെയ്യാൻ കെല്പുണ്ടായിരുന്ന പ്രതിഭാശാലികളുടെ നാടാണു കേരളം. സംസ്കൃതഭാഷയ്ക്കു മഹത്തരമായ സംഭാവനകൾ നൽകുന്നതിനു കേരളത്തിനു സാധിച്ചിട്ടുണ്ടു്. തത്വശാസ്ത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല, തർക്കം, വ്യാകരണം, ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിലും, ആയുർവ്വേദം, ധനുർവ്വേദം, ശില്പം മുതലായ ഉപവേദങ്ങളിലും കേരളീയരുടെ ബുദ്ധിശക്തി നിപുണമായി വ്യാപരിക്കാതിരുന്നിട്ടില്ല. ആയുർവേദത്തിന്റെ കഥ പ്രത്യേകം എടുത്തുപറയാനുള്ളതാണു്. കേരളത്തിലെ സവിശേഷമായ ചികിത്സാസമ്പ്രദായം എന്ന പേരിലാണു് അന്യനാടുകളിൽ ആയുർവ്വേദം അറിയപ്പെടുക. അത്രമാത്രം ആയുർവ്വേദത്തെ സ്വായത്തീകരിക്കുവാൻ നമ്മുടെ രാജ്യത്തിനു കഴിഞ്ഞിട്ടുണ്ടു്.

ലളിതകലകൾ എന്നറിയപ്പെടുന്ന സാഹിത്യസംഗീതാദികളിലും മലയാളികളുടെ നേട്ടം അത്ഭുതകരവും അസൂയാവഹവുമായിരുന്നു. കാവ്യനാടകാദികളിലും, ചിത്രരഞ്ജനം, വിഗ്രഹനിർമ്മാണം തുടങ്ങിയ കലാവിഭാഗങ്ങളിലും പ്രശസ്തി സമ്പാദിച്ചിട്ടുള്ള കേരളീയരുടെ സംഖ്യ ഒട്ടും കുറവല്ല. കഥകളി എന്ന ദൃശ്യകാവ്യപ്രസ്ഥാനം മലയാളദേശത്തിന്റെ പ്രസിദ്ധിയെ ഇന്നു ലോകംമുഴുവനും വ്യാപിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

ആചാരമര്യാദകളുടെ കാര്യത്തിലും കേരളത്തിൽ സ്വകീയമായ ഒരു സംസ്കാരം നിലനിന്നിരുന്നു. ഓണം, വിഷു, തിരുവാതിര മുതലായ ദേശീയോത്സവങ്ങൾ ഇക്കൂട്ടത്തിൽ പെട്ടവയാണു്. പണ്ടത്തെ കരയോഗങ്ങളും പടയണികളും ഉത്സവങ്ങളും, സമുദായജീവിതത്തിന്റെ ഉത്സാഹപ്രസരങ്ങളായിരുന്നു എന്നു സമ്മതിച്ചേതീരു. നാട്ടിന്റെ നാനാഭാഗങ്ങളിലും ഉയർന്നുനിന്നിരുന്ന ഛായാവൃക്ഷങ്ങളും വഴിയമ്പലങ്ങളും തണ്ണീർപ്പന്തലുകളും ചുമടുതാങ്ങികളും നമ്മുടെ ദീനജനാനുകമ്പയ്ക്കും ഔദാര്യത്തിനും സാക്ഷ്യംവഹിക്കുന്ന വസ്തുതകളല്ലേ? കേരളീയരുടെ അതിഥിസൽകാരതൽപരത കേളികേട്ടതാണു താനും. ഇതെല്ലാം, വിദ്യാപരിശ്രമവും ഉൽകർഷേച്ഛയും ധാർമ്മികമൂല്യങ്ങളിൽ വിശ്വാസവുമുള്ള ഉദ്ബുദ്ധമായ ഒരു ജനസമൂഹത്തിന്റെ ആഭ്യന്തരസംസ്കാരവിശേഷത്തെ കുറിക്കുന്നു.

# സാഹിത്യാഭിവൃദ്ധിയും ഗ്രന്ഥശാലകളും

പണ്ഡിതർ കെ. വാസുദേവൻ മൂസ്സതു്

ഞാൻ സാഹിത്യത്തിൽ എളിയ സേവനം ചെയ്യാൻ തുടങ്ങിയിട്ടു സുമാറു നാല്പതു കൊല്ലമായി. അന്നത്തേതിൽനിന്ന് ഇന്നു സാഹിത്യത്തിൽ വന്നുചേൎന്നിട്ടുള്ള പരിവർത്തനം വാചാമഗോചരമാകുന്നു. അക്കാലത്തു സാഹിത്യകാരന്മാർ വളരെ കുറവായിരുന്നു. കുറെ രാജാക്കന്മാർ, അല്പം ചില നമ്പൂതിരിമാർ, ഏതാനും ചില ഇതര വിദ്വാന്മാർ—ഇത്രയു കൊണ്ടു് അന്നത്തെ സാഹിത്യലോകം അവസിതമായിരുന്നു. ഒരു കവിയേയോ പണ്ഡിതനേയോ കാണുന്നതിന്നും, ഒരു സാഹിത്യപുസ്തകം വായിപ്പാൻ കിട്ടുന്നതിന്നും, ഒരു വിദ്വത്സഭയിൽ സംബന്ധിയ്ക്കുന്നതിന്നും അന്നു വളരെ പ്രയാസമായിരുന്നു. മാമൂലുകളും ജാതിവൃത്തിമര്യാദകളും നാട്ടിലെന്നപോലെ സാഹിത്യത്തിലും അധികാരം നടത്തിയിരുന്ന കാലമായിരുന്നു അതു്. ആ സ്ഥിതിയിൽനിന്നു പടിപ്പടിയായി പല പരിണാമങ്ങളും വന്നു് ഇന്നു സാഹിത്യം എത്തിച്ചേൎന്നിട്ടുള്ളതു് എത്രയോ വിശാലവും സാർവ്വജനീനവും സ്വാതന്ത്ര്യസുന്ദരവുമായ ഒരു ലോകത്തിലാണു്. ഇന്നു വിദ്വാന്മാരും, കവികളും, പ്രാസംഗികന്മാരും എണ്ണത്തിലും വണ്ണത്തിലും വൎദ്ധിച്ചിരിയ്ക്കുന്നു. പുസ്തകങ്ങളിൽ മറഞ്ഞുകിടന്നിരുന്ന സാഹിത്യം പത്രങ്ങളിലും മാസികകളിലും കയറി വിദൂരസ്ഥലങ്ങളിലേയ്ക്കു് ഓടിയെത്തുകയും, നഗരപ്രദേശങ്ങളിലുള്ള പ്രസംഗമണ്ഡപങ്ങളിൽനിന്നു് അന്തരീക്ഷത്തിൽ മുഴങ്ങുകയും, റേഡിയോവഴിയായി ശബ്ദതരംഗങ്ങളിൽ കലൎന്നു ദേശാന്തരങ്ങളിലേയ്ക്കു പ്രവഹിയ്ക്കുകയും ചെയ്യുന്നതിന്നു് ഇന്നു കഴിവുണ്ടായിട്ടുണ്ടു്. അന്നത്തെ ജനങ്ങൾക്കു സ്വപ്നം കാണുവാൻകൂടി കഴിയാത്തത്ര മഹത്തായ ഒരഭിവൃദ്ധിയാണു് ഇന്നു സാഹിത്യത്തിനുണ്ടായിട്ടുള്ളതു്.

## സാഹിത്യം ജനതയുടെ പിന്നിൽ

മലയാളസാഹിത്യത്തിന്റെ ചരിത്രം സൂക്ഷ്മമായി പഠിക്കുന്നവൎക്കു് അതു് ഏതു കാലത്തും ജനതയുടെ പിന്നാലെയാണു നടന്നിട്ടുള്ളതെന്നു കാണുവാൻ കഴിയും. കേരളം ദ്രാവിഡരായ പെരുമാക്കന്മാരുടെ ആധിപത്യത്തിലിരുന്ന കാലത്തു മലയാളം തമിഴുമായി സമ്പൎക്കം ചെയ്തു് ആ ഭാഷയുടെ ഒരു സോദരിയെപ്പോലെ പെരുമാറി. ദേശപ്രമാണികളായിരുന്ന ബ്രാഹ്മണരുടെ അഭിമാനം തലപൊക്കുകയും ദ്രാവിഡാധിപത്യം തേഞ്ഞുമാഞ്ഞു ശിഥിലീഭവിയ്ക്കുവാൻ തുടങ്ങുകയും ചെയ്ത കാലത്തു സംസ്കൃതഭാഷ മലയാളഭാഷയുടെ മേൽ ചെങ്കോൽ ചെലുത്തുവാൻ തുടങ്ങി. മലയാളഭാഷ "സംസ്കൃതഹിമഗിരിഗളിതയോ", അതോ "ദ്രാവിഡഹിമഗിരിഗളിതയോ" എന്നു പണ്ഡിതന്മാൎക്കു സംശയം തോന്നാവുന്ന ഒരു നിലയാണു് അന്നുണ്ടായതു്. ദ്രാവിഡഭാഷയുടേയും സംസ്കൃതഭാഷയുടേയും സമ്പൎക്കത്താൽ അലങ്കോലപ്പെട്ട ആ അവസ്ഥയിൽനിന്നു വീണ്ടെടുത്തു മലയാളഭാഷയെ അതിന്റെ തനിനിറത്തോടുകൂടി കാണിയ്ക്കുവാൻ തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായവർ പരിശ്രമിച്ചപ്പോഴും ജനതയുടെ മനോഗതി കുറെ മാറിയിരുന്നു. അന്നത്തെ ജനസമുദായത്തിൽ രൂഢമൂലമായി കിടന്നിരുന്ന ആഢ്യമ്മ

ത്മികബുദ്ധിയുടേയും മതബോധത്തിന്റേയും "കാൽനഖേന്ദുമരീചി"കളെ നോക്കിക്കൊണ്ടായിരുന്ന അക്കാലത്തെ സാഹിത്യം പുരോഗമിച്ചതു്. എന്നാൽ കുളിച്ചു ശുദ്ധമായി വായിക്കത്തക്ക കുറെ ഭക്തിമാർഗ്ഗഗ്രന്ഥങ്ങളും, മൃഷ്ടാഷ്ടി കഴിഞ്ഞു വെടിപറഞ്ഞിരിക്കുമ്പോൾ വായിച്ചു സമയം പോക്കുന്നതിനുള്ള കുറെ കവിതാപുസ്തകങ്ങളും മാത്രമല്ലാതെ മനുഷ്യന്റെ ബുദ്ധിവികാസത്തിനും, സ്വാഭാവികമായ ജിജ്ഞാസയ്ക്കു പരിഹാരം നൽകുവാനും, ജ്ഞാനതൃഷ്ണയെ ശമിപ്പിയ്ക്കുവാനും ഉതകുന്ന ഗ്രന്ഥങ്ങൾ അന്നത്തെ സാഹിത്യത്തിൽ അധികമുണ്ടായിട്ടില്ല.

കാലം കുറേക്കൂടി മുന്നോട്ടു നീങ്ങിയപ്പോൾ കേരളത്തിൽ പരസ്പരച്ഛിദ്രവും വർഗ്ഗവിദ്വേഷവും വർദ്ധിച്ചുവരികയും, തൽഫലമായി ദ്വീപാന്തരത്തിൽനിന്നു വന്ന ആംഗലേയരുടെ അധികാരത്തിൽ കേരളം നിപതിയ്ക്കുകയും ചെയ്തു. ഈ വിദേശാധിപത്യം വിദ്യാഭ്യാസത്തിൽ ഒരു സമൂലപരിവർത്തനം വരുത്തി. അതോടുകൂടി മലയാളിയുടെ വിചാരം മാറി, ആചാരം മാറി, വേഷം മാറി, ഭൂഷണവും മാറി. ജനസമുദായത്തിൽ വന്ന ഈ മാററം സാഹിത്യത്തിലും സ്ഥാനം പിടിച്ചു. ഇംഗ്ലീഷിൽനിന്നും മററും ചില വിശിഷ്ടഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തുകയും മലയാളസാഹിത്യത്തിൽ പാശ്ചാത്യാശയങ്ങൾ ധാരാളം സംക്രമിയ്ക്കുകയും ചെയ്തു. അതോടുകൂടി മലയാളത്തിന്റെ സ്വതന്ത്രപദവിയെക്കുറിച്ചു് ഒരവജ്ഞയും, പാശ്ചാത്യഭാഷകളേയും പാശ്ചാത്യസാഹിത്യത്തേയുംപററി എന്തെന്നില്ലാത്ത ഒരു ബഹുമാനവും ജനതയുടേയും സാഹിത്യകാരന്മാരുടേയും ഇടയിൽ വർദ്ധിച്ചുവശായി.

വിദേശഭരണത്തിന്റെ ആ ബന്ധനത്തിൽനിന്നു് അടുത്തകാലത്തു കേരളം സ്വാതന്ത്ര്യം സമ്പാദിച്ചുവല്ലോ. സ്വാതന്ത്ര്യലാഭത്തോടുകൂടി വിദേശീയഹസ്തത്തിൽനിന്നു ഭരണം ജനകീയഹസ്തത്തിലേയ്ക്കു സംക്രമിച്ചു. അപ്പോൾ സാഹിത്യവും ജനകീയമാകുവാൻ തുടങ്ങി. ഇന്നു് ആ ജനകീയത പരമമായ പ്രാപ്യസ്ഥാനത്തിൽ എത്തിക്കഴിഞ്ഞിട്ടില്ല. ഏതു വഴിയ്ക്കു പോയാലാണു് അവിടെ ചെന്നെത്തുവാൻ കഴിയുകയെന്ന പരീക്ഷണമാണു് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. ആശയങ്ങളിലും പ്രവർത്തനപദ്ധതികളിലും പരസ്പരം വ്യത്യാസപ്പെട്ട പല കക്ഷിക്കാരും ഇന്നു ജനസമുദായത്തിൽ ഉണ്ടായിട്ടുണ്ടു്. അവർ കക്ഷിഭേദം പുരസ്കരിച്ചു വേർതിരിഞ്ഞു നിന്നുകൊണ്ടു് പ്രവർത്തിച്ചുവരുന്നു. ഓരോ കക്ഷിയിലും അല്ലാല്ലം വ്യത്യാസത്തോടുകൂടിയ ഉൾപ്പിരിവുകളും ഇല്ലായ്കയില്ല. ഈ കക്ഷിഭേദവും കക്ഷികൾക്കുള്ളിൽ കക്ഷിഭേദവും സാഹിത്യത്തിലും സ്ഥാനം പിടിച്ചിട്ടുണ്ടു്. എല്ലാ കക്ഷികളുടേയും ഉദ്ദേശം സാഹിത്യത്തിന്റെ പുരോഗതിയാണു്. ആശയിലും ആശയത്തിലും പ്രവൃത്തിയിലും മാത്രമേ മാററമുള്ളു. അവരവരുടെ ആശയങ്ങളേയും സിദ്ധാന്തങ്ങളേയും ജനതാമദ്ധ്യത്തിൽ കൂടുതൽ പ്രചരിപ്പിയ്ക്കുവാൻ കഴിവുള്ള കക്ഷിക്കാർ സമുദായത്തിലെന്നപോലെ സാഹിത്യത്തിലും പ്രാധാന്യവും വിജയവുംനേടുന്നുണ്ടു്. രാജാക്കന്മാരുടേയും ബ്രാഹ്മണരുടേയും പ്രഭുക്കന്മാരുടേയും ഇടുങ്ങിയ ഗൃഹഭിത്തികൾക്കുള്ളിൽ കിടന്നു "ശുദ്ധരിൽ ശുദ്ധ"നായി ജീവിതം നയിച്ചിരുന്ന സാഹിത്യം, ആ വക ഭിത്തികളെല്ലാം തട്ടിത്തകർത്തു പുറത്തു കടന്നു വിശാലമായ ലോകത്തെ വീക്ഷിയ്ക്കുവാൻ തുടങ്ങിയിട്ടുള്ളതു ദേശചരിത്രത്തിലെന്നപോലെ സാഹിത്യചരിത്രത്തിലും ഒരു പുതിയ അദ്ധ്യായ

സൃഷ്ടിച്ചിരിയ്ക്കുന്നു. ഈ അദ്ധ്യായത്തിൽ അതിമഹത്തായ പല സംഭവപരമ്പരകളും ഉണ്ടാകുമെന്നു തീർച്ചയായും പ്രതീക്ഷിയ്ക്കാം.

## സാഹിത്യകാരന്റെ ജീവിതം

മലയാളസാഹിത്യത്തിൽ വന്ന പരിണാമം സാഹിത്യകാരന്മാരുടെ ജീവിതത്തേയും സാരമായി ബാധിച്ചിട്ടുണ്ടു്. മാനവിക്രമരാജന്റെ പതിനെട്ടരക്കവികളും ഉത്തമസംഭാവനയും മററും ഇന്നു വെറും പഴങ്കഥകളായിത്തീർന്നിരിയ്ക്കുന്നു. രാജാക്കന്മാരുടെ തിരോധാനത്തോടുകൂടി രാജകീയസംഭാവനകളെക്കുറിച്ചു സാഹിത്യകാരന്മാർക്കു് ആശിയ്ക്കുവാൻപോലും ഇടയില്ലെന്നായി. വിദേശിയാധികാരം ഇന്നാട്ടിൽ നിലയുറച്ച മുതല്ക്കുതന്നെ രാജസംഭാവനകളെ ലക്ഷ്യമാക്കിക്കൊണ്ടു സാഹിത്യരംഗത്തിൽ പ്രവർത്തിച്ചിട്ടു ഫലമില്ലെന്നായി. സാഹിത്യവൃത്തിയെമാത്രം ജീവിതാധാരമായി ഗണിച്ചുവരുന്ന ഇടത്തരം സാഹിത്യകാരന്മാരുടെ വൃത്തിനിർവ്വഹണത്തിനു മുദ്രാലയക്കാരുടേയും പ്രസിദ്ധീകരണശാലക്കാരുടേയും സാഹായ്യം മാത്രമാണു പ്രധാനമായ അവലംബമെന്നു വന്നു. കാലം കഴിയുംതോറും ജീവിതത്തിൽ ആവശ്യങ്ങൾ വർദ്ധിച്ചുവരികയും, മാന്യമായ നിലയിൽ കുടുംബജീവിതം നിർവ്വഹിയ്ക്കുന്നതിനു ചെലവു കൂടിക്കൂടിവരികയും ചെയ്തു. അപ്പോൾ സാധാരണ ഗ്രന്ഥകാരനു ജീവിതനിർവ്വഹണം പ്രയാസസാദ്ധ്യമായിത്തീർന്നു. എങ്ങനെ പോയാലും എന്തുചെയ്താലും, പറയത്തക്ക ഒരുൽഗതിയിലെത്തുവാൻ ഇടത്തരം സാഹിത്യകാരന്മാർക്കു് ഇന്നു കഴിവില്ല. വിദേശീയഭരണത്തിൽനിന്നു മോചനംകിട്ടിയപ്പോൾ, സാഹിത്യകാരന്മാർ സുഭഗമധുരമായ ഒരു സുപ്രഭാതത്തിന്റെ അരുണോദയത്തെ സ്വപ്നം കണ്ടിരുന്നു. ഏറിയകാലമായി കാറുപിടിച്ചു കിടന്നിരുന്ന പ്രാചീമുഖത്തു മനോഹരമായ ചില രജതരേഖകൾ കാണുന്നതുപോലെ അവർക്കു തോന്നിയിരുന്നു. എന്നാൽ ആവക പ്രതീക്ഷകളെല്ലാം കേവലം കിനാവായിട്ടാണു വന്നുചേർന്നതു്. ജനായത്തഭരണത്തിൽനിന്നു സ്വാഭാവികമായി പ്രതീക്ഷിയ്ക്കാവുന്ന ഫലമൊന്നും ലഭ്യമായില്ല. ഇതുപക്ഷേ ഭരണസാരഥ്യം വഹിക്കുന്നവരുടെ നോട്ടക്കുറവാണെന്നു പറയുവാൻ പാടില്ല. അവിചാരിതമായവിധത്തിൽ ഒരു ഭാഗം പിരിയലും, അഭയാർത്ഥികളുടെ പ്രവാഹവും, അപ്രതീക്ഷിതങ്ങളായ മററു പല അനിഷ്ടസംഭവങ്ങളും കാരണം ജനകീയഭരണത്തിന്റെ പ്രാരംഭവേള കാർമേഘങ്ങളാൽ ആവൃതമായിത്തീർന്നു. പുരാതനകാലത്തെ ചക്രവർത്തിമാർ ചെയ്തിരുന്നതുപോലെയില്ലെങ്കിലും പറയത്തക്ക ചില പുരസ്കാരങ്ങൾ ജനകീയഭരണത്തിലും സാഹിത്യകാരന്മാർക്കു സിദ്ധിയ്ക്കുമായിരുന്നു. കാലം നീങ്ങുന്നതോടുകൂടി ആ വക ഫലങ്ങൾ ഉണ്ടായേയ്ക്കാമെന്നു തല്ക്കാലം ആശ്വസിക്കാം. ഒന്നു നിശ്ചയമാണു്: സാധാരണ സാഹിത്യകാരന്റെ ജീവിതത്തോതു് ഉയർത്തുവാൻ സാധിയ്ക്കാത്ത കാലത്തോളം സാഹിത്യം പുരോഗതിയിലെത്തുന്നുണ്ടെന്നു പറയുന്നതു തീർച്ചയായും അയഥാർത്ഥമായിരിയ്ക്കും. സാഹിത്യവിപണിയിൽ തഞ്ചവും താവും നോക്കി വ്യാപരിയ്ക്കുവാൻ ശേഷിയും ശേമുഷിയുമുള്ള ചുരുക്കം ചിലർക്കു് അഭിവൃദ്ധിയുണ്ടാകുന്നുണ്ടെന്നു സമ്മതിയ്ക്കാം. പക്ഷേ, ആ തോതുവെച്ചു സാഹിത്യകാരന്മാരെ മുഴുവനും കണക്കാക്കുവാൻ പാടില്ല. ഈ സ്ഥിതിയിൽനിന്നു് എന്താണു് ഉൽഗതിയ്ക്കൊരു മാർഗ്ഗം? ഈ ചോദ്യത്തിനു തക്കതായ ഒരു സമാധാനം കിട്ടേണ്ടതു് ഇന്നത്തെ അടിയന്തരാവശ്യങ്ങളിൽ അതിപ്രധാനമായ ഒന്നാകുന്നു. അതിന്നാണു് സമസ്തകേരളസാഹിത്യ പരിഷത്തിനെപ്പോലെയുള്ള മഹാസ്ഥാപനങ്ങൾ കാര്യമായി പ്രയത്നിക്കേണ്ടതു്.

## ഗ്രന്ഥശാലാപ്രസ്ഥാനം വളരണം

ഈ ഘട്ടത്തിലാണു ഗ്രന്ഥശാലകളുടെ ആവശ്യകതയെപ്പററി പറയുവാൻ തോന്നുന്നതു്. വിദേശങ്ങളിൽ ഗ്രന്ഥശാലാപ്രസ്ഥാനം ആരംഭിച്ചിട്ടു നൂററാണ്ടുകൾതന്നെ കഴിഞ്ഞിരിക്കുന്നു. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും അവിടങ്ങളിൽ അസാധാരണമായ പ്രചാരം വരികയും, ആ വഴിക്കു വിദ്യാഭ്യാസത്തിനും സാഹിത്യപരിശ്രമങ്ങൾക്കും നല്ലൊരു പ്രതിഷ്ഠ കിട്ടുകയും ചെയ്തിരിക്കുന്നു. ഭാരതത്തിൽ ഈ പ്രസ്ഥാനം ആരംഭിച്ചിട്ടുതന്നെ അധികം കാലമായിട്ടില്ല. മലയാളികൾ ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ ആവശ്യകത മനസ്സിലാക്കിയതു് അടുത്ത കാലത്താണു്. മലബാറിലും തിരുവിതാംകൂർ–കൊച്ചിയിലും ഇപ്പോൾ പല വായനശാലകളും ഗ്രന്ഥശാലകളും നടക്കുന്നുണ്ടു്. അവയിലേക്കു ഗവമ്മേണ്ടിൻെറ സഹായം കുറെയൊക്കെ ലഭിക്കുന്നുമുണ്ടു്. എന്നിരുന്നാലും ഈ പ്രസ്ഥാനത്തിനു സ്വന്തം കാലിന്മേൽ നില്ക്കുവാൻ തക്ക ആരോഗ്യവും ശക്തിയും ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. മലബാറിലേയും തിരുവിതാംകൂർ–കൊച്ചിയിലേയും പ്രധാനനഗരങ്ങളിൽ കേന്ദ്രഗ്രന്ഥശാലകളും ഉപനഗരങ്ങളിൽ വലിയ ഗ്രന്ഥശാലകളും വില്ലേജുതോറും ഓരോ ഗ്രാമീണ വായനശാലയും പുസ്തകശാലയും ഉണ്ടാകുന്നതായാൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു സാരമായ അഭിവൃദ്ധിവന്നുവെന്നു പറയാം. പക്ഷേ അങ്ങിനെയുള്ള ഒരു കാലം സ്വപ്നത്തിലിരിക്കുന്നതേയുള്ളു.

വിദ്യാഭ്യാസവിഷയത്തിൽ ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. അക്ഷരാഭ്യാസം മാത്രം ലഭിച്ചു വിദ്യാലയത്തിൽനിന്നു പുറത്തുപോകുന്നവരുടെ അറിവു വർദ്ധിപ്പിക്കുവാനും, തീരെ നിരക്ഷരരായ ജനങ്ങളെ സാക്ഷരരാക്കുവാനും ഗ്രാമംതോറുമുള്ള വായനശാലകളും ഗ്രന്ഥശാലകളും തുലോം ഉപകരിക്കും. ഗ്രാമീണരുടെ ഇടയിൽ ഐകമത്യവും പരസ്പരസഹകരണത്തിനുള്ള ഉത്സാഹവും ഗ്രാമീണ ഗ്രന്ഥശാലകളെക്കൊണ്ടുണ്ടായിത്തീരും. സാഹിത്യകാരന്മാരുടേയും കവികളുടേയും പരിശ്രമങ്ങൾക്കും ഗ്രന്ഥശാലാപ്രസ്ഥാനം സഹായമാകും. ഇക്കാലത്തു സാഹിത്യകാരന്മാർ എഴുതിയുണ്ടാക്കുന്ന പുസ്തകങ്ങൾ ചുരുങ്ങിയ പ്രതിഫലത്തിനു് വല്ല പ്രസിദ്ധീകരണശാലക്കാർക്കും വില്ക്കുകയാണു പ്രായേണ ചെയ്യുന്നതു്. വിററുകഴിഞ്ഞാൽ പിന്നെ ആ പുസ്തകങ്ങളിൽനിന്നു് അവയുടെ കർത്താക്കൾക്കു് ഒരാദായവും പ്രതീക്ഷിക്കുവാൻ വഴിയില്ല. ഗ്രന്ഥകാരന്മാക്കു് ഉദാരമായ പ്രതിഫലം കൊടുപ്പാൻ മിക്ക പ്രസിദ്ധീകരണശാലക്കാരെക്കൊണ്ടും സാധിക്കുന്നതുമില്ല. രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ഗ്രന്ഥശാലകൾ പ്രചാരത്തിൽ വന്നാൽ പുസ്തകങ്ങളുടെ പ്രതികൾ ധാരാളമായി വിററഴിപ്പാനും, ഗ്രന്ഥകാരന്മാക്കു കൂടുതൽ തൃപ്തികരമായ പ്രതിഫലംകൊടുത്തു നല്ലനല്ല പുസ്തകങ്ങൾ എഴുതിച്ചു വാങ്ങി പ്രസിദ്ധീകരിപ്പാനും പ്രസിദ്ധീകരണശാലക്കാക്കു കഴിവുണ്ടാകും.

ഗ്രന്ഥങ്ങളുടെ നിമ്മാണം, മുദ്രണം, പ്രസിദ്ധീകരണം എന്നിവയ്ക്കു വിദേശങ്ങളിലെപ്പോലെ ശരിയായ ഒരു സമ്പ്രദായം കേരളത്തിൽ ഇതേവരെ ഉറച്ചുവന്നിട്ടില്ല. വിദേശങ്ങളിൽ ഗ്രന്ഥമെഴുത്തുകാർ മുദ്രാപണത്തിനും പ്രസിദ്ധീകരണത്തിനും ശ്രമിക്കുന്ന സമ്പ്രദായമില്ല. അങ്ങിനെ ചെയ്യുന്നതു വിജയത്തിൽ കലാശിക്കുവാൻ പ്രയാസവുമാണു്. ഗ്രന്ഥകാരന്മാർ ഗ്രന്ഥ

നിർമ്മാണത്തിൽ മാത്രവും, മുദ്രാലയക്കാർ ഗ്രന്ഥങ്ങൾ പരിഷ്കൃതരീതിയിൽ അച്ചടിക്കുന്ന കാര്യത്തിൽമാത്രവും, പ്രസിദ്ധീകരണശാലക്കാർ പ്രത്യേക വ്യവസ്ഥകളോടുകൂടി പ്രസിദ്ധീകരിച്ചു വില്പന നടത്തുന്ന കാര്യത്തിൽ മാത്രവും ഏർപ്പെടണം. ഗ്രന്ഥശാലകളുടെ അഭിവൃദ്ധി ഇവരുടെ എല്ലാവരുടേയും ഭാരത്തിന്നു സാരമായ അയവു വരുത്താതിരിക്കയില്ല. ഇങ്ങനെ ക്രമാനുസൃതമായ ഒരു പരിപാടി എന്നു നടപ്പിൽ വരുന്നുവോ അന്നുമാത്രമേ മലയാളത്തിലെ ഗ്രന്ഥകാരന്മാർക്കും മുദ്രാലയക്കാർക്കും പ്രസിദ്ധീകരണശാലക്കാർക്കും സ്ഥിരപ്രതിഷ്ഠ കിട്ടുകയുള്ളു.

മലയാളത്തിൽ മൂന്നു തരത്തിലുള്ള ഗ്രന്ഥകാരന്മാരെക്കാണാം. എഴുതേണ്ടവർ, എഴുതാവുന്നവർ, എഴുതുന്നവർ. ഇവരിൽ മൂന്നാമത്തെ തരക്കാരുടെ പ്രയത്നഫലമാണു് ഇക്കാലത്തു പുറത്തുവരുന്ന പുസ്തകങ്ങളിൽ ഒരു വലിയ ഭാഗം. രണ്ടാംതരക്കാർ മററുള്ളവരുടെ പ്രേരണയുണ്ടെങ്കിൽമാത്രമേ ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെടുകയുള്ളു. ഒന്നാംതരക്കാരാകട്ടെ സഹജീവികളുടെ പരിശ്രമത്തിൽ സംഭവിക്കുന്ന ജയാപജയങ്ങളിൽനിന്നു പല പാഠങ്ങളും പഠിച്ചു് വിരക്തജീവിതം അവലംബിച്ചിരിക്കുന്നവരാകുന്നു. ഗ്രന്ഥങ്ങളുടെ നിർമ്മാണം, മുദ്രണം പ്രസിദ്ധീകരണം എന്നിവയിൽ പരിഷ്കൃതമായൊരു പരിപാടി രൂപമെടുക്കുകയും അതിന്നു ഗ്രന്ഥശാലാപ്രസ്ഥാനം സഹായമായി വരികയും ചെയ്യുന്നതായാൽ ഒന്നാംതരക്കാരും രണ്ടാംതരക്കാരുമായ ഗ്രന്ഥകാരന്മാർ പ്രവൃത്തിരംഗത്തിൽ പ്രവേശിക്കുന്നതു കാണാം. അതേവരെ അവരുടെ സേവനം കൈരളിക്കു സുലഭമാകുന്നതല്ല.

ഈ ഘട്ടത്തിൽ പ്രധാനമായ ചില സംഗതികൾകൂടി പറയേണ്ടതായുണ്ടു്. ഇന്നു നിലവിലുള്ള ഗ്രന്ഥശാലകളിലും വായനശാലകളിലും പുസ്തകങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ ഉദാരബുദ്ധി വളരെ വിരളമായിട്ടാണു് ഉപയോഗിച്ചു കാണുന്നതു്. ഇന്നിന്ന പുസ്തകങ്ങൾ മാത്രമേ വാങ്ങാവു എന്നോ ഇന്നിന്ന ഗ്രന്ഥകാരന്മാർക്കുമാത്രമേ പ്രാതിനിധ്യം അനുവദിക്കാവു എന്നോ ചില വ്യവസ്ഥകൾ ഉള്ളതുപോലെയാണു് അനുഭവംകൊണ്ടു കാണുന്നതു്. ഈ 'പന്തിയിൽ പക്ഷഭേദം' തുടരുന്നിടത്തോളംകാലം ഗ്രന്ഥശാലാപ്രസ്ഥാനം വിജയിപ്പാൻ പോകുന്നില്ല. ഗ്രന്ഥശാലകളിലേക്കു പുസ്തകം തിരഞ്ഞെടുക്കുവാൻ പ്രത്യേകമായൊരു ഗ്രന്ഥപരിശോധനക്കമ്മിററി ഉണ്ടാകണം. ആ കമ്മിററിയിലേക്കു സാഹിത്യപരിഷത്തിൽനിന്നും, ഗ്രന്ഥശാലാസംഘങ്ങളിൽനിന്നും, സഹായധനം നല്കുന്ന ഗവമ്മേണ്ടുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഏതാനുംപേർ അംഗങ്ങളായിരിക്കണം. പ്രസിദ്ധീകരണശാലക്കാർ പ്രസിദ്ധപ്പെടുത്തുന്ന എല്ലാ പുസ്തകങ്ങളുടേയും ക്ലിപ്തമായ പ്രതികൾ കമ്മിററിക്കു സൗജന്യമായി അയയ്ക്കണമെന്നും, ഗ്രന്ഥശാലകളിലേക്കു വാങ്ങുന്ന പുസ്തകങ്ങൾ കമ്മിററിയുടെ അംഗീകരണമുള്ളവയായിരിക്കുമെന്നും ഒരു വ്യവസ്ഥ വരണം. ഇക്കാര്യത്തിൽ മലയാളഭാഷ സംസാരിക്കുന്ന പ്രദേശങ്ങളെല്ലാം യോജിക്കണം. ഭരണകാര്യത്തിന്നുവേണ്ടി കല്പിതങ്ങളായ വിഭാഗരേഖകൾ സാഹിത്യത്തെസ്സംബന്ധിച്ചിടത്തോളം ബാധകമാകരുതു്. കന്യാകുമാരിമുതൽ കാസ്സർകോടുവരെ നീണ്ടുകിടക്കുന്ന ഭാർഗ്ഗവക്ഷേത്രത്തിലെ സകലജനങ്ങളും— ജാതിമതഭേദമെന്യേ — മലയാളഭാഷയുടെ സന്താനങ്ങളാണു്. ഭരണകാര്യത്തിൽ ഐക്യകേരളം ഉടലെടുത്താലും ഇല്ലെ

ങ്കിലും ശരി, സാഹിത്യവിഷയത്തിൽ മലയാളികളെല്ലാം ഒന്നാകണം.

## ഗ്രന്ഥങ്ങളുടെ വർഗ്ഗവിഭജനം

മലയാളത്തിൽ ഇതേവരെ പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളെ വർഗ്ഗീകരിച്ചു നോക്കുന്നതായാൽ ആഖ്യായികകൾ, ചെറുകഥകൾ, ആത്മകഥകളും സ്മരണകളും, യാത്രാവിവരണം, മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ, ചെറുകവിതാസമാഹാരങ്ങൾ, സമ്പൂർണ്ണകൃതികൾ, സന്ദേശകാവ്യങ്ങൾ, നാടകങ്ങളും പ്രഹസനങ്ങളും, നിരൂപണങ്ങൾ, ഉപന്യാസങ്ങളും പ്രബന്ധങ്ങളും, ജീവചരിത്രങ്ങൾ, ചരിത്രം, സാഹിത്യചരിത്രം, സാഹിത്യശാസ്ത്രം, ശാസ്ത്രീയഗ്രന്ഥങ്ങൾ, മതഗ്രന്ഥങ്ങൾ, ദാമ്പത്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രവും ആരോഗ്യശാസ്ത്രവും, പ്രാമാണികഗ്രന്ഥങ്ങൾ, ചമ്പൂപ്രബന്ധങ്ങൾ, അവശ്യവിജ്ഞേയഗ്രന്ഥങ്ങൾ, ബാലസാഹിത്യം എന്നു തുടങ്ങിയ പല വർഗ്ഗങ്ങളായി ഇന്നു നിലവിലുള്ള ഗ്രന്ഥങ്ങളെ വിഭജിയ്ക്കാം. ഈ വിഭാഗത്തിൽ ഗ്രന്ഥസംഖ്യകൊണ്ടു മുന്തിട്ടു നില്ക്കുന്നതു ആഖ്യായികളും ചെറുകഥകളും ചെറുകവിതാസമാഹാരങ്ങളുമാണെന്നു പുസ്തകശാലകളുമായി അടുത്തു പരിചയമുള്ളവർക്കു കാണുവാൻ സാധിയ്ക്കും. ചരിത്രം, സാഹിത്യചരിത്രം, ശാസ്ത്രീയഗ്രന്ഥങ്ങൾ, യാത്രാവിവരണം മുതലായ വർഗ്ഗങ്ങൾ ഗ്രന്ഥങ്ങളുടെ എണ്ണംകൊണ്ടു വളരെ ശോഷിച്ചിരിയ്ക്കുന്നതായും കാണാം. ഇതിന്നു കാരണം എന്താണെന്നു് എളുപ്പത്തിലറിവാൻ കഴിയും. ആഖ്യായികകളോ ചെറുകഥകളോ ചെറിയ കവിതകളോ വായിയ്ക്കുവാനാണു പൊതുവായനക്കാർ താല്പര്യം കാണിയ്ക്കുന്നതു്. സർവ്വകലാശാലാവിദ്യാഭ്യാസത്തിൽ പ്രവേശിയ്ക്കുന്നതിന്നു മുമ്പു വിദ്യാലയം വിടേണ്ടിവരുന്ന പുരുഷന്മാരും സ്ത്രീകളും ആഖ്യായികകൾ പാരായണം ചെയ്യുന്നതിൽ ഔത്സുക്യമുള്ളവരായിട്ടാണു പരക്കെ കാണപ്പെടുന്നതു്. മററു വിഷയങ്ങളിൽ ആർക്കും വലിയ താല്പര്യമില്ല. ഈ നില തുടർന്നുപോകുന്നിടത്തോളം കാലം സാഹിത്യത്തിന്നു ശരിയായ ഉൽക്കർഷം സിദ്ധിയ്ക്കുന്നതല്ല. സാഹിത്യത്തിന്റെ സകല ശാഖകളും തഴച്ചുവളർന്നു വരണം. കാലാനുസൃതമായി അധികം ഉപയോഗമുള്ള ശാസ്ത്രീയഗ്രന്ഥങ്ങൾ വിശേഷിച്ചും വർദ്ധിയ്ക്കണം. മുമ്പു പ്രസ്താവിയ്ക്കപ്പെട്ട ഗ്രന്ഥശാലാപ്രസ്ഥാനം ശരിയായനിലയിൽ വന്നു കഴിഞ്ഞാൽ ഇതു തീർച്ചയായും സാധിയ്ക്കും. ചരിത്രം, ശാസ്ത്രം മുതലായ വിഷയങ്ങളിൽ നല്ലനല്ല പുസ്തകങ്ങൾ എഴുതുവാൻ സാധിയ്ക്കുന്നവർ മടിയന്മാരായി കഴിഞ്ഞുകൂടുകയാണു്. പുസ്തകമെഴുതിയുണ്ടാക്കിയാൽ തക്കതായ പ്രതിഫലം കൊടുത്തു് അതുവാങ്ങി പ്രസിദ്ധീകരിയ്ക്കുവാൻ ആളില്ല; സ്വന്തമായി അച്ചടിപ്പിച്ചാൽ താവാട്ട പണയമെഴുതുകയും വേണ്ടിവരും. ഒരയ്യായിരം പ്രതിവീതം ഗ്രന്ഥശാലകളുടെ ഉപയോഗത്തിന്നു വാങ്ങുമെന്നുവന്നാൽ കാണാം അത്തരം വിശിഷ്ടഗ്രന്ഥങ്ങൾ അവതരിയ്ക്കുന്നതു്. സാഹിത്യപരിഷത്തിന്റെ ദ്വിതീയസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച ശ്രീ. മൂർക്കോത്തുകുമാരൻ പറകയുണ്ടായി, ഭോജരാജാക്കന്മാരുണ്ടെങ്കിൽ കാളിദാസന്മാരും ധാരാളം ഉണ്ടാകുമെന്നു്. ഇതു തുലോം അർത്ഥവത്തായ ഒരഭിപ്രായമാകുന്നു

(സാഹിത്യപരിഷത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്.)

# പുരാതനസാമൂഹികനടപടികൾ

## പന്തളം -- രാഘവപ്പണിക്കർ

സാന്മാർഗ്ഗികജീവിതത്തിന്റെ ഉല്പത്തിയും അഭിവൃദ്ധിയും മനസ്സിലാക്കണമെങ്കിൽ ആദിമസമുദായങ്ങളെപ്പററി പലതും ഗ്രഹിക്കുകതന്നെ വേണം. ഇന്ന് പരിഷ്ക്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയെന്നഭിമാനിക്കുന്ന പല രാജ്യക്കാരുടേയും പൂർവ്വചരിത്രം ആരായുന്നപക്ഷം അവരുടെ പ്രാചീനകാലത്തെ സാമൂഹികനടപടികൾ ചിലതെല്ലാം പൈശാചികങ്ങളും ഭയാനകങ്ങളുമായിരുന്നെന്നു കാണാൻ കഴിയും. ചില ഉദാഹരണങ്ങളാണ് അടിയിൽ പറയുന്നത്.

ഡാക്ടർ ഗ്രേയുടെ ഒരു വിവരണത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:—

ഒരിക്കൽ ഒരു ചൈനാക്കാരൻ അവന്റെ ഭാര്യയുടെ സഹായത്തോടുകൂടി സ്വന്തം മാതാവിനെ നിഷ്ഠുരണം മർദ്ദിച്ചു. അതിനു അവിടത്തെ ഗവർമ്മെന്റു നിയമമനുസരിച്ചു കുററവാളികൾ വധിക്കപ്പെട്ടു. അത്രയുമല്ല, ഗ്രാമപ്രധാനിയെ കൊല്ലുന്നതിനും അടുത്ത അയൽക്കാരിൽ ഓരോരുത്തനെയും എൺപതു് അടിവീതം അടിക്കുന്നതിനും നാടുകടത്തുന്നതിനും വിധിക്കപ്പെട്ടു. അത്രയുംകൊണ്ടുമാത്രം ശിക്ഷ അവസാനിച്ചില്ല. കുററവാളിയായ പുരുഷന്റെ കുടുംബത്തിൽപെട്ടവരിൽ ബി. എ. ഡിഗ്രി സമ്പാദിച്ച പ്രധാനിയെ മർദ്ദിക്കുന്നതിനും, നാടുകടത്തുന്നതിനും, അയാളുടെ വലിയമ്മാവനെയും അമ്മാവനേയും രണ്ടു മൂത്ത സഹോദരന്മാരെയും വധിക്കുന്നതിനും ഗവമ്മെന്റു തീരുമാനിച്ചു. (അതിപുരാതനകാലത്തുപോലും ചൈനാ വിദ്യാഭ്യാസത്തിൽ വളരെ മുന്നിട്ടുനിന്നിരുന്നു എന്നും അന്നും അവിടെ സർവ്വകലാശാലയുണ്ടായിരുന്നു എന്നും ഓർത്തിരിക്കേണ്ടതാണ്.)

ഒരുത്തൻ തള്ളയെ തല്ലിയ കുററത്തിനു ഇത്രയും ശിക്ഷകൾ ഉണ്ടായിരുന്നോ എന്ന് ചിലർ അത്ഭുതപ്പെട്ടേയ്ക്കാം. ഇത്രയുമൊന്നുമല്ല അതിനുള്ള ശിക്ഷകൾ, ഇനിയുമുണ്ടു്, കേട്ടാലും! നാട്ടുപ്രധാനിയുടെയും ഭരണാധികാരികളുടെയും ബഹുമതികൾ ഒരു ക്ലിപ്തകാലത്തേയ്ക്കു 'ക്യാൻസൽ' ചെയ്യുന്നതിനും, കുററവാളിയായ സ്ത്രീയുടെ അമ്മയെ, മകളുടെ സ്വഭാവദൂഷ്യത്തിനു ഉത്തരവാദിത്വം വഹിച്ചില്ല എന്നു കാണിക്കുന്നതിനു (ചീനത്തുകാരുടെ നാലക്ഷരങ്ങൾ) മുഖത്തു കുത്തിച്ചു, അകലെയൊരു സംസ്ഥാനത്തേയ്ക്കു നാടുകടത്തുന്നതിനും, ആ കുററക്കാരിയായ സ്ത്രീയുടെ ബി. ഏ. ബിരുദധാരിയായിരുന്ന പിതാവിന് സാഹിത്യപരമായ യാതൊരുന്നതഡിഗ്രികളും കൊടുക്കാൻപാടില്ലെന്നും അയാളെ അടിക്കയും നാടുകടത്തുകയും ചെയ്യണമെന്നും വിധിക്കപ്പെട്ടു. കുററക്കാരുടെ പുത്രന്റെ പേരുമാററിയിടുന്നതിനും അവരുടെ നിലം പുരയിടങ്ങൾ ഒരു പ്രത്യേകകാലത്തേയ്ക്കു തരിശാക്കിയിടുന്നതിനും ഗവർമ്മെന്റു തീരുമാനിച്ചു. "ഏകകാര്യമഥവാ ബഹുത്ഥമാം– ഏകഹേതു ബഹുകാര്യകാരിയാം" എന്ന കവിവാക്യം തികച്ചും പരമാത്ഥമാണെന്നു നമുക്കു മനസ്സിലാക്കാം.

ഒരുവനും അവന്റെ ഭാര്യയുംകൂടി അവന്റെ തള്ളയെ തല്ലിയതിന് ആ നാട്ടിൽ എത്രപേരെ മർദ്ദിച്ചെന്നും, എത്രപേരെ

---

* 'John Deway'യുടെ ഒരു കൃതിയിൽനിന്നും സംഗ്രഹിച്ചതു്.

നാട്ടുകടത്തിയെന്നും, മററും ആലോചിക്കുമ്പോൾ

"നാമവും രൂപവുമററ നിർദ്ദയമാം
നിയമമേ,— ഭീമമയ്യോ! നിൻെറ
ദണ്ഡപരിപാടികൾ" എന്ന് ആരും
വിലപിക്കതന്നെ ചെയ്തുപോകും.

'ജെറിക്കോ'യുടെ നാശത്തിൽനിന്നു ശേഖരിച്ച് യഹോവായ്ക്കു വേണ്ടി പ്രത്യേകം ഒരുക്കിയിരുന്ന ചില സാധനങ്ങൾ 'അച്ചൻ' (Achen) സ്വന്തം ആവശ്യത്തിനായി അപഹരിച്ചു. ഇസ്രയേൽക്കാർ അപ്പോൾ ഒരു യുദ്ധത്തിൽ പരാജിതരുമായി. അച്ചൻെറ നീചമായ പ്രവൃത്തി പരസ്യമായപ്പോൾ യോശുവായും സകല ഇസ്രായേൽക്കാരും ഒത്തുചേന്ന് 'സേറാ' യുടെ പുത്രനായ അച്ചനെയു അദ്ദേഹത്തിനുണ്ടായിരുന്ന സർവ്വസ്വവും പിടിച്ചടക്കി. ഇസ്രയേൽക്കാർ എല്ലാവരുംകൂടിച്ചേന്ന് ആ മനുഷ്യനെയും അദ്ദേഹത്തിനുള്ളവരെയെല്ലാവരെയും കല്ലെറിയുകയും ആഴി കൂട്ടി ചുട്ടെരിക്കയും ചെയ്തു. ഇസ്രയേൽക്കാരുടെ പുരാതന സാമൂഹ നടപടികളുടെ ഒരു ചെറിയ ഉദാഹരണമാണ് മുകളിൽ പറഞ്ഞത്.

ഇപ്പറഞ്ഞതിൽനിന്നു വിഭിന്നമായ ഒരു ഉദാഹരണം നോക്കാം.:—അഞ്ചോ അതിൽ കൂടുതലോ കൂട്ടുകുടുംബങ്ങൾ ഒത്തുചേർന്നു ജീവിച്ച "കുമി" (Kumi) എന്ന ജപ്പാനിലെ ഒരു സ്ഥാപനത്തിലുള്ള അംഗങ്ങൾ ഇപ്രകാരം വ്യവസ്ഥ ചെയ്തിരുന്നതായി പറയപ്പെടുന്നു.:—

ഒരു കുമിയിലെ അംഗങ്ങളെന്ന നിലയ്ക്കു നാം തമ്മിൽ സ്വന്തം ചാർച്ചക്കാരോടുള്ളതിലും കൂടുതലായി സൗഹാർദ്ദം പുലർത്തുകയും, പരസ്പരം സൗഭാഗ്യമുള്ളവരാകാൻ ശ്രമിക്കയും, നമ്മിൽ ഓരോരുത്തരുടേയും ദുഃഖത്തിൽ നാം അന്യോന്യം പങ്കുകൊള്ളുകയും ചെയ്യണം. ഒരു കുമിയിൽ ഏതെങ്കിലും ദുർമ്മാർഗ്ഗിയും അന്യായക്കാരനുമായ ഒരു വ്യക്തിയുണ്ടെങ്കിൽ അയാൾക്കുവേണ്ടിയുള്ള ചുമതലകൾ വഹിക്കുന്നതിനുള്ള ഉത്തരവാദിത്വം നമ്മിൽ നിക്ഷിപ്തമായിരിക്കേണ്ടതുമാണ്". (അവരുടെ സാമൂഹിക നടപടികളിൽ ക്രൗര്യം നാം കാണുന്നില്ല.)

ജർമ്മൻകാരുടെ ഭൂവുടമയെപ്പററി കൈസർ ചക്രവർത്തി ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: —

"യതൊരുവനും ഒരു ക്ലിപ്തമായ വിസ്തീർണ്ണത്തിൽ സ്ഥലം രഹസ്യമായി കൈവശം വയ്ക്കുന്നില്ല. ഒരുത്തനും സ്വന്തമായി നിലങ്ങൾ ക്ലിപ്തപ്പെടുത്തിവച്ചിട്ടില്ല. എന്നാൽ ഓരോ ആണ്ടിലും മജിസ്ട്രേട്ടന്മാരും പ്രഭുക്കന്മാരും ഗോത്രങ്ങൾക്കും അവരുടെ ബന്ധുക്കളായ സമൂഹങ്ങൾക്കും ഒന്നിച്ചു ജീവിക്കുന്ന സകലക്കുംവേണ്ടി ഭൂമി വിതരണം ചെയ്യുന്നു".

ജർമ്മൻകാരുടെ അന്നത്തെ സാമൂഹിക നടപടികളുടെ ഒരു സാമാന്യരൂപം ഇതിൽനിന്നു മനസ്സിലാക്കാം.

പുരാതന യവനന്മാരുടെ (ആര്യന്മാരിൽ ഒരു വിഭാഗക്കാരുടെ) ഇടയിൽ, വളരെക്കാലത്തേയ്ക്കു ഭൂമി ആദർശപുരുഷന്മാരുടെയും, ഗോത്രങ്ങളുടെയും, രാഷ്ട്രീയകക്ഷികളുടെയും വകയായി സൂക്ഷിക്കപ്പെട്ടിരുന്നു. ആററിക്കായിലെ (Attica) സ്ഥിതി ഇതിനു സാക്ഷ്യം വഹിച്ചിരുന്നു.

പുരാതന കാപ്പിരികളുടെ സാമൂഹികവ്യവസ്ഥകളോടു തുലനം ചെയ്തു നോക്കുമ്പോൾ അക്കാര്യത്തിൽ യൂറോപ്പിലെ സ്ഥിതി

തുലോം മോശമായിരുന്നു എന്നു കാണാവുന്നതാണു്. കാപ്പിരികളുടെ കൂട്ടുകുടുംബാംഗങ്ങളിൽ ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടി ജീവിച്ചിരുന്നു. പൂർവ്വകാലങ്ങളിൽ കാപ്പിരികളുടെ ഒരു പ്രധാനി അവരെക്കൊണ്ടു വെള്ളക്കാൎക്കുവേണ്ടി പണിചെയ്യിച്ചു് അവൎക്കുള്ള പ്രതിഫലം കരസ്ഥമാക്കിയിരുന്നാലും അവൎക്കു അതുകൊണ്ടു് യാതൊരു അപ്രിയമോ അതൃപ്തിയോ തോന്നിയിരുന്നില്ല. അപ്രകാരം അവർ പ്രധാനിയുടെ പക്കൽ ഏല്പിക്കുന്ന പണം കൂട്ടുകുടുംബാംഗങ്ങളുടെ ഉപയോഗത്തിനായി ചെലവഴിക്കാനാണല്ലോ എന്നോൎത്താണു് അവർ സമാധാനം അവലംബിച്ചിരുന്നതു എന്ന കാൎയ്യം വിസ്മരിക്കത്തക്കതല്ല. പ്രസ്തുത കുടുംബാംഗങ്ങളിൽ ആൎക്കെങ്കിലും ഒരാൾക്കു വല്ല സങ്കടവും നേരിട്ടാൽ എല്ലാ അംഗങ്ങളും ഹൃദയപൂർവ്വം ആ ദുഃഖത്തിൽ പങ്കുകൊള്ളുകയായിരുന്നു പതിവു്. അതു വെറും ലോകബോദ്ധ്യത്തിനായിട്ടായിരുന്നില്ല. ആൎയ്യന്മാരും, സെമിറ്റിക്കു വൎഗ്ഗക്കാരും, മംഗോളിയന്മാരും, കാപ്പിരികളും ഇപ്രകാരം ചെയ്തുവന്നിരുന്നു. അവർ അമേരിക്കയിലുള്ളവരുടെയും മിക്കവാറും യൂറോപ്പിലുള്ളവരുടെയും ജീവിതരീതികളിൽനിന്നും ജീവിതാദർശങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ ഒരു നിലയാണു് അംഗീകരിച്ചുപോന്നതു്.

ഇങ്ങനെ പരിശോധിക്കുന്നപക്ഷം പല രാജ്യങ്ങളിലും സാമൂഹികനടപടികൾ പല തരത്തിലായിരുന്നു എന്നും, ചിലതെല്ലാം അപരിഷ്കൃതങ്ങളും ചിലതെല്ലാം ദോഷരഹിതങ്ങളുമായിരുന്നു എന്നും തെളിയുന്നതാണു്. പുരാതനകാലങ്ങളിൽ ഏതൊരു രാജ്യത്തിലെയും സാമൂഹികവ്യവസ്ഥകൾ ഒരു വ്യക്തിയുടെ ഗുണത്തേയോ, ദോഷത്തേയോ, സുഖത്തേയോ, ദുഃഖത്തേയോ ലാക്കാക്കിയായിരുന്നില്ല എന്നും, പ്രത്യുത, "ഭൂരിപക്ഷം ജനത്തിന്റെ ഭൂരിസൗഭാഗ്യമൊന്നിനെ" മാത്രം ആസ്പദമാക്കിയായിരുന്നു അവ രൂപീകരിക്കപ്പെട്ടിരുന്നതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

---

## ഒരു സ്മൃതിചിത്രം

(വിവൎത്തനം)

അന്നെൻകാമുകനിന്നുകാന്തൻ, അതുതാനിന്നത്തെ വാസന്തരാ-
വന്നേപ്പോൽ നവമാലതീമണമുതിർത്തുത്തും കദംബാനിലൻ;
ഞാനും മുന്നവൾ, എങ്കിലും കുളിർനിഴൽച്ചാൎത്താന്നൊരാ 'രേവ'ത-
ന്നോമൽസൈകതഭൂവിലേയ്ക്കിതാ കുതിച്ചെത്തുന്നു മന്മാനസം.

സി. കെ. നാരായണക്കുറുപ്പു് എം. എ.

ശ്രീ. വയലാർ രാമവർമ്മ കൗമുദി പത്രാധിപക്ക് അയച്ചതും 128 ധനു 29-ാം തീയതിയിലെ 43-ാം ലക്കം കൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതുമായ ഒരു കത്ത്

പ്രിയപ്പെട്ട പത്രാധിപർ,

വളരെ നാളുകളായി എഴുതാൻ ആഗ്രഹിച്ചിരുന്ന ഒരു കാര്യം 'ഇന്നെഴുതാൻ തുടങ്ങുകയാണ്. പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ അങ്ങേയററം പ്രാധാന്യമുള്ള ഒരു പ്രശ്നം. അതു തങ്ങളുടെ പ്രവർത്തനപരിധിയിൽ കൊള്ളാത്ത ഒന്നായി ഈ നാട്ടിലെ സാംസ്കാരികപ്രവർത്തകരും സാഹിത്യകാരന്മാരും പുരോഗമനചിന്താഗതിയുള്ളവരും കരുതിപ്പോരുന്നു എന്നതു ഖേദകരമായ ഒരു സത്യവുമാണ്.

ഞാൻ പറയുന്നതു് ഈ നാട്ടിലെ ഗ്രന്ഥശാലകളെയും അവയുടെ സർക്കാർ സംഘടനയായ ഗ്രന്ഥശാലാസംഘത്തെയും കുറിച്ചാണ്. തകഴിയും പോഞ്ഞിക്കര റാഫിയും ഞാനും ജേക്കബ് ഫിലിപ്പുമൊക്കെ ചേർന്ന് പ്രസിദ്ധീകരിച്ചിരുന്ന ഒരു സംയുക്തപ്രസ്താവനങ്ങളും കണ്ടിരിക്കുമല്ലോ. ഈ കത്തിൽ ഞാൻ വിശദീകരിക്കാനാഗ്രഹിക്കുന്ന വിഷയത്തിന്റെ എതാണ്ടൊരു സംക്ഷിപ്തരൂപം ആ പ്രസ്താവനയിലുമുണ്ടായിരുന്നു.

നാമൊക്കെ നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകളെപ്പററി അഭിമാനം കൊള്ളാറുള്ളവരാണ്. വിജ്ഞാനത്തിന്റേയും സംസ്കാരത്തിന്റേയും വിതരണശാലകളായ നമ്മുടെ ഗ്രന്ഥാലയങ്ങൾ നാട്ടിന്റെ എല്ലാ ഇരുളടഞ്ഞ മൂലകളിലും പുതിയ പുതിയ ചൈതന്യം "സ്വിച്ച് ഓൺ' ചെയ്യുന്ന പവ്വർഹൗസുകളാണ്. ഓരോ നാട്ടിലേയും ബഹുജനങ്ങളുടെ സാംസ്കാരികപുരോഗതിയും അവിടവിടങ്ങളിലെ ഗ്രന്ഥശാലകളും തമ്മിലുള്ള വിടവററബന്ധം നമുക്കറിവുള്ളതാണ്. ഓരോ മൂലയിലേയും സാംസ്കാരികവികാസത്തിന്റെ നിലക്കണ്ണാടികളായേ നമുക്കവ കാണുവാവാൻ കഴിയൂ. അവിടത്തെ തടിച്ച അലമാരികളുടെ പിന്നിൽ ഇരമ്പിക്കൂടുന്ന ജനതതിയേയും നാം കാണുന്നുണ്ട്. അങ്ങനെ ഇവിടത്തെ ഗ്രന്ഥശാലകളുടെ പ്രശ്നം എന്നതു് ഇവിടത്തെ മുഴുവൻ ജനതയുടേയും പ്രശ്നമെന്ന നിലയിൽ നമുക്കു കാണാൻ ബുദ്ധിയുണ്ടാവുകയില്ലല്ലോ.

ഇന്നു് നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകളുടെ ചുററും കയ്യിൽ കടിഞ്ഞാണുകളുമായി കുറെ പ്രേതങ്ങൾ സഞ്ചരിക്കുന്നുണ്ടെന്ന വിവരം താങ്കൾക്കറിവുള്ളതാണല്ലോ. ഈ പ്രേതബാധകളിൽ ചിലതിനെപ്പററി കൗമുദിതന്നെ ഒരിക്കലതിന്റെ കുറിപ്പുകളിൽ നിശിതമായി വിമർശിച്ചിരുന്നതു ഞാൻ ഓർമ്മിക്കുന്നു. നിയമസഭയിൽവച്ചു നമ്മുടെ ഭക്തശിരോമണിയായ പ്രധാനമന്ത്രി ഗ്രന്ഥശാലകളിൽ മാർക്സിസ്ററു പുസ്തകങ്ങൾ വാങ്ങിവയ്ക്കുന്നതിനെപ്പററി കുറെ എതിരഭിപ്രായങ്ങൾ തട്ടിവിട്ടപ്പോൾ നിങ്ങളതിനെ ശക്തിയായ ഭാഷയിൽ എതിർത്തിട്ടുണ്ടായിരുന്നു. പിന്നീടദ്ദേഹംതന്നെ ചെസ്റ്റർബൗൾസിന്റെ തിരുസന്നിധിയിൽ തിരുവനന്തപുരത്താരംഭിച്ച അമേരിക്കൻ വായനശാലയ്ക്കു് അനുഗ്രഹാശിസ്സുകൾ നൽകാൻ ചെന്നെത്തിയിട്ടുമുണ്ടായി

രുന്നു. അപ്പോൾ നമ്മുടെ സർക്കാരിന്റെ സാംസ്കാരികചക്രം തിരിയുന്നതേതു ചാലിലൂടെയാണെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്തു് പുരോഗതിക്കു് എതിരായ സാഹിത്യകലാപ്രസ്ഥാനം ഉയർന്നുവരേണ്ട ആവശ്യത്തെപ്പററി നാടാകെ അദ്ദേഹം തൊണ്ടകാറി വാദിച്ചു നടക്കുന്നുമുണ്ടു്. അതൊക്കെ വെറും വ്യക്തിപരമായ അഭിപ്രായങ്ങളാണെന്നദ്ദേഹം പറഞ്ഞുവെന്നാൽ തന്നെയും ആ പ്രസ്താവനകൾക്കുശേഷം തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ നിർവാഹകസമിതിയിൽ വന്നെത്തിയ കുറെ പുതിയ പേരുകൾ ആ പ്രസ്താവനകളുടെ ക്രിയാത്മകങ്ങളായ ചലനങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ടു്.

ഈ നാട്ടിലെ അന്തസ്സുള്ള സാംസ്കാരികപത്രികകളെല്ലാംതന്നെ അവയെ ചെറുത്തു ശബ്ദമുയർത്തിയിട്ടില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ, ക്രിയാത്മകമായ പ്രവർത്തനങ്ങൾ വളരെയധികം നീങ്ങിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. മന്ത്രിക്കസേരകളിൽനിന്നു് 'സാംസ്കാരികസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ധിക്കാരപരമായ ശബ്ദം ഉയർന്നുകൊണ്ടിരുന്ന അതേ അവസരത്തിൽതന്നെ അവയുടെ പ്രേതങ്ങൾ നമ്മുടെ ഗ്രന്ഥശാലാസംഘത്തിൽ കയറി ഇരുന്നു് ഓലിയിട്ടുകൊണ്ടിരുന്നു. ഇന്നു അതങ്ങനെ നീളുന്നുമുണ്ടു്.

തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ഏററവും ഉന്നതമായ ഒരു കസാലയലങ്കരിക്കുന്ന ഒരു വൈദികൻ ഇവിടത്തെ ജോസഫ് മുണ്ടശ്ശേരി തുടങ്ങിയ പുരോഗമനസാഹിത്യകാരന്മാരുടെ കലാസൃഷ്ടികൾ ഗ്രന്ഥശാലാഗ്യാലറികളിൽ നിന്നെടുത്തുകളയണമെന്നു പലരോടും സംസാരിച്ചതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. കുറെയൊക്കെ ഔദ്യോഗികമായിത്തന്നെ അവരിൽനിന്നെല്ലാം പുറത്തേയ്ക്കു പുറപ്പെടുന്ന ഈ മാതിരി നിർദ്ദേശങ്ങൾ നമ്മുടെ ഗ്രന്ഥശാലകളെ എവിടെയൊക്കെക്കൊണ്ടുചെന്നെത്തിയ്ക്കും എന്നു് ഒന്നാലോചിക്കേണ്ടതാണു്. ഗ്രന്ഥശാലകളുടെ ബുക്ക്സെലക്ഷൻ കമ്മിററി മലയാളഗ്രന്ഥങ്ങളെ വിലയിരുത്തിയിരിക്കുന്ന ലിസ്റ്റ് നാമൊക്കെ കണ്ടതാണു്. ഗ്രാന്റു വാങ്ങുന്ന ഗ്രന്ഥശാലകൾ നിർബ്ബന്ധമായും വാങ്ങിയിരിക്കേണ്ട 'ഏ' ക്ലാസ്സു പുസ്തകങ്ങളുടെ പേരു് നിങ്ങളൊന്നു ശ്രദ്ധിച്ചാൽ കാണാം അവരുടെ ബോധപൂർവ്വമായ പ്രവർത്തനത്തിന്റെ നീക്കം. ഇക്കഴിഞ്ഞ സമസ്തകേരളസാഹിത്യപരിഷത്തിൽ പ്രൊ: മുണ്ടശ്ശേരിയേയും, സ: ദാമോദരനേയും, തകഴിയേയുംപോലുള്ള ആളുകൾ ഇതിനെ ശക്തിയായി വിമർശിക്കുകയുമുണ്ടായി.

വിശ്വസംസ്കാരത്തിനും ശാസ്ത്രത്തിനും ലോകത്തിലെങ്ങും ഇന്നോളമുണ്ടായിട്ടുള്ള സംഭാവനകൾ മുഴുവൻ "വിലക്കപ്പെട്ടവയായി" വിളംബരംചെയ്യു വത്തിക്കാന്റെ സാംസ്കാരികപ്രവണതകൾ ഇവിടെയും കയറിയാടിത്തുടങ്ങിയിരിക്കുന്നു എന്നു നാം മനസ്സിലാക്കേണ്ടതുണ്ടു്. ലോകത്തിലെ ഏററവും നല്ല ഗ്രന്ഥങ്ങളുടെ,–ഡാർവിൻ മുതൽ എയിൻസ്റ്റീൻവരെയുള്ള ശാസ്ത്രജ്ഞന്മാരുടെയും, ഷേക്സ്പീയരും ഗഥേയും തുടങ്ങി ഇന്ത്യയിലെ ടാഗോർവരെയുള്ള സാഹിത്യകാരന്മാരുടെയും ഗ്രന്ഥങ്ങളുടെ,.... ലിസ്ററു കാണണമെങ്കിൽ വത്തിക്കാന്റെ വിലക്കപ്പെട്ട ഗ്രന്ഥങ്ങളുടെ ലിസ്റ്റ് നോക്കിയാൽ മതി. ആ വിലക്കു വിളംബരങ്ങൾ നമുക്കിവിടെയും കേൾക്കാൻ കഴിയുന്നില്ലേ? അവർ ഇവിടത്തെ കേന്ദ്ര

ഗ്രന്ഥശാലാകമ്മിററിയിലും സർക്കാരിലും കയറിക്കൂടിയിരുന്ന് പണവും കടിഞ്ഞാണമായി ഇറങ്ങിത്തിരിച്ചുതുടങ്ങിയാലോ?

മറെറാരു കഥ നിങ്ങൾക്കറിയാമോ? ഈ നാട്ടിലെ ഉന്നതനായ ഒരു സാഹിത്യകാരനായ ശ്രീ വെട്ടൂർ രാമൻനായർ മീനച്ചൽ താലൂക്കിലെ ലൈബ്രറി ഓർഗനൈസറായിരുന്നു. തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന് ഏററവുമധികം അഭിമാനിയ്ക്കാമായിരുന്ന ഒരു പ്രവർത്തകനായിരുന്നു ശ്രീ വെട്ടൂർ. അദ്ദേഹത്തെ നമ്മുടെ ഗ്രന്ഥശാലാസംഘം പിരിച്ചയക്കുകയുണ്ടായി. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തു ശ്രീ. രാമൻനായർ മീനച്ചലിലെ കാൺഗ്രസ്സ് സ്ഥാനാർത്ഥിക്കുവേണ്ടി പണിയെടുത്തില്ല എന്നതാണ് അദ്ദേഹത്തെ പിരിച്ചയച്ചതിന്റെ പിന്നിലുള്ള നേര്. പാലയിലെ പണച്ചാക്കുകളായ കാൺഗ്രസ്സ് പ്രവർത്തകരുടെ പിൻതിരിപ്പൻ സയ്യൃത്തിനുവേണ്ടി തിരു-കൊച്ചി ഗ്രന്ഥശാലാക്കാർ, കേരളത്തിലെ ഉന്നതനായ ഒരു സാംസ്കാരികപ്രവർത്തകനെ കയ്യൊഴിച്ചുവിട്ടതു് അത്ര പന്തിയായില്ല എന്ന അഭിപ്രായക്കാർ ഇവിടെയൊക്കെയുണ്ടു്. പാലായിലെ വൈദികരുടേയും കത്തോലിക്കാമേലദ്ധ്യക്ഷന്മാരുടേയും റിപ്പോർട്ട് വെട്ടൂർ കമ്മ്യൂണിസ്റ്റുകാരനാണെന്നാണ്. ഒരട്ടിമറിപ്രവർത്തകനു !! നമുക്കറിയാം വെട്ടൂർ ഒരു കമ്മ്യൂണിസ്റ്റുകാരനും മററുമല്ലെന്ന്. നല്ല ഒരു കഥാകാരനാണദ്ദേഹം. ആ അപരാധത്തിന് എന്തെതിർപ്പും സഹിക്കാൻ അദ്ദേഹം തയ്യാറുമാണ്. അങ്ങനെ തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിലുണ്ടായിരുന്ന, കേരളത്തിലെ ഒരൊററ സാഹിത്യകാരനെ അവർ പിരിച്ചയച്ച് ശുദ്ധീകരണം നടത്തിയിരിക്കുകയാണിപ്പോൾ. ഒരു ചെറുകഥ എഴുതിയാൽ കിട്ടുമായിരുന്ന പ്രതിഫലത്തേക്കാൾ എത്രയോ തുച്ഛമായ പ്രതിഫലവും പററിക്കൊണ്ടു് പാലായിലെ ഇടവഴികളിലൂടെ ഗ്രന്ഥശാലകൾ സംഘടിപ്പിക്കുവാൻ അലഞ്ഞുനടന്നിരുന്ന വെട്ടൂരിനെ എനിക്കറിയാം. പ്രതിഫലം ഒന്നുംകൂടാതെ താൻ പണിയെടുത്തുകൊള്ളാമെന്നു സമ്മതിച്ചിട്ടുകൂടി അദ്ദേഹത്തെ ഉൾക്കൊള്ളാനവർക്കു കഴിഞ്ഞില്ല.

എടുത്തെടുത്തു പറയാവുന്ന നൂറു നൂറുദാഹരണങ്ങൾ ഗ്രന്ഥശാലാസംഘക്കാരുടെ ജനാധിപത്യവിരുദ്ധവും സാംസ്കാരികവിരുദ്ധവുമായ നടപടികളെ തെളിയിക്കുവാൻ എനിക്കെടുത്തുനിരത്താൻ കഴിയും. പ്രധാന മന്ത്രിയുടെ "മതപ്രസംഗ"ങ്ങൾക്കും 'സംഘ'ത്തിന്റെ പ്രവർത്തനങ്ങൾക്കും തമ്മിലുള്ള ബന്ധം നമുക്കടനീളം കാണാൻ കഴിയും. ഓരോന്നും ഞാൻ വിശദീകരിക്കുന്നില്ല.

അവരുടെ എല്ലാ ജനാധിപത്യവിരുദ്ധനടപടികളേയും മകുടം ചൂടിക്കത്തക്കവിധത്തിൽ, അവർതന്നെ ഇന്നൊരു തെരഞ്ഞെടുപ്പുനാടകം അണിയറകളിലഭിനയിക്കുകയാണ്. പലേടത്തും അതു കഴിഞ്ഞിരിക്കുകയുമാണ്. ഇപ്പോഴവർ സ്വീകരിച്ചിരിക്കുന്ന തെരഞ്ഞെടുപ്പുസമ്പ്രദായം ഗ്രന്ഥശാലാസംഘത്തിന്റെ ഭരണഘടനയ്ക്കെതിരാണെന്നും ജനാധിപത്യവിരുദ്ധമാണെന്നും തെളിയിക്കാൻ ഞാൻ അടുത്ത പാരഗ്രാഫു പയോഗിച്ചുകൊള്ളട്ടെ.

കരകൾതോറും ഗ്രന്ഥശാലകളും താലൂക്കുകൾതോറും അവയുടെതായ യൂണിയനുകളും അവയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുപ്രവർത്തിക്കാൻ ഒരു കേന്ദ്രസംഘവും ഉണ്ടായിരിക്കുക എന്നതാണ് ഗ്രന്ഥശാലകളുടെ ആരോഗ്യകരമായ സംഘടനാ

പുരോഗതിക്കുള്ള മാറ്റമെന്നതംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഇന്നത്തെ ഗ്രന്ഥശാലാസംഘം, ഓരോ താലൂക്കിലേയും യൂണിയനുകളുമായി ബന്ധപ്പെട്ടു് അവയുടെ നിർദ്ദേശമുൾക്കൊണ്ടു് നീങ്ങണമെന്നു നാമൊക്കെ ആഗ്രഹിച്ചാൽ അബദ്ധമാവുകയില്ലല്ലോ. കേവലം ജനാധിപത്യപരമായ ആ ധാരണ വിസ്മൃതമാണെന്നും മററും ഔദ്യോഗികപ്രസ്താവന കണ്ടു. അങ്ങനെ ഒരു തെരഞ്ഞെടുപ്പു് നടത്താനവർക്കു ചങ്കുറപ്പുണ്ടായിരിക്കുന്നു. ഓരോ ഗ്രന്ഥശാലകളുടെയും ഈ രണ്ടു പ്രതിനിധികൾ ഒരു താലൂക്കിൽ സമ്മേളിച്ചിട്ടു് അവരിൽനിന്നു് മൂന്നോ നാലോ പ്രതിനിധികളെ കേന്ദ്രസംഘത്തിലെയ്ക്കു തിരഞ്ഞെടുത്തു അങ്ങനെ കേന്ദ്രപ്രവർത്തകസമിതി രൂപവൽകരിക്കുകയാണിപ്പോൾ. പലയിടത്തും തെരഞ്ഞെടുപ്പുകൾ കഴിഞ്ഞു. അവിടെയൊക്കെ ഗ്രാൻറിൻെറ പണസഞ്ചിയുമായി ഗ്രഡേഷൻ കമ്മിററിയും ജനറൽസെക്രട്ടറിയും ചെന്നിരിക്കാറുമുണ്ടു്. അവരുടെയൊക്കെ കാർമ്മികത്വത്തിലാണു് ഇന്നോളം തെരഞ്ഞെടുപ്പുകൾ നടന്നിട്ടുള്ളതു്. തെരഞ്ഞെടുപ്പുകളിൽ ഇന്നത്തെ ഗ്രന്ഥശാലാസംഘം ഔദ്യോഗികമായി കൈകടത്തിയിരിക്കുന്നതു് തികച്ചും ജനാധിപത്യവിരുദ്ധമാണു്. അവ പലതും അതാതിടങ്ങളിലെ യൂണിയനുകളുടെ പ്രാതിനിധ്യമില്ലാതെയും സ്വന്തം പോക്കററിൽനിന്നു് രാജ്യം രക്ഷിക്കാൻ കുറെ തുകകൾ സംഭാവനചെയ്യുന്ന ദയാപൂർവ്വമായ തങ്ങളുടെ നിലപാടിനെ സ്തുതിക്കാനും, തങ്ങളെതന്നെ വീണ്ടും കസേരയിൽ തെരഞ്ഞെടുത്തു് കുടിയിരുത്താനും ഉള്ള ഒരഭ്യർത്ഥനയും ശ്രമവുമായി മാത്രമേ ഈ നാടകങ്ങളുടെ അന്തസ്സത്തയെ നമുക്കൊക്കെ കാണാൻ കഴിയൂ. പല ഗ്രന്ഥശാലകളും 'ഗ്രാൻറ്' കിട്ടിയില്ലെങ്കിലോ എന്ന പേടിയിൽ ഇന്നുള്ളവരെ തന്നെ കുടിയിരുത്താൻ ശ്രമിച്ചിട്ടുമുണ്ടു് എന്നാണു് കേൾവി. അധികാരത്തിൻെറ എല്ലാം ഔദ്യോഗിക ശക്തിയും വിനിയോഗിച്ചു് വീണ്ടും കസാലകളിൽ നുഴഞ്ഞുകയറാനുള്ള ഗ്രന്ഥശാലാസംഘം പ്രവർത്തകരുടെ അധികാരദാഹമായി മാത്രമേ ഈ താലൂക്കുതെരഞ്ഞെടുപ്പുകളെ ഒരു ജനാധിപത്യവാദിക്കു കാണാൻ കഴിയൂ. എല്ലാസർക്കാർമെഷിനറികളും പണവും ജനാധിപത്യവിരുദ്ധമായുപയോഗിച്ചു് ഒരു തെരഞ്ഞെടുപ്പു് നാടകമഭിനയിച്ച കാൺഗ്രസ്സ്സംഘടനയ്ക്കും ഈ ഗ്രന്ഥശാലാസംഘത്തിനും തമ്മിലെന്താണു വ്യത്യാസം?

നാം ഇതൊക്കെ നേരത്തെ കാണേണ്ടതായിരുന്നു. ശക്തിയായ പ്രതിഷേധം പലയിടങ്ങളിൽനിന്നും ഉയർന്നെങ്കിൽകൂടി രാജ്യത്താകെ സംഘടിതമായി അതുയർന്നിട്ടില്ല. ഇനിയൊരിക്കൽകൂടി വൈദികരും പണച്ചാക്കുകളും, സാഹിത്യത്തെപ്പററിയും സംസ്കാരത്തെപ്പററിയും യാതൊരു വിവരവുമില്ലാത്തവരുമടങ്ങിയ ഇന്നത്തെ ഗ്രന്ഥശാലാസംഘത്തെ ഭരിക്കാനനുവദിക്കുക എന്നതു് ആപത്താണു്. നാട്ടിലെ സാഹിത്യത്തിൻെറയും സംസ്കാരത്തിൻെറയും പുരോഗതിയുടേയും മേലുള്ള ഈ ഉരുണ്ടുകയററത്തെ നാം ചെറുത്തു തോല്പിക്കേണ്ടിയിരിക്കുന്നു.

കത്തു വളരെയധികം നീണ്ടുപോയി. തെരഞ്ഞെടുത്തു കഴിഞ്ഞിട്ടുള്ള ഓരോ പ്രതിനിധികളും ഗ്രന്ഥശാലാപ്രവർത്തകരും പുരോഗമനവാദികളും ഈ കാര്യങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ. ഇല്ലെങ്കിൽ നമ്മുടെ വേലിവളപ്പിലേയ്ക്കു് പിൻതിരിപ്പൻശക്തികൾ കൂടാരമടിക്കാൻ വന്നെത്തുകതന്നെ ചെയ്യും.

വളർന്നു വരുന്ന പുരോഗതിയുടേയും സംസ്കാരത്തിൻെറയും കഴുത്തു ഞെരിയ്ക്കുന്ന ഈ പ്രേതങ്ങൾക്കെതിരായി നിങ്ങൾ ശബ്ദമുയർത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. കൗമുദിയുടെ താളുകളിലൂടെ ഞാൻ അതു പ്രതീക്ഷിയ്ക്കുകയും ചെയ്യുന്നു.

നിങ്ങളുടെ, വയലാർ രാമവർമ്മ

# ചിന്താലോകത്തിൽ

നല്ല മാർഗ്ഗത്തിൽക്കൂടി എപ്പോഴും മുമ്പോട്ടു പോവുക.

—സ്വാമി വിവേകാനന്ദൻ

കാഠിന്യം ബാധിക്കാത്ത ഹൃദയവും അക്ഷീണമായ ക്ഷമാശീലവും, പരദ്രോഹത്തിന് ഒരിക്കലും ഇടംകൊടുക്കാത്ത ജാഗരൂകതയും ആവശ്യമാണ്.

—ഡിക്കൻസ്

സഹിഷ്ണുതയാണ് വലിയ ഈശ്വരപ്രാർത്ഥന.

—ശ്രീബുദ്ധൻ

സുഹൃല്ലാഭത്തിനുള്ള ഏകമാർഗ്ഗം നല്ല സുഹൃത്തായിരിക്കുന്നതുതന്നെയാകുന്നു.

—എമേഴ്സൻ

നിങ്ങൾ ഉണർന്നു ജീവിക്കണം.

—സ്വാമി വിവേകാനന്ദൻ

ഈശ്വരധ്യാനത്തെപ്പോലെതന്നെ നമ്മുടെ നിത്യകൃത്യങ്ങളും മതജീവിതത്തിൻെറ ഒരു ഭാഗമാകുന്നു.

—ബീച്ചർ

സമ്പത്തിൽനിന്നുള്ള ഗുണങ്ങൾ സ്പൃഹണീയങ്ങളും ആപത്തിൽനിന്നുള്ള ഗുണങ്ങൾ അത്ഭുതകരങ്ങളുമാണ്.

—സെനിക്കാ

അറിഞ്ഞിട്ടുള്ള സകല പദാർത്ഥങ്ങളിലും വെച്ച് ഏററവും രോഗോല്ലാദകമായിട്ടുള്ളതു് ഉന്മാദകശക്തിയുള്ള മദ്യമാകുന്നു.

—ഡാക്ടർ ടാർട്ടർ

ലോകം പഴയ സമ്പ്രദായങ്ങൾ മാററി പുതിയ സമ്പ്രദായങ്ങൾക്കിടംകൊടുക്കുന്നു.

—ടെന്നിസൺ

സ്വർഗ്ഗത്തിൻെറ ആനന്ദങ്ങൾ എൻെറ കൂടെയുണ്ടു്; നരകത്തിൻെറ യാതനകളും.

—വാൾട്ട് വിററ്മാൻ

അതിസ്നേഹം അനിഷ്ടശങ്കിയാണ്.

—കാളിദാസൻ

സത്യത്തിനുവേണ്ടി സർവ്വസ്വവും ഉപേക്ഷിക്കാം.

—മഹാത്മാഗാന്ധി


## ഗ്രന്ഥശാലാപ്രവർത്തകരുടെ ശ്രദ്ധയ്ക്കു്

'ഹെലൻ' എന്ന ഗദ്യനാടകത്തിൻെറ കോപ്പികൾ കൈപ്പററി വില അയച്ചുതരാത്തവർ കഴിയുന്നതും വേഗം തുക അയച്ചുതന്നു് ഞങ്ങളെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

എൻ. കെ. മാധവൻ

മാനേജിംഗ് സെക്രട്ടറി

ഗോദവർമ്മവിലാസം ഗ്രന്ഥശാല, കിളിമാനൂർ.

ചെറുകഥ

# *ചെമപ്പുനാട

വട്ടോളി കൊച്ചുകൃഷ്ണൻനായർ

തലേദിവസം ആഫീസുവിട്ടുപോകുമ്പോൾ, ചെമപ്പുനാടകൾ ഇറുക്കിക്കെട്ടി അടുക്കിവച്ചിട്ടുപോയ ഫയലുകൾ എല്ലാം, മേശമേൽ താറുമാറായിക്കിടക്കുന്നതുകണ്ടിട്ട് ക്ലാക്ക് മാധവൻ, അത്ഭുതത്തിലും വിഷാദത്തിലും നിമഗ്നനായി നിലകൊണ്ടു. അവ, ഓരോന്നും എടുത്തുപരിശോധിച്ചപ്പോൾ ഒരു ഫയലിലും നാടയെ, കാണുന്നില്ല. ഹെഡ്ക്ലാക്ക് ഒരു കടുവയാണ്. ഈ വിവരമറിഞ്ഞാൽ അവിടെ ഒരു ഭൂകമ്പംതന്നെ ഉണ്ടാകുമെന്ന് മാധവനറിയാം.

എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് മാധവൻ പുതിയ നാടയെടുത്ത് കുത്തുകൾ കോർത്തുകൊണ്ടിരിക്കയാണ്. ഹെഡ്ക്ലാക്ക് ഉച്ചത്തിൽ വിളിച്ച് ഒരു ഫയൽ ആവശ്യപ്പെട്ടു. അയാൾ നിശ്ശബ്ദം ജോലിതുടരുകയാണ്. ഹെഡ്ക്ലാക്ക് അക്ഷമനായി വീണ്ടും ഗർജ്ജിച്ചപ്പോൾ മാധവൻ നാടയില്ലാത്ത ഫയലുമായി ഓടിച്ചെന്നു.

ഹെഡ്ക്ലാക്ക് ഫയൽ കണ്ടതോടെ മുഖം ചെമന്ന് കണ്ണുതുറിച്ചു ക്ലാക്കിനെ നോക്കി. മാധവന്റെ മുഖം അപരാധബോധത്തോടെ നമ്രമായി.

"മിസ്റ്റർ, മാധവൻ—".

ഹെഡ്ക്ലാക്ക് "മിസ്റ്റർ" എന്ന് ആരെയെങ്കിലും വിളിച്ചാൽ അടുത്തതായി അവിടെ ഒരു ഭൂകമ്പം നടക്കുമെന്ന് ആഫീസുകാർക്കെല്ലാമറിയാവുന്നതുകൊണ്ട്, എല്ലാവരും ജോലിനിറുത്തി അങ്ങോട്ടുനോക്കി നിശ്ചലരായിരുന്നു. "ഇങ്ങനെയാണോ, ഫയൽ വയ്ക്കുന്നത്" ഹെഡ്ക്ലാക്ക് ഗർജ്ജിച്ചുകൊണ്ട് ഫയൽ വീശിയൊരേറുകൊടുത്തു. ആഫീസുമുറിയിലെ തറമുഴുവൻ കടലാസുകഷണങ്ങൾ ചിതറിക്കിടപ്പായി.

അഭിമാനഹാനി നിമിത്തം സപ്തനാഡിയും തളർന്ന മാധവൻ ഇതികർത്തവ്യമൂഢനായി നിലകൊണ്ടു. അല്പം കഴിഞ്ഞ് അയാളുടെ നാവുചലിച്ചു.

"സാർ–സാ....ർ"

"സാർ–സാർ–എന്തു സാർ"–ഗർജ്ജനം! "വൈകുന്നേരം പോയപ്പോൾ നന്നായി കെട്ടിവച്ചിരുന്നു സാർ"—മാധവൻ പറഞ്ഞൊപ്പിച്ചു.

"ഹ ! എന്നിട്ട്! വല്ല മാന്ത്രികനും വന്നോ?"

"ഒരു ഫയലിലും നാടയില്ല, സാർ"

"എന്ത്! ഒന്നിലും നാടയില്ലെന്നോ"

ഹെഡ്ക്ലാക്ക് ചാടിയെഴുന്നേറ്റ് മാധവന്റെ മേശയിങ്കലേയ്ക്കോടിച്ചെന്നു. ആഫീസിലുള്ളവരെല്ലാം അതിവേഗം അവിടെ ഒത്തുകൂടി.

ഓരോരുത്തരും സ്വാഭിപ്രായം പ്രകടിപ്പിച്ചുതുടങ്ങി.

"കള്ളന്മാർ ആരെങ്കിലും രാത്രി വന്നിരിക്കും".

മുഖ്യറിക്കാർട്ടുകളൊന്നും പോയിട്ടില്ലല്ലൊ. കള്ളനായിരിക്കയില്ല."

"വല്ല എലിയും തട്ടിക്കൊണ്ടുപോയതാണോ?"

ഒടുവിലത്തെ അഭിപ്രായമാണ്, അധികംപേർക്കും സമ്മതമായത്. എല്ലാവരും

കൂടി അതിഗാഢമായി, നിവാരണമാർഗ്ഗം ചിന്തിച്ചു്, ഒരു എലിക്കത്രിക വാങ്ങി മേശമേൽ വയ്ക്കാൻ തീരുമാനിച്ചു.

അന്നു വൈകുന്നേരമായപ്പോൾ മാധവൻ പ്യൂണിനെ പറഞ്ഞയച്ചു്, ഒരു എലിക്കത്രികയും, മസാലവടയും വരുത്തി. ഫയലെല്ലാം ഭദ്രമാക്കിവച്ചു്, മസാലവടവച്ച എലിക്കത്രിക ഹെഡ്ക്ലാർക്കിനെ കാണിച്ചുകൊടുത്തിട്ടു് മാധവൻ ആഫീസിൽനിന്നും വീട്ടിലേക്കുപോയി.

പിറേറദിവസം എല്ലാവരും അന്നത്തെ വിവരമറിയാനുള്ള ഉൽക്കണ്ഠയോടുകൂടി പതിവിലും നേരത്തെ ആഫീസിലെത്തി. എലിക്കത്രികയിൽ മസാലവട, വച്ചതുപോലെ തന്നെയിരിക്കുന്നു. "എലിക്കു് മസാലവട അത്ര ഇഷ്ടമല്ലെന്നോ?"—ഒരു രസികൻ അഭിപ്രായപ്പെട്ടു.

ഹെഡ്ക്ലാർക്കിനു് ആ അഭിപ്രായം അശേഷം രസിക്കാതെ, വക്താവിനെ ഒന്നു തുറിച്ചുനോക്കി. "എലിയല്ലെന്നു് ഞാൻ ഇന്നലെത്തന്നെ പറഞ്ഞില്ലേ"—ഒരു ക്ലാർക്കു് ശാന്തമായി സ്വാഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു് സ്വന്തം മേശ തുറന്നു.

"സാർ, അയ്യോ, നോക്കൂ!"—

എല്ലാവരും അയാളുടെ മേശയ്ക്കരികിലേയ്ക്കോടി. ഫയൽ താറുമാറായി കിടക്കുന്നു. ഒന്നിലും ചെമപ്പുനാട കാണുന്നില്ല.

മററുള്ളവരെല്ലാം പരസ്പരം നോക്കി മിഴിച്ചുനില്പായി. മാധവനുമാത്രം അല്പം ആശ്വാസവും, ചെറിയ ഒരു മന്ദസ്മിതവും! "എലിതന്നെ! പുതിയ മേശ നോക്കിവന്നതാ". ഒരാൾ അഭിപ്രായപ്പെട്ടു. എല്ലാ മേശയ്ക്കും എലിക്കത്രിക വേണമെന്നു് ഐകകണ്ഠ്യേന തീരുമാനിച്ചു.

കണക്കുകൂട്ടി നോക്കിയപ്പോൾ ആകെ ഇരുപത്തിയാറു എലിക്കത്രികയും, ദിവസമൊന്നിനു് ഇരുപത്തിയാറു മസാലവടയും ആവശ്യമാണെന്നു ബോദ്ധ്യമായി. ഈ ചെലവുചെയ്യുന്ന കാര്യത്തെപ്പററി പ്രസ്താവം വന്നപ്പോൾ, സമ്മതം മൂളാൻ മേശക്കാരാരും സന്നദ്ധരായില്ല. ആഫീസുകാര്യത്തിൽ സ്വന്തംപണം ചെലവാക്കുന്നതിന്റെ ആവശ്യം ആർക്കും ബോദ്ധ്യമായില്ല. എല്ലാവരുംഒരുമിച്ചു് ആഫീസുകണക്കിൽ ചെലവെഴുതണമെന്നു് ഹെഡ്ക്ലാർക്കിനോടാവശ്യപ്പെട്ടു.

"നിവൃത്തിയില്ല. മേലധികാരിയുടെ അനുവാദം വേണം"

ഹെഡ്ക്ലാർക്കു് അങ്ങനെ പറഞ്ഞുകൊണ്ടു് സ്വസ്ഥാനത്തേക്കുപോയെങ്കിലും വിവരം വിശദമായി റിപ്പോർട്ടു് ചെയ്തു. മാത്രമല്ലാ ഫോണിൽ സംസാരിക്കയും ചെയ്തു.

അവിടെയുള്ളവർക്കും കാര്യം ഗൗരവമുള്ളതാണെന്നു ബോധപ്പെട്ടെങ്കിലും, അവർക്കും പൂർണ്ണാധികാരമില്ലാത്തതിനാൽ ഗവമ്മെൻറിലേക്കു റിപ്പോർട്ടുചെയ്തു. തൽഫലമായി ഈ ചെലവു ഏതിനത്തിൽ കൊള്ളിക്കണമെന്നു് അക്കൗണ്ടു് ജനറലിനോടു എഴുതിച്ചോദിച്ചിരിക്കുന്നു. മറുപടി പ്രതീക്ഷിച്ചിരിക്കയാണെല്ലാവരും.

ദിവസംതോറും ഓരോ മേശയിലേയും നാടമുഴുവൻ കാണാതാകുന്ന പതിവു തുടർന്നു വന്നതിനാൽ റിപ്പോർട്ടും, ടെലഫോൺ സംഭാഷണവും, റിമൈൻഡറും മറുപടിയുമെല്ലാം തുടരെത്തുടരെ നടന്നുകൊണ്ടിരുന്നു.

ഈ വർത്തമാനം നാടാകെപ്പരക്കുകയും, പത്രങ്ങൾ വെണ്ടയ്ക്കാവടിവിൽ പ്രസിദ്ധ

പ്പെടുത്തി മുഖപ്രസംഗങ്ങളെഴുതുകയും ചെയ്തു. ഇനിയും കാലതാമസം വരുത്തുന്നതു് അപകടകരമാണെന്നു നിശ്ചയിച്ചു്, മേലധികാരി, മസാലവട വാങ്ങുവാനുള്ള ചെലവു് സ്വയം അനുവദിക്കുകയും, അക്കൗണ്ടുജനറലിന്റെ മറുപടിക്കുശേഷം, എലിക്കത്രികക്കാര്യം തീരുമാനമാകുമെന്നറിയിക്കുകയും ചെയ്തു.

ആർഡർ കിട്ടിയ ഉടൻതന്നെ ഹെഡ്ക്ലാക്ക് കൂടുതലൊന്നും ചിന്തിക്കാതെ, കണ്ടിജൻസി ചെലവിൽ ഇരുപത്തിയാറു മസാലവട വാങ്ങിച്ചുവച്ചുകൊണ്ടു് അനന്തരകരണീയം ആലോചിക്കാൻ തുടങ്ങി.

“അതു നമുക്കു തിന്നാം” ഭക്ഷണപ്രിയനായ ഒരാൾ ഫലിതം പറഞ്ഞു.

“സർക്കാർപണം ദുർവ്വിനിയോഗം ചെയ്ത പഴി എനിക്കിരിക്കട്ടെ, അല്ലേ?”-ഹെഡ്ക്ലാക്കു കോപിച്ചു.

“അതല്ല, സാർ, വട ഇവിടെ വച്ചിട്ടു പോയാൽ അതിന്റെ വാസനമൂലം എലികൾ ധാരാളം വന്നുകൂടും. അതു പേടിച്ചു പറഞ്ഞതാണു്”

അതു ശരിയാണെന്നു ഹെഡ്ക്ലാക്കിനു തോന്നിയതിനാൽ പണത്തിന്റെ കൂടെ വടയും ഇരുമ്പുപെട്ടിയിൽവച്ചു പൂട്ടിയിട്ടാണു് വീട്ടിലേയ്ക്കു പോയതു്.

അദ്ദേഹത്തിനു് വീട്ടിൽ ചെന്നിട്ടും അശേഷം മനസ്സമാധാനമില്ല. ആ പാരവശ്യം കണ്ടു് ഭാര്യ ഭയപ്പെട്ടു്, മനസ്സമാധാനത്തിനുവേണ്ടി ഭർത്താവിനെ ബീച്ചിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

ഹെഡ്ക്ലാക്ക് ഒരു യന്ത്രംപോലെ നടന്നുപോകുമ്പോൾ, ഏഴെട്ടുകുട്ടികളുമൊന്നിച്ചു് ഒരു യുവതി അഭിമുഖമായി നടന്നുവരുന്നതു് ഭാര്യ കാണിച്ചുകൊടുത്തു.

“എല്ലാം ഒരേ അച്ചിൽ വാർത്തെടുത്തവർ അല്ലേ, നോക്കു”-ഭാര്യ പറഞ്ഞു.

“അല്ലാ, ദേവകിയല്ലേ, അതു്”

“ആരാ, ദേവകി?”

“ഞങ്ങളുടെ പുതിയ ടൈപ്പിസ്റ്റ്. ദേവകി അപ്പോഴേയ്ക്കും അടുത്തെത്തിക്കഴിഞ്ഞു.

“ഇവരൊക്കെ?”- ഹെഡ്ക്ലാക്ക് ചോദിച്ചു.

“എന്റെ സഹോദരിമാർ”—ദേവകി അല്പവും നിൽക്കാതെ നേരെയങ്ങു നടന്നുപോയി.

“അവളൊരഹങ്കാരിണിയാണല്ലോ, ഒന്നു നിന്നു് ഉത്തരം പറയാനുള്ള മര്യാദയും കാണിച്ചില്ല”-ഭാര്യ അഭിപ്രായപ്പെട്ടു.

“ഛീ, അങ്ങനെ പറയരുതു്. നല്ല അടക്കവും, ഒതുക്കവും ഉള്ള പെൺകുട്ടിയാ ദേവകി”.

“നോക്കു ഡ്രസ്സ്, എല്ലാം ഒരേമാതിരി!” — ഭാര്യയുടെ അഭിപ്രായം ശരിയാണോ എന്നറിയുന്നതിനു്, ഹെഡ്ക്ലാക്ക് തിരിഞ്ഞുനിന്നുനോക്കി. എല്ലാവരുടെ നിറവും ആകൃതിയും നടപ്പും ഒരുപോലെതന്നെ. പിന്നിക്കെട്ടിയ മുടിയും ഒരേമാതിരിയാണെന്നു ഭാര്യ പറഞ്ഞപ്പോൾ ഹെഡ്ക്ലാക്കിനു എന്തോ സന്ദേഹം തോന്നി അവരുടെ അടുത്തേയ്ക്കു് ഓടിച്ചെന്നു. ആഫീസിൽ കാണാതെപോയ ചെമ്പുനാടകൾ ഹെഡ്ക്ലാക്ക് അവരുടെ മുടിക്കെട്ടിൽ കണ്ടു മൂക്കിൽ വിരൽവച്ചുനിന്നുപോയി!

* ആശയാനുവാദം

# മുറുക്കിനെപ്പററി

## പുരാതനസാഹിത്യസംഗ്രഹങ്ങൾ

മഹാമഹോപാദ്ധ്യായൻ പാണ്ഡ്യം സുന്ദരശാസ്ത്രി

ധർമ്മസിന്ധുവിൽ, കാശി നാഥോപാദ്ധ്യായൻ, വിവരമുള്ളവർ വെററിലയുടെ നാരും ഞരമ്പും നീക്കം ചെയ്തതിന്റെശേഷം മാത്രമേ മുറുക്കുവാൻ പാടുള്ളുവെന്നു പ്രസ്താവിച്ചിരിക്കുന്നു.

2. പരാശരസ്മൃതിയിൽ ഇങ്ങനെ പറയുന്നു:—

ഒരടയ്ക്ക ഉപയോഗിക്കുന്നതു് ആരോഗ്യത്തിനു നല്ലതും രണ്ടടയ്ക്കാ ഉപയോഗിക്കുന്നതു ചീത്തയും മൂന്നെണ്ണം ഉപയോഗിക്കുന്നതു് ഏററവും നല്ലതുമാണെന്നാണു്. വെററിലയുടെ ഞെട്ടു ചവയ്ക്കുന്നതു് രോഗഹേതുകമാണു്. ഇലയുടെ നാക്കു് ഉപയോഗിക്കുന്നതു് പാപകരവുമാണു്. പതിവായി പരുപരുപ്പായ വെററില ഉപയോഗിക്കുന്നതു് ഒരുവന്റെ ആയുസ്സു ചുരുക്കുന്നു. അതുകൊണ്ടു് വെററില ഉപയോഗിക്കുന്നതിനു മുമ്പു് അതിന്റെ ഞെട്ടിയും, ഞരമ്പും നാക്കും നീക്കം ചെയ്യേണ്ടതാണു്.

3. ശിവതത്വരത്നാകരത്തിൽ അതിന്റെ കർത്താവായ കേലഡിബസവരാജൻ വെററില മുറുക്കുന്നതു് ഒരുവിധത്തിൽ ആനന്ദകരമാണെന്നു പ്രതിപാദിക്കുന്നു. എന്നാൽ ഇതിനുപയോഗിക്കേണ്ട അടയ്ക്കാ താഴെ പ്രസ്താവിച്ച മാതിരിയായിരിക്കണം.

4. അടയ്ക്കാ നാലായി വെട്ടി മാവിൻതളിരുകളുടെ രസത്തിൽ കർപ്പൂരം, ചന്ദനത്തിന്റെ വെള്ളം, കസ്തൂരിക്കൂട്ടു് ഇവ ചേർത്തു് വേവിച്ചു നിഴലിൽ വെച്ചുണക്കിയെടുക്കുകയാണു് വേണ്ടതു്. ഒരു കൊല്ലത്തിലധികം മൂപ്പുള്ള വെററില ഉപയോഗിക്കരുതു്. വെളുത്ത വെററിലയാണു കൂടുതൽ നല്ലതു്. വെററിലയുടെ പുറം കറുത്തിരിക്കേണ്ടതാണു്. വെററിലയോടുകൂടി ഉപയോഗിക്കുന്ന ചുണ്ണാമ്പിൽ പവിഴഭസ്മം, കസ്തൂരി, കളി (ഖദിരസാരം) പുഴുങ്ങിയതിന്റെ പൊടിയും ചേർക്കേണ്ടതാണു്. ഖദിരസാരത്തോടുകൂടി സമം കോകപ്പൊടിയും ജാതിഫലത്തിന്റെ പൊടിയും ചേർത്തുപയോഗിക്കുന്നതു് ത്രിദോഷത്തെ—വാത, പിത്ത, കഫദോഷങ്ങളെ—ഇല്ലായ്മ ചെയ്യുകയും പല്ലിനു് ഉറപ്പുകൂട്ടുകയും വായ്ക്കു് ആകർഷണീയമായ ചുവപ്പുനിറം കൊടുക്കുകയും ചെയ്യുന്നു. ഈ എല്ലാ പൊടികളെയും മാത്രഗുളികകളാക്കി ഉപയോഗിക്കാവുന്നതാണു്. യഥാക്രമം അടയ്ക്കാ, ചുണ്ണാമ്പു്, വെററില ഇവയുടെ തോതു് രാവിലെയും ഉച്ചയ്ക്കും, രാത്രിയുമായി അധികരിപ്പിച്ചുപയോഗിക്കുന്നതു് ദീർഘായുസ്സിനും ആരോഗ്യത്തിനും നല്ലതാണു്. ചെറുനാരങ്ങാതളിരും നാരങ്ങാച്ചെടിയുടെ ഭാഗങ്ങളും കർപ്പൂരവും ചേർത്തരച്ചു് ഗുളികകളാക്കാം. ഈ ഗുളികകൾ മുറുക്കുസാധനങ്ങളോടുകൂടി ഉപയോഗിച്ചാൽ വായ്ക്കു് ദുർവാസനയുണ്ടാകുന്നതല്ല. ഒരു കൊല്ലത്തിലധികം പ്രായമുള്ളതും കറുപ്പുപുള്ളികളും പരുപരുപ്പുള്ളതുമായ ഉണങ്ങിയ ഇല ഉപയോഗിക്കരുതു്. അധികം ഇളതായ ഇലയും ഉപേക്ഷിക്കേണ്ടതാണു്. വെററില വാതത്തെ ഇല്ലാതാക്കുകയും, അടയ്ക്ക കഫവർദ്ധനവിനെ ശമിപ്പിക്കുകയും, ചുണ്ണാമ്പു് അജീർണ്ണത്തിനേയും, ഖദിര

രസം പിത്തദുഷ്യത്തേയും ശമിപ്പിക്കുകയും ചെയ്യുന്നു.

5. വെററിലയുടെ അററത്തു് മഹാലക്ഷ്മിയുടെ സ്ഥാനമാണെന്നും ഇതിന്റെ വലത്തുഭാഗത്തു ബ്രഹ്മാവും പുറത്തു് ദാരിദ്ര്യദേവതയായ മൂദേവിയും ഇടത്തുഭാഗത്തു പാർവതിയും സ്ഥിതിചെയ്യുന്നുണ്ടെന്നും ഉള്ളിൽ മഹാവിഷ്ണുവിന്റെ ഇരിപ്പിടമാണെന്നും ഉപരിതലത്തിൽ ചന്ദ്രനും അററങ്ങളിൽ ശിവനും തണ്ടിൽ യമധർമ്മരാജനും, ഇലയുടെ എല്ലാഭാഗങ്ങളിലും കാമദേവനും സ്ഥാനമുണ്ടു്.

6. ജാതിയ്ക്കു ചവർപ്പും പുളിപ്പുമുള്ളതാണു്. ഇതു ശരീരത്തിനു ചൂടു കൊടുക്കുന്നതിനു പുറമേ വാതം, തൊണ്ടവേദന, അതിസാരം, ഹൃദ്രോഗം എന്നിവയെ ഭേദപ്പെടുത്തുന്നു.

ലവംഗത്തിനു (കരയാമ്പൂ) ചവർപ്പുണ്ടെങ്കിലും സ്വാദുള്ളതാണു്. ഇതു് കാഴ്ചശക്തിയെ വർദ്ധിപ്പിക്കയും ക്ഷയരോഗം, ദാഹം, കഫ, ഛർദ്ദി, കാസശ്വാസം, ശൂല, ദഹനക്കേടു്, മുതലായവകളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു.

7 ശീതളവും മനസ്സന്തോഷകരവുമായ കർപ്പൂരം ആരോഗ്യം വർദ്ധിപ്പിക്കുന്നതിനു പുറമേ കാമശക്തിയേയും കഫത്തേയും ക്രമപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, ദാഹം, അരുചി, ദുർമ്മേദസ്സു്, വിയർപ്പു്, വിഷങ്ങൾ മുതലായവയെ ശമിപ്പിക്കുന്നു.

8. ശീതളവും മനഃസന്തോഷകരവുമായ തിപ്പലിയും കുങ്കുമവും വാതം, പനി, പിത്തം, ദാഹം, കണ്ണിൽനിന്നു വെള്ളം ചാടൽ, വായ്പ്പുണ്ണു് മുതലായതിനെ ശമിപ്പിക്കുകയും ചുറുചുറുക്കുണ്ടാക്കുകയും ചെയ്യുന്നു.

9. അധികരിച്ച വെററിലമുറുക്കുകൊണ്ടു് മലബന്ധം, ദന്തരോഗം, രക്തക്കുറവു്, നേത്രരോഗം, ശക്തിക്ഷയം, ഹൃദ്രോഗം മുതലായതു് ഉണ്ടായിത്തീരുന്നു. പാൽ കുടിച്ചതിനുശേഷം 48 മിനിട്ടിനുള്ളിൽ മുറുക്കുന്നതായാൽ ഹൃദ്രോഗം, മൂത്രസംബന്ധമായ രോഗം, കുഷ്ഠം മുതലായതു് പിടിപെടുന്നതാണു്. അങ്ങിനെ ചെയ്യുന്നതായാൽ ഉടനെ ഹൃദയത്തിൽ വേദനയുണ്ടാവുകയും പിത്തരസം വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ടു് പാൽകുടിച്ചാൽ 48 മിനിട്ടു കഴിഞ്ഞതിന്റെ ശേഷം മാത്രമേ മുറുക്കുവാൻ പാടുള്ളു.

10. ഭക്ഷണത്തിന്റെ ശേഷം ഓരോരുത്തരും കുറെ വെള്ളം കുടിക്കുകയും ഒരു കഷണം ഇഞ്ചി തിന്നുകയുംവേണം. ഇങ്ങിനെ വിഴുങ്ങുന്ന ഇഞ്ചിനീരിന്നു് ആദ്യം കുറെ കയ്പുതോന്നുമെങ്കിലും പിന്നീടു് അതു തേൻപോലെ മധുരമുള്ളതായിത്തീരും. (ദേശബന്ധു)

# ചിന്തയും കർമ്മവും

## ഗാന്ധിജിയിൽ ഒത്തിണങ്ങിയിരുന്നു

ഗാന്ധിജിക്ക് ജന്മസിദ്ധമായി ലഭിച്ചിരുന്ന ഇന്ത്യൻ സംസ്കാരത്തിന്റെ മതപരമായ പാരമ്പര്യത്തിന്റെ ആത്മീയപ്രാധാന്യത്തെ പ്രൊ: എൽ. മാസിഗ്നൻ ഇന്ന് ഇവിടെവച്ച് ഊന്നി പ്രസ്താവിച്ചിരിക്കുന്നു. ഗാന്ധിയൻ മാർഗ്ഗം സംബന്ധിച്ച സെമിനാറിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു: ഗാന്ധിജിയുടെ സത്യഗ്രഹം എന്ന പ്രയോഗംതന്നെ പുരാതനമായ ഭാരതീയചിന്താഗതിയോടുള്ള അദ്ദേഹത്തിന്റെ കൂറിനെയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹം എന്തെങ്കിലും നൂതനമായ ആശയങ്ങളോ ചിന്തയോ കണ്ടുപിടിച്ചില്ല. നേരേമറിച്ച് പരമ്പരാഗതമായ വിശ്വാസങ്ങളുടെ പ്രാധാന്യത്തെ അദ്ദേഹം കണ്ടുപിടിച്ചു. ഇത് അദ്ദേഹം ചിന്തയിലൂടെ സാധിച്ചു. ഗാന്ധിജിയിൽ ചിന്തയും കർമ്മവും ഏകവും അഭിന്നവുമായി ഒത്തിണങ്ങിയിരുന്നു. ആശയങ്ങൾ നമ്മുടെ ജീവസത്തയുടെ അവശ്യഭാഗമായിത്തീരുന്നതുവരെ നാം ചിന്തിക്കുവാൻ പഠിക്കണമെന്നുള്ളതാണ് ഗാന്ധിജിയുടെ ജീവിതത്തിലെ പ്രധാന പാഠങ്ങളിലൊന്ന്. എന്തുകൊണ്ടെന്നാൽ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം വാക്കുകൾ പ്രതിജ്ഞകൾ ആയിരുന്നു. അവയിൽ ആത്മത്യാഗബോധവും അന്തർഭവിച്ചിരുന്നു.

മതങ്ങൾക്ക് യുദ്ധത്തെ തടയുവാൻ എങ്ങനെ എപ്പോൾ സാധിക്കുമെന്ന് ഞാൻ ഗാന്ധിജിയോടു ചോദിച്ചിട്ടുണ്ട്. ഔദ്യോഗികമതങ്ങൾക്ക് അതു സാദ്ധ്യമല്ലെന്ന് ഗാന്ധിജി മറുപടി നൽകി.

യഥാർത്ഥമായ മതബോധമാകട്ടെ വിഭാഗങ്ങളെ അതിജീവിച്ച് എല്ലാ മനുഷ്യരിലും ഒരു സാഹോദര്യഭാവം ജനിപ്പിക്കുന്നു. ഇത്തരം ഐക്യബോധം ആത്മവിശുദ്ധി ഉള്ളവർക്കുമാത്രമേ സംസിദ്ധമാകൂ. അവരുടെ സംഖ്യ ദുർലഭമായിരിക്കാം. എന്നാൽ ലോകസംഭവഗതികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്വാധീനശക്തി അസാധാരണമായിരിക്കും. (ദേശബന്ധു)

ഒരു ചിത്രീകരണം

# ജീവിതം രൂപമെടുക്കുന്നു

ശാസ്തമംഗലം എൻ. കെ. ശ്രീധരൻനായർ

തീവണ്ടി വളരെവേഗം മുന്നോട്ടു പാഞ്ഞുകൊണ്ടിരുന്നു........തീരെ ചെറിയ ഗ്രാമം. തകർന്ന നിലംപരിശായ കൊച്ചു കൊച്ചു കുടിലുകൾ പാതയുടെ ഇരുവശത്തും കാണപ്പെട്ടിരുന്നു. ഒന്നിനെ തുടർന്നു ഒന്നായി അവ പിന്നിലേക്കു് വഴുതി മറഞ്ഞുകൊണ്ടിരുന്നു. നഗ്നരും, അർദ്ധനഗ്നരും, ശിശുക്കളും, വൃദ്ധന്മാരും, അമ്മമാരും, സഹോദരിമാരും അങ്ങിനെ എല്ലാതരത്തിലുമുള്ള മനുഷ്യർ ഇവയിൽ ജീവിക്കുകയാണു്. സന്തോഷംകൊണ്ടു് മതിമറന്ന ചില കുഞ്ഞുങ്ങൾ വണ്ടിയുടെ നേരെ പാഞ്ഞുവന്നു. ദാരിദ്ര്യത്തിൽ അലിഞ്ഞുചേർന്നു്, പൊടിയിൽ കുളിച്ചു് വിവശരായ കറുത്ത സത്വങ്ങൾ........അവരുടെ കണ്ണുകളിൽ അത്ഭുതവും, ജിജ്ഞാസയും, അഭിലാഷവും ഓളംതല്ലിയിരുന്നു.

വണ്ടി മുന്നോട്ടു് പാഞ്ഞുകൊണ്ടിരുന്നു........

വളരെ ദൂരത്തോളം വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ ഒരു മൈതാനം. ഉണങ്ങിവരണ്ടു് തീരെ ഊഷരമായ ആ പ്രദേശത്തു് അങ്ങിങ്ങായി ശുഷ്കപത്രങ്ങളോടുകൂടിയ അഞ്ചാറു വൃക്ഷങ്ങൾ നില്ക്കുന്നുണ്ടു്. മേയുന്നതിനായി അലഞ്ഞുനടന്നിരുന്ന കന്നുകാലികൾ നിന്നും, കിടന്നും, അയവിറക്കിയും അവിടെ വിശ്രമിക്കുന്നു. അടുത്തതായി പച്ചപ്പാടങ്ങൾ. കർഷകന്റെ അഭിലാഷം മുഴുവൻ അതിലാണു്. ഉറച്ചതെങ്കിലും മെലിഞ്ഞ കൈകൾ നീട്ടി അവൻ അവയെ നനച്ചുകൊണ്ടിരുന്നു. തലയിൽ കലവും കയ്യിൽ പിഞ്ഞാണിയുമായി കുന്നിറങ്ങിവരുന്നതു് അവന്റെ ഭാര്യയാണു്. ആസകലം തുന്നി തച്ചിരുന്ന അവളുടെ ചേല പഴന്തുണിയെക്കാൾ ശോചനീയമായിരുന്നു. എളിയിൽ ചുററിയിരിക്കുന്നതു് അവളുടെ ഓമനയാണു്. ആ കുഞ്ഞു് "കിറ, കിറാ" എന്നു് ഏങ്ങിവലിക്കുന്നുണ്ടു്. അതിന്റെ കണ്ണുകൾ കുഴിഞ്ഞു് താണിരുന്നു. അങ്ങിങ്ങുപൊങ്ങിയ എല്ലുകൾക്കു മുമ്പിൽ ഒരു പ്ലാസ്റ്റർ പോലെ അതിന്റെ തൊലി ദേഹത്തോടു് പററികിടന്നിരുന്നു. യൗവ്വനത്തിലും വൃദ്ധയായ ഒരു സ്ത്രീ.

വണ്ടി മുന്നോട്ടു് നീങ്ങിക്കൊണ്ടിരുന്നു........

പരിസരം ഭേദപ്പെട്ടുവരികയാണു്. മണ്ണുകൊണ്ടു് പണിതു് ഓലമേഞ്ഞിരുന്ന കെട്ടിടങ്ങൾ ഗ്രാമത്തിലെ ജീർണ്ണിച്ച ആ കുടിലുകളെ അപഹസിച്ചു നില്ക്കുന്നു. തലയാട്ടി രസിച്ചുനില്ക്കുന്ന തരുനിരകൾ........ഉയർന്നു പരക്കുന്ന ധൂളി. നവോഢകളുടെ മൂടുപടം തൊറിത്തെറിപ്പിച്ചു് ചാഞ്ചാടുന്ന കുസൃതിയായ ഇളംതെന്നൽ....ആകപ്പാടെ ഉന്മേഷംനിറഞ്ഞ ഒരന്തരീക്ഷം.

വണ്ടിനിന്നു.

ഒരു കൊച്ചു സ്റ്റേഷൻ. ഒരു ചുവന്ന കൊച്ചു കെട്ടിടം. അതിന്റെ മുമ്പിൽ ഉയർന്ന ഒരു മണൽതിട്ട. അവിടുത്തെ പ്ലാററ്ഫാറം ആണു്. ഉണങ്ങിയ ഇലകളും, ഇളകിപറക്കുന്ന പൊടിയും അതിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. ശിരസ്സിൽ ഭാണ്ഡങ്ങളും പേറി വടികളും എടുത്തു് എട്ടുപത്തു യാത്ര

ക്കാർ വണ്ടിയുടെ മുമ്പിൽക്കൂടി ധൃതിവച്ചു് ഒഴിഞ്ഞ കമ്പാർട്ടുമെൻറും തിരക്കി അങ്ങോട്ടുമിങ്ങോട്ടും ഓടിത്തുടങ്ങി.

"ഇവിടെ സ്ഥലമില്ല"

"ഹേ,! ധൃതിയിൽ നിങ്ങൾ എവിടെ കയറുന്നു?"

"മിസ്റ്റർ, ഇതു് II ക്ലാസ്സാണു്. ടിക്കററുണ്ടെങ്കിൽ അകത്തുവരൂ."

"ബ്രദർ, വേറെ കമ്പാർട്ടുമെൻറു് നോക്കൂ........"

ഹതാശരായി ചിലർ ആരെയൊക്കെ വിളിക്കുകയും, അങ്ങോട്ടുമിങ്ങോട്ടും ഓടുകയും ചെയ്യുന്നു.

സ്റ്റേഷൻമാസ്റ്ററും, ബുക്കിംഗ്ക്ലാർക്കും, ടിക്കററ്ചെക്കറും, ഗാർഡും എല്ലാം ഒരാളായിരുന്നു. ടിങ്ങ്....ടിങ്ങ്........അയാൾ ഓടുന്നു. ഒരു പച്ചക്കൊടിയും എടുത്തുകൊണ്ടു് അയാൾ എഞ്ചിനുനേരെ കുതിക്കുന്നു. പിന്നീടു് ആ പച്ചക്കൊടി പാറത്തുകയായി. വണ്ടി ഇളകി........

നീണ്ടുനീണ്ടു് കിടക്കുന്ന ചുവന്ന ഗ്രാമറോഡുകൾ....അതിൽക്കൂടി കാളവണ്ടികൾ അലസമായി ഇഴഞ്ഞുനീങ്ങുന്നു. ക്രനിപ്പിടിച്ച വണ്ടിക്കാർ ഇടയ്ക്കിടയ്ക്കു് കാളകളെ വിരട്ടുന്ന ശബ്ദം കേൾക്കാം. വളരെ വിഷമിച്ചു് ആ ജീവികൾ വണ്ടിവലിക്കുകയാണു്. സാരഥിയുടെ ഓരോ ചാട്ട വീശലിനും അവ പുളയുന്നുണ്ടു്.

പാടത്തിൽ ജോലി ചെയ്തുകൊണ്ടു് കുറച്ചു സ്ത്രീകളും, വരമ്പിൽനിന്നും അവരെ ഇടക്കിടക്കു് കളിയാക്കിയും, ഉത്സാഹിപ്പിച്ചും അഞ്ചാറു ചെറുബാലന്മാരും നിന്നിരുന്നു. ആ ഗ്രാമീണ വനിതകൾ തീവണ്ടിയെ ഒന്നു് സൂക്ഷിച്ചു് നോക്കിയിട്ടു് വീണ്ടും പണിതുടർന്നു. പാറിപ്പറന്ന തലമുടിയും, ദുർബ്ബലമായ ദേഹപ്രകൃതി, എഴുന്നുനില്ക്കുന്ന അസ്ഥികൂടവും, പിന്നിപ്പറിഞ്ഞ ചേലകളും........ഉദാസീനതകലർന്ന മുഖങ്ങളും........അവരിൽ ഒരോരുത്തരിലും ഭാരതമാതാവു് ജീവിക്കുന്നു.

കൃഷകൻ കൂന്താലികൊണ്ടു് ഭൂമിയോടു് അക്ഷീണമായ സമരം ചെയ്തുകൊണ്ടിരുന്നു. അവൻ മിക്കവാറും സ്വേദബിന്ദുക്കളിൽ കുളിച്ചുനില്ക്കുകയാണു്. പിഞ്ചുപൈതങ്ങൾ സാത്ഭുതം വണ്ടിയെ തുറിച്ചുനോക്കി. ഭയന്നുവിരണ്ടു് എരുമകളും, പശുക്കളും, ആടുകളും ഓട്ടംതുടങ്ങി.... ...ഏതോ ഒരു സ്റ്റേഷനിൽ വണ്ടിനിന്നു. മണി വീണ്ടും മുഴങ്ങികേട്ടു...........പച്ചക്കൊടികൾ പാറന്നു....വണ്ടി പുറപ്പെട്ടു........

ജീവിതത്തിൻെറ തനിസ്വരൂപമായ ഒന്നു രണ്ടു മുക്കുവബാലന്മാർ ഒരു ചാലിൽനിന്നും മീൻപിടിക്കുന്ന പ്രവൃത്തിയിൽ മുഴുകിഇരുന്നു. അവരെയും ദാരിദ്ര്യം ഒഴിച്ചുനിർത്തിയിട്ടില്ല. ഒട്ടിയ വയറും, ക്ഷീണിച്ച ശരീരവും അവിടെയും ഉണ്ടു്. നേരിയ വരമ്പിലൂടെ കടന്നുപോകുന്ന സ്ത്രീകളും, കുഞ്ഞുങ്ങളും വണ്ടിയെ സാകൂതം ശ്രദ്ധിച്ചുനോക്കി. വണ്ടിയിൽനിന്നു് പകുതി തീർന്ന ബീഡിമുറികൾ അവരുടെനേർക്കു എറിയപ്പെട്ടു. ആ അർദ്ധാവശിഷ്ടങ്ങൾ ചെവിക്കുത്തിൽ തിരുകി ആഹ്ലാദശബ്ദം മുഴക്കി കുട്ടികൾ തുള്ളിച്ചാടി.

വണ്ടിനിന്നു.

........ഇതു് വലിയ സ്റ്റേഷനാണു്. ചുവന്ന ഒരു കെട്ടിടം....ധാരാളം ആഫീസറന്മാർ, ജോലിക്കാർ മുതലായവർ, അങ്ങോട്ടും ഇങ്ങോട്ടും ദ്രുതഗമനം ചെയ്യുന്ന എഞ്ചി

നകൾ....കൂലിക്കാരുടെ തിക്കും തിരക്കും. സർവ്വത്ര കൂക്കലും മുറവിളിയുംതന്നെ........ ശബ്ദമയമായ ഒരു പുതിയ ലോകമാണത്.

"കൂലിവേണോ കൂലി?"

"എടേ പയ്യൻ ഒന്ന് മാറിനില്ല്"

"സർ, എന്റെ ഒരു കെട്ട് എടുക്കാൻ മറന്നുപോയി ഒന്നെടുത്തോട്ടെ"

"അതാ ആ ഇടത്തേതാണ്"

ഹലോ, എവിടെ പോകുന്നു?"

"ബീഡി, മുറുക്കാൻ, സിഗ്രട്ട്"

"ചായ, ചൂടുചായ"

"മിഠായി, മിഠായി, നല്ലമിഠായി........ അണയ്ക്കു പത്ത്"

"ഭാരതമാതാ".....ഭൂഷണം.....കലാവേദി ...."ആര്യധർമ്മം"...."വെള്ളിത്തിര" ഇതാ സാർ, ചൂടുവാർത്ത നോക്കണം സാർ"

"യേമാനേ നാലുകാശ്...."

"കരുടനു് വല്ലോംതരണേ"

"തമ്പുരാനേ....മൊണ്ടിയെക്കൂടെ നിരീക്കണേ....സ്വർഗ്ഗമോക്ഷം കിട്ടും"

"പൊന്നൊടേതേ. തള്ളയില്ലാത്തകുഞ്ഞ് ....ഒരു കാശിട്ടിട്ടുപോണേ"

"റിക്ഷാ.....റിക്ഷാ......എവിടെപ്പോണം സാർ?"

"മാറെടാ എന്നെയാണ് സാറ് ആദ്യം വിളിച്ചതു്. കേറണം സാർ"

"സാറേ തേരിമുഴുവൻ വലിച്ച് നടക്കാനുള്ളതാണ്....വെറും കൈച്ചുമടിനു് കിട്ടുമല്ലോ എട്ടണ"

"നിത്ത്, നിത്ത് ഞാനും ഇവിട്ടത്തുകാരൻതന്നെ. ഒരു ചില്ലി കൂടുതൽ തരികയില്ല."

....ടിങ്ങ്....ടിങ്ങ് ങ്ങ് ങ്ങ്....വണ്ടി നീങ്ങി.

"എന്റെ ഒരു ഭാണ്ഡം വണ്ടിയിൽ അകപ്പെട്ടു."

"എന്റെ കുഞ്ഞ് എവിടെ?"

"രമേശ്.......എടാ.......രമേശ്....... ര േേ മേശ്...."

"ഇടത്ത്....ഇടത്ത്"

വണ്ടി നീങ്ങിക്കൊണ്ടിരുന്നു.

# ഗാനകൗതുകം

കൈപ്പള്ളിൽ കൃഷ്ണപിള്ള B.A., B.L.

സുരരജതതാരകേ, ശാരദാഭ്രത്തിലെ-
സ്സുരസരുചിരോദാരസൌഭാഗ്യപൂർത്തികൾ
അനുനിമിഷമാവോളമാസ്വാദിച്ചനാഹം
അനുപമവിലാസത്തിലാറാടി നില്ക്കവേ,
അഴകൊഴുകുമരിയൊരഭിലാഷങ്ങളായിരം
അരികിലലരായ്‌ വിരിഞ്ഞാനന്ദമാകവേ,
അവികലവികാരങ്ങൾ താവിത്തുളുമ്പിടും
മധുരമൃദുഗീതംകൊതിച്ചുപോകുന്നു നീ!
അയിമഹിതമഞ്ജിമേ, നിൻഗാനകൌതുകം
ഫലഭരിതമാകുവാൻപ്രാർത്ഥിക്കയാണു ഞാൻ

മധുരമൊഴിതവവിമലഭാവപ്രഭാവത്തെ-
യധികകുതുകോപേനമാദരിക്കുന്നു ഞാൻ!
നവനളിനകോമളം താവകീയാനനം
ലളിതമൃദുലസ്മേര സംജാതദീപ്തിയാൽ
ശരദമലനീലാംബരോല്ലസത്താരമായ്‌-
ത്തെളിവിയലുമനഘവരശൃംഗാരരംഗിക
അമിതരസമനവരതമാസ്വദിച്ചീടുവാൻ [ൾ
മമവിധുരഹൃദയശുകമെത്രമോഹിക്കിലും,
അഴലെരിയുമഴിനിലകൾ വരിവരിനിരന്നു നി-

ന്നനുപദമിയറുന്നു നൈരാശ്യരോദനം!
പരിഹസിതപരവശതപരിസരമശേഷവും
പരുഷതരപരിഭവപരാധീനനാണു ഞാൻ
തവവിമലഭാവനാജാതസൌഭാഗ്യങ്ങൾ
തളിരിടുമലൌകികാരാമത്തിലല്ല ഞാൻ.
നിരവധികനിശിതതരനൈരാശ്യവേദന
നിറയെമിഴിനീരിൽക്കുളിച്ചോരെൻ ചേതന

അമരവരസംഗീതമാലപിച്ചീടുവാൻ
കരുതുകിലുമരുതുസഖി നീപൊറുക്കേണമേ!
വിഗളിതവസന്തത്തെ വർണ്ണിച്ചുപാടുവാൻ
സ്വർണ്ണമണിവീണതൻ പേലവതന്ത്രികൾ
പലവുരുമുറുക്കി ഞാൻ മീട്ടിയെന്നാകിലും
ഫലരഹിതമായിതെൻ കാവ്യപ്രചോദനം.

കവിതയുടെകളലളിതപദയുഗളശിഞ്ജിതം
കിലുകിലെവിരാളിച്ചോരെൻ വിരൽത്തുമ്പുകൾ
കലിതകദനാർദ്രസ്വനങ്ങളാണിപ്പോഴെൻ
കവനമണിവീണയിൽക്കേൾപ്പിപ്പതനാഹം
സുരരജതതാരകേ, താവകീയോജ്വല-
പ്രഭതിരളുമതിവിപുലവാനത്തിലല്ല ഞാൻ
വിശദരുചിവീശും വലാഹകശ്രേണിയും,
വിമലസുരനിമ്നഗാസൈകതഭൂമിയും,
അരിയമഴവില്ലുകൾ മൊട്ടിട്ടുനില്ക്കുന്ന
മരതകഘനശ്യാമനന്ദനാരാമവും,
മമലളിതസങ്കല്പസീമയിലെങ്കിലും
തെളിവിയലുമാറില്ലതെല്ലുപോലുംസഖീ!
അകലെയവനിയിലനാകർഷകാജ്ഞാതമാം
വിപിനതലവാസിയാംപുൽക്കൊടിയാണു ഞാൻ

തരളവനവായുവിൻതാപശ്രുതികളാ-
ണനുദിനവുമേറേററപ്പാടുന്നു ഞാനിദം
ഇനിവിയലുമതിമൃദുലരാഗംകൊതിയ്ക്കിലും
ഗളമുരളിമാമകംഗദ്ഗദോത്പീഡിതം!
സുദതിതവസുഖസുലഭസുന്ദരസ്വപ്നങ്ങൾ
സുരഭിലസുമങ്ങളായ്പ്പൂഞ്ചിരിച്ചീടുവാൻ
മമവികലവിലപനനിനാദപ്രചോദനം
പടുതയിയലാത്തതാണെങ്കിൽ ക്ഷമിയ്ക്കുക!
സുഖസുരഭിയല്ലയെന്നാകിലും മാമക-
വ്രണിതഹൃദയോദ്ഭൂതനിശ്വാസഗീതകം
വിജയമയവിമലതരഭവ്യാനുഭൂതികൾ
വിഗതകദനംനിനക്കായി നേരുന്നിതാ!
അനുപദമമേയമാമാനന്ദകന്ദളി
വരിവരിനിരക്കട്ടെ ഭാവൽക്കവീഥിയിൽ!
പരവശതപാരമുണ്ടെങ്കിലും വീണ്ടുമെൻ
ഗളമുരളിപാടുമെന്നാശിക്കയാണു ഞാൻ!
പ്രിയകരവസന്തമേ, നിൻനിദേശത്തിനാ
സ്വരഭരിതനാകുന്നപാടാത്തപൂങ്കുയിൽ' [ൽ
സുമമൃദുലപദചലനജനിതമണിമഞ്ജീര-
സുധയിലഴലാവതും മായട്ടെ മായികേ!

ഗ്രന്ഥനിരീക്ഷണം

## ഓളങ്ങൾ

[ഗ്രന്ഥകർത്താ:– പാലാ നാരായണൻനായർ, എഡ്യൂക്കേഷൻ സപ്ലൈസ് ഡിപ്പോ, തിരുവനന്തപുരം. വില–1 ക.]

പല പ്രസിദ്ധീകരണങ്ങൾവഴിയായി കവിതാരചനയിൽ തനിക്കുള്ള ശ്ലാഘ്യമായ കഴിവുകൾ ഇതിനകം വെളിപ്പെടുത്തിക്കഴിഞ്ഞ ഒരു യുവകവിയാണ് ശ്രീ. പാലാ നാരായണൻനായർ. രാഷ്ട്രീയവും, സാമ്പത്തികവും, സാമൂഹ്യവുമായ വിഷയങ്ങളിലേയ്ക്ക് അദ്ദേഹം കടന്നുചെന്നപ്പോളുണ്ടായതാണീ "ഓളങ്ങൾ". പതിനാറു കവിതകളുണ്ട് ഈ സമാഹാരത്തിൽ.

'ഭാരതത്തിന്റെ ചിത്രക'മായി വിളങ്ങുന്ന പ്രത്യേകതകളെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നതു്; അതാണ് 'കേരള'മെന്ന കവിതയിലെ ഉള്ളടക്കം. അഖണ്ഡകേരളത്തെപ്പററി സഹ്യനും പശ്ചിമാബ്ധിയും തമ്മിൽ നടത്തുന്നൊരു സംഭാഷണമാണ് "നാളത്തെപ്പാട്ടാ"യി അവതരിപ്പിച്ചിരിക്കുന്നതു്. കേരളോല്പത്തിക്കുവേണ്ടി "ഉടുപുടവപോൽ തെറുത്തു പിന്നിലേയ്ക്കൊതുങ്ങിയ" വാരിധിയോട്

വിജയമാളട്ടെ, തവാഭിലാഷങ്ങൾ;
വിഫലമാകിലോ, വീണ്ടും
വിഴുങ്ങികിച്ചെറു കരയെക്കൂടിനീ;
വിവാദമപ്പൊഴേ തീരും!!"

എന്നാണു മലയൻ പറഞ്ഞവസാനിപ്പിക്കുന്നതു്. "വിമാനത്തിലേ"ററിനമ്മെയുംകൊണ്ടുപോവുകയാണ് കവി കേരളത്തിന്റെ മുകളിൽക്കൂടി. അപ്പോൾ നാം കാണുന്ന ദൃശ്യങ്ങൾ നമ്മെ ആനന്ദനിർവൃതിയിൽ ലയിപ്പിക്കുന്നുണ്ടു്. ആ അവസരത്തിൽ, "ഞാനും വിമാനവും മാഞ്ഞുപോയി"എന്ന വാക്യം അക്ഷരംപ്രതി ശരിയായത്തീരുന്നു. ചേതോഹരങ്ങളായ കാഴ്ചകൾ കണ്ടു രസിക്കുന്നതിനിടയ്ക്കുണ്ടോ ഇരിക്കുന്ന സ്ഥലത്തെക്കുറിച്ചോ, അങ്ങോട്ടാനയിച്ചയാളെക്കുറിച്ചോ, നാം ചിന്തിക്കുക.

ഹിമവാന്റെ സംസ്കാരം പകർന്നിട്ടും, ഗൌരീശങ്കരപ്രദേശത്തിൽ സന്ദേശം വഹിച്ചിട്ടും, കൈലാസമൂററിത്തന്ന മുഖ്യമാമദൈവതം തളിച്ചിട്ടും.

"ഗുണവും ഗുരുത്വവും ഗൂഢമായ് പിരിഞ്ഞിന്നു
രണവും നിണവുമായ് ഭാരതം, വിപരീതം!"

എന്നു് ഗംഗാനദിയോടു വിലപിക്കുന്ന സിന്ധു സ്വകർത്തവ്യ നിർവ്വഹണത്തിൽ ഒരു നീക്കുപോക്കും വരുത്തുവാൻ തയ്യാറില്ല–ഗംഗാനദിയുടെ സൗഹൃദയം പൊഴിഞ്ഞുകൊണ്ടുള്ള അപേക്ഷയുണ്ടായിട്ടും "പുത്തനാം പാക്കിസ്ഥാനെപ്പൂണുനൂലണിയിക്കാനെ"ത്തുകയാണ് സിന്ധു. പൂണുനൂൽ ധരിച്ചുതുകൊണ്ടു വ്യക്തികൾക്കു ഊട്ടുസൗകര്യം ലഭിച്ചിരുന്നതു പണ്ടുകാലത്തായിരുന്നു; എന്നാൽ നദിയാകുന്ന പൂണുനൂൽ നാട്ടാരെ പട്ടിണിയിൽനിന്നു മോചിപ്പിക്കുവാൻ സഹായിക്കുന്നതു് എക്കാലത്തുമുള്ള സംഭവമാണല്ലോ. ഭാരതത്തെ ആകമാനം ചരിത്രപരമായൊന്നു നിരീക്ഷിച്ചപ്പോളുണ്ടായ "ഓർമ്മയുടെ ഓളങ്ങളാ"ണു് അവസാനത്തെ കവിതയായി ചേർത്തിരിക്കുന്നതു്. അതിലെ ഏതു വരികളാണുദ്ധരിക്കേണ്ടതു്? ഏതു വരികളാണു വിട്ടുകളയേണ്ടതെന്നു പറവാൻ ഞെരുക്കമുണ്ടു്.

കേരളത്തിൽനിന്നു് ഹിമവൽ പാർശ്വത്തിലേയ്ക്കു ചെന്നെത്തുന്ന കവി വഴി

യിൽവച്ചു പല കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്; യുഗങ്ങൾക്കപ്പുറത്തായി, പരിണാമഫലമായുണ്ടായ മാനുഷോദയം; ശാന്തിതൻ പരിശുദ്ധാമുദ്രയായ പ്രാവ്, രണവും കലാപവും മൂർത്തിമത്താകും മേഘം എന്നിവയെക്കുറിച്ചും മററും ഇതിനിടയ്ക്കു "ഏഷ്യ ഉണരുന്നതും" കവി നമ്മുടെ ശ്രദ്ധയിൽ പെടുത്തുന്നുണ്ട്. "ബർണാഡ്ഷാ" യുടെ ചരമവൃത്താന്തംകേട്ട്, അല്പം പകച്ചുനില്ക്കുകയായി; മൃത്യുവിന് അദ്ദേഹത്തെ പിടികൂടാനെങ്ങനെ കരളുറപ്പുണ്ടായെന്ന അത്ഭുതത്തോടെ.

"മനുജരെ ഗാന്ധിജിയോളമുയർത്തുവാൻ
മതിയാകുമായതിൻ നാദലേശം"

അങ്ങിനെയുള്ള ആ 'ഓടക്കുഴൽ' വിളികേൾപ്പിക്കുതിന്നായിനമ്മെ വൃന്ദാവനത്തിലേയ്ക്കു ആനയിക്കുകയാണ്.

"പവനനിലാടിടും പൊന്നിലത്തോരമേ
നവ നവനീത നിലാവു പൂശി
തരളമമംബരം ചുംബിയ്ക്കും ശാഖമേൽ
തല ചാച്ചുതാരയാൽമുത്തു ചാർത്തി
നിലകൊള്ളുമാല്യം"

മററുമുള്ള ആ വൃന്ദാവനത്തിൻെറ വർണ്ണന വായിക്കുമ്പോൾ പ്രകൃതിവർണ്ണനാവൈദഗ്ദ്ധ്യത്തിനു പേരുകേട്ട മഹാകവികളെ നാം ഓർക്കുന്നുണ്ടാവും. പ്രകൃതിവർണ്ണനയിൽ ശ്രീ. പാലാ വരിച്ച വിജയമായിക്കരുതാം ഈ ഭാഗത്തെ.

വൈവിദ്ധ്യത്തിനു വേണ്ടിയായിരിക്കാം കവി ഇടയ്ക്കൊരു കഥാകഥനത്തിലേർപ്പെട്ടിരിക്കുന്നതു്; "പട്ടിണി ഭയപ്പെട്ട പട്ടാളത്തിൽച്ചേർന്ന" കഥ

ശ്രീ. പാലാ നാരായണൻനായർ എപ്പോഴും ദരിദ്ര നാരായണന്മാരുടെ വശത്താണു നിലകൊള്ളുന്നതെന്നു് ഈ സമാഹാരത്തിലെ പല കൃതികളും വ്യക്തമാക്കുന്നുണ്ട്. അവരുടെ അവശതകളുടെ നേർക്കു ഒരിക്കലുമദ്ദേഹം കണ്ണടക്കുന്നില്ല; മറിച്ചു തരമുള്ളപ്പോഴെല്ലാം അക്കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുവാൻ ശ്രമിക്കുന്നുമുണ്ട്. വളരെ ശ്രദ്ധേയങ്ങളാണാഭാഗങ്ങളെന്നു പറയാതെ തരമില്ല.

"നിത്യം ദരിദ്രമായ്ത്തീരുന്ന നാട്ടിലെ
മർത്ത്യരെങ്ങാശ്വാസശാന്തി കണ്ടെത്തിടും?"

എന്ന നിരാശതാജന്യമായ ചോദ്യം "നീറുന്ന കണ്ണുകളിൽ" നിഴലിക്കുന്നതോടൊപ്പം

"ചിത്തവേദനയോടതാ നില്ക്കുന്നു
മുഗ്ദ്ധാകുഷ്കഭാരതം ശോകദം"

എന്നു പറയിപ്പിക്കുന്ന ഒരു ദയനീയചിത്രം "രക്തപുഷ്പ"ത്തിലുണ്ട്

"വേതനം വെറും തുച്ഛം;
വേലവേണ്ടതിൽമെച്ചം
വേദനപ്പെടാനുള്ള
ജീവിയാണദ്ധ്യാപകൻ!"

എന്നു മനസ്സിലാക്കുമ്പോൾ വായനക്കാരൻതന്നെ ചോദിച്ചുപോകും

"പൃഥ്വിയിൽ വിദ്യാദാനമിത്ര മേൽ നികൃഷ്ടമോ?"

എന്ന് "വിമാനത്തിലിരുന്നുകൊണ്ടു്" നിർവ്വഹിച്ചിരിക്കുന്ന പ്രകൃതിവർണ്ണനയ്ക്കിടയ്ക്കും

"ചകിരിതല്ലിയും കയറിൻചൂടികളിണച്ചും മൂപ്പിരിയാക്കി"

പകലിരവുകളില്ലാതെ പണിയെടുക്കുന്ന പാവങ്ങളുടെ കാര്യം വിസ്മരിക്കപ്പെട്ടിട്ടില്ല.

ഇത്തരം ചിത്രങ്ങളെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ട് കവി ഒഴിഞ്ഞുമാറുകയല്ല ചെയ്യുന്നതു്; നേരെമറിച്ചു്

"പൊയ്പ്പോയതൊക്കെയും ചിന്തിച്ചു
നില്ക്കുവാ
നിപ്പോളവസരമില്ലിനി, ധീരനായ്
ക്ഷേമം പരിക്ഷീണമാകാത്ത പുത്തനാം–
സാമൂഹ്യശക്തിയാൽനാകം രചിക്കണം!"
(നീറുന്ന കണ്ണുകൾ)

എന്നുപദേശിക്കുന്നുമുണ്ട്.

പേരും പെരുമയുമാർജ്ജിക്കാനായ് മനുഷ്യർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളുടെ വിവരണമാണ് "പരമാർത്ഥങ്ങളിലെ ഉള്ളടക്കം. ഉദ്ധരിക്കുവാൻ തുടങ്ങിയാൽ അതു മുഴുവൻ ഉദ്ധരിക്കാതെ തൃപ്തിവരുന്നതല്ല. അത്രയ്ക്കു് അസ്സലായിട്ടുണ്ടതു്.

"ധ്വനിയും ഗുണവും രസവുംകവിതാ
വനികയിലൊഴുകാതാക്കേണം"

എന്നും മററുമുള്ള വിപ്ലവശാലികളുടെ വിഭ്രമങ്ങളും

"ആശയമെല്ലാമവസാനിച്ചാൽ
മോഷണവും ഹാ! കലയാകും!
തലയും വാലും വെട്ടിയൊതുക്കി–
ക്കോലം മാററിപേരിട്ടാൽ
ആരാണറിയാൻ?....ഭജനംമൂത്താ–
ലൂരാണ്മയ്ക്കുണ്ടവകാശം!
ആയതിനയരാമഭിനന്ദനവും
ആയതമാകും പ്രതിഫലവും
അതിനിടയാക്കിയൊരാദ്യകവിയ്ക്കാ
ണപഹരണത്തിൻ പഴിദോഷം".

എന്നിങ്ങനെയുള്ള പൊളിച്ചുപറയലും

"അപരന്മാക്കൊരു പിടിയും കിട്ടാ–
തവരവർ തമ്മിൽപ്പുകഴുന്നു
ഒരുവൻ നല്ലൊരു ലഘുചിത്രംകൊ–
ണ്ടിതരനെ വാനിൽ കേററുന്നു
പദഭജനത്തിനു കൂലികൾ, വൻകവി–
പദവും ബിരുദം ബഹുമതിയും!" ..

എന്ന തരത്തിലുള്ള സൂചനകളും വേണ്ട പോലെ മനസ്സിലാക്കുന്ന വായനക്കാരൻ കവിയോടൊത്തു പറയുന്നുണ്ടാവുമിങ്ങനെ

"കവനവിലാസിനിമലയാണ്മേ! നിൻ
ഭവനവിനോദം മമഖേദം"

പക്ഷാന്തരങ്ങൾക്കിടംകൊടുക്കുന്ന ചില ഭാഗങ്ങൾ ഈ കാവ്യസമുച്ചയത്തിൽ കണ്ടുവെന്നുവരാം. അത്തരം സന്ദർഭങ്ങളിലും ഒട്ടും നിറംകാത്തതായിത്തോന്നുകില്ല കവിപക്ഷമെന്നുകൂടി പറയേണ്ടതുണ്ട്. ദരിദ്രജീവിതത്തെയെന്നപോലെതന്നെ പ്രകൃതിഭംഗിയേയും, ഭംഗിയായ് വരച്ചുകാട്ടുവാൻ ശ്രീപാലായ്ക്കു കഴിയുമെന്നു നാം മനസ്സിലാക്കുന്നതോടെ, അദ്ദേഹത്തിൻെറ കഴിവുകളെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം ദൃഢതരമാവുന്നു. അതാണു് "ഓളങ്ങളു"ടെ പ്രസിദ്ധീകരണംകൊണ്ടുണ്ടായിട്ടുള്ളതു്.

പി. എസ്.

## നെല്ലിക്ക

ഗ്രന്ഥകർത്താ :— പി. അയ്യനേത്തു്.
പബ്ളിഷർ:— തോമസ് പിലിപ്പോസ് അയ്യനേത്തു് കൈപ്പട്ടൂർ. വില 10 അണ.

രാജനും ലില്ലിയും കളിത്തോഴരാണ്. വളർന്നുവന്നതോടെ അവർ പ്രണയബദ്ധരാവുന്നു. പക്ഷെ ലില്ലിയുടെ അച്ഛനമ്മമാർ അവൾക്കു മറെറാരുവനെയാണ് വരനായി നിശ്ചയിക്കുന്നതു്. ആ വിവാഹം നടക്കുന്നതിനുമുമ്പ് ലില്ലിക്കു് രാജനോടുള്ള പ്രണയത്തിൻെറ മാററു മനസ്സിലാക്കുവാൻകഴിഞ്ഞ വരൻ സ്വയം പിന്മാറുന്നു. കാളേജ്‌വിദ്യാർത്ഥിയായ രാജൻ വിദ്യാർത്ഥികളുടെ നേതൃത്വമേറെറടുത്തു്, സമരം നടത്തുകയാൽ പരീക്ഷയിൽ തോല്പിക്കപ്പെട്ടു. അപമാനഭാരം താങ്ങുവാൻ വയ്യാതെ ആ

വിദ്യാർത്ഥി നാടുവിടുന്നു. ലില്ലി കാര്യങ്ങളുടെയഥാർത്ഥസ്ഥിതിയല്ല ഗ്രഹിക്കുന്നതു്. ഡിറെറയിൻ ചെയ്യപ്പെട്ടതുകൊണ്ടു് രാജൻ പ്രിൻസിപ്പാളിനെ അടിച്ചുവെന്നും അവനെ പോലീസുകാർ മർദ്ദിച്ചുവെന്നും മററുമാണു്. പെട്ടെന്നുണ്ടായ ഞെട്ടൽമൂലം ആ പിഞ്ചുഹൃദയം സ്തംഭിച്ചുപോയി. ഇതാണു് 'നെല്ലിക്കയിലെ' കഥ.

കഥാരചനയ്ക്കു യോജിച്ച ഒരു ഭാഷാശൈലി ഗ്രന്ഥകാരനുണ്ടു്. കഥാപാത്രങ്ങളെയും രംഗങ്ങളെയും സജീവമാക്കുവാനും കഴിഞ്ഞിട്ടുണ്ടദ്ദേഹത്തിനു്. പക്ഷെ ചില ഭാഗങ്ങൾ വായിക്കുമ്പോൾ നമുക്കൊരു വല്ലായ്മ തോന്നുന്നുണ്ടാവും. വിദ്യാർത്ഥികളുടെമേൽ നടത്തപ്പെട്ട ലാത്തിച്ചാർജ്ജിനെ കുറിച്ചു ഗ്രന്ഥകാരൻ ആവേശംകൊള്ളുന്ന ഭാഗം അല്പം മുഴച്ചുനില്ക്കുന്നുണ്ടെന്നും, ആയതു കഥാഗതിക്കു് അല്പം ഉടവുതട്ടിക്കുന്നുണ്ടെന്നും പറയാതെ തരമില്ല.

## സ്വാതന്ത്ര്യദിനത്തിൽ

ഗ്രന്ഥകർത്താ:– സി. എ. കിട്ടുണ്ണി. പബ്ളിഷേഴ്സ്:–മംഗളോദയം ലിമിറഡ്, തൃശ്ശൂർ. [വില 1 ക. 4 ണ.]

ബാഹ്യജീവിതത്തിൽ കണ്ടുമുട്ടുന്ന സംഭവങ്ങളിൽ ചിലതിനെ തെരഞ്ഞെടുത്തു ചിത്രീകരിക്കുവാൻ പല കഥാകൃത്തുക്കളും ശ്രമിച്ചു പോരുന്നുണ്ടു്. വേണ്ട ഔചിത്യദീക്ഷയോടും, നല്ല തന്മയത്വത്തോടുംകൂടി അതു നിർവ്വഹിക്കുവാൻ ചിലക്കു സാധിക്കുന്നുമുണ്ടു്. എന്നിട്ടും അവയെ ഒന്നാംതരം കലാശില്പങ്ങളായി കരുതുവാൻ വയ്യാതെയാണിരിക്കുന്നതു്. കാരണം അവ 'കഥ വായിച്ച പ്രതീതി' ഉളവാക്കുന്നുവെന്നതു തന്നെ. ഒരു കഥ വായിച്ചുശേഷം അതിൽ പ്രതിപാദിച്ചിട്ടുള്ള സംഭവങ്ങൾ നാം നേരിൽ കണ്ടതുപോലെയും അതിലെ കഥാപാത്രങ്ങളുമായി നാം നേരിൽ പരിചയപ്പെട്ടതു പോലെയുമുള്ള പ്രതീതിയാണു് നമ്മിൽ തങ്ങിനില്ക്കുന്നതെങ്കിൽ തീച്ചയായും ആ കഥയെ നല്ലൊരു കലാശില്പമായി കരുതാം. അങ്ങിനെ നോക്കുമ്പോൾ ഈ കഥാസമാഹാരത്തിലെ "സ്വാതന്ത്ര്യദിനത്തിൽ" "സാക്ഷി രാമൻനായർ" എന്ന രണ്ടു കഥകളെ ഗ്രന്ഥകാരന്റെ വിജയമായി ഗണിക്കാം. 'ഉഴക്കു ചോർകൊണ്ടൊരു വാസരാന്തം കഴിക്കു'മഞ്ചാറു പേരിലൊരാളായ വിജയൻ എന്ന ബാലൻ റാവു ബഹദൂർ ചെറിയാന്റെ പട്ടികളുടെ ആഹാരാവശിഷ്ടം കട്ടുതിന്നുന്നു. പെട്ടെന്നവിടെ എത്തിയ നായ്ക്കൾ ആ ബാലനെ കടിച്ചു ചീന്തുന്നു. രക്താഭിഷിക്തനായ ആ ബാലനെ, ആ നായ്ക്കളുടെ സൂക്ഷിപ്പുകാരൻ, എടുത്തുകൊണ്ടുപോയി അവന്റെ വീട്ടിൽ കിടത്തുന്നു. ആഗസ്ററ പതിനഞ്ചാം തിയതി 'സ്വാതന്ത്ര്യദിനത്തിൽ'– നടന്നതാണിതു്.

രജിസ്ട്രാറാഫീസിലെ 'സ്ഥിരം (കള്ള) സാക്ഷി'യായിക്കഴിഞ്ഞുകൂടുന്ന രാമൻനായരുടെ ചെമ്പുതെളിയിക്കലാണു് 'സാക്ഷി രാമൻനായർ' എന്ന കഥയിലെ പ്രമേയം. ഈ രണ്ടു കഥകളും വായിച്ചു കഴിഞ്ഞാൽ, വിജയനു പററിയ അപകടവും രാമൻനായർ ഇളിഭ്യനായിത്തീന്നതും നമ്മുടെ മുമ്പിൽ നടന്നതുപോലെയാണു് നമുക്കു തോന്നുക.

'പതിനാറാം കുഴി', 'മജിസ്ട്രേട്ടിനു പിഴ', 'പോക്കററടി', 'തിരുവെഴുത്തു്', 'കരച്ചിലും ചിരിയും' എന്ന അഞ്ചു കഥകൾ കൂടിയുണ്ടു് ഈ ഗ്രന്ഥത്തിൽ. ഈ കഥകളും സാമാന്യം നന്നായിട്ടുണ്ടെന്നു പറയാം; മുൻചൊന്ന കഥകളെപ്പോലെ

യായിട്ടില്ലെങ്കിലും. ആശുപത്രിയിലെ നിയമങ്ങൾ പാവപ്പെട്ടവരുടെ കാര്യത്തിൽ എത്ര നിർദ്ദയമായിട്ടാണു് പരിപാലിക്കപ്പെടുന്നതെന്നു് 'പതിനാറാം കുഴി'യിൽ കാണാം.

അന്തിയാവോളം പണിയെടുത്തശേഷം അന്നത്തെ കൂലികിട്ടാതെ മടങ്ങേണ്ടിവന്ന തൊഴിലാളി ദമ്പതിമാർ, പോലീസ്സിന്റെ പിടികിട്ടേണ്ടിയിരുന്ന രണ്ടു യുവാക്കൾക്കു അഭയംനല്കി അങ്ങനെ അവരുടെ കുടുംബത്തെ പട്ടിണിയിൽനിന്നു രക്ഷിക്കുന്നു. ആ ദമ്പതിമാർ ജയിലിലടയ്ക്കപ്പെട്ടു. അവരുടെ കുട്ടികളുടെ കാര്യമാണു് "മജിസ്ട്രേട്ടിന്റെ പിഴ"യായിത്തീർന്നതു്.

'പാക്കററടി' എന്നതിനെ ഒരു കഥയായി കരുതുന്നതിലും ഭേദം ഒരുയാത്രാവിവരണമായിക്കണക്കാക്കുന്നതായിരിക്കും. വളരെ സ്വാഭാവികമായിട്ടുണ്ടു് അതിലെ പ്രതിപാദനം.

"സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കീടുമോർക്കനീ"

"തിരുവെഴുത്തു്" എന്ന കഥ ഈ തത്വത്തിന്നൊരുദാഹരണമാകുന്നു.

വലിയ പ്ലാട്ടൊന്നുമില്ലാത്ത 'കരച്ചിലും ചിരിയും' എന്ന കഥയിൽ ഒരു ദരിദ്ര ഭവനത്തിന്റെയും, ദരിദ്രയായ ഒരു മാതാവിന്റെ ഹൃദയ വ്യഥയുടേയും ചിത്രീകരണമാണടങ്ങിയിരിക്കുന്നതു്.

സജീവങ്ങളായ കഥാപാത്രങ്ങളെയും രംഗങ്ങളെയുമാണിതിലധികമായും കാണ്മാനുള്ളതു്. അന്തരീക്ഷ ചിത്രീകരണത്തിലുള്ള കഥാകൃത്തിന്റെ വൈദഗ്ദ്ധ്യം പല ഭാഗങ്ങളിലും തെളിഞ്ഞു വിളങ്ങുന്നുണ്ടു്. ഇതിലെ കഥകളെല്ലാം പഴതാറതാണെന്നു വിചാരിച്ചേയ്ക്കരുതു്. "നീങ്കളെങ്കേപോറേൻ" "കുംഭകോണം മുടഞ്ചുപോച്ചി" എന്നും മററും ഒരു തമിഴനെക്കൊണ്ടു പറയിച്ചിരിക്കുന്നതു് അരോചകമായിത്തോന്നാതിരിക്കണമെങ്കിൽ വായനക്കാരനു് തമിഴുമായി തീരെ പരിചയമില്ലാതിരിക്കണം. സൂക്ഷ്മ പരിശോധനയിൽ ചില വൈകല്യങ്ങൾ തല പൊക്കുന്നതു കാണാം. പക്ഷെ അവ കഥാഗതിയെ സാരമായി ബാധിക്കുന്നില്ല എന്നു സമാധാനിക്കുകയും ചെയ്യാം.

പി. എസ്

# കൈപ്പററി

**ഓളങ്ങൾ**—(കവിതാസമാഹാരം) ഗ്രന്ഥകർത്താ: പാലാ നാരായണൻനായർ. പേജ് 80. വില 1 ക.

**ശംഖനാദം**—(കലാപരങ്ങളായ പ്രബന്ധങ്ങൾ) ഗ്രന്ഥകർത്താ: കെ. എം. ഡാനിയൽ എം. എ. പ്രസാധകന്മാർ: അസോഷ്യേററഡ് പബ്ളിഷേഴ്സ്, കോട്ടയം. പേജ് 108. വില 1 ക. 4 ണ.

**പ്രാചീനകേരളലിപികൾ**—പ്രസാധകന്മാർ: കൊച്ചി മലയാള ഭാഷാപരിഷ്കരണക്കമ്മിററി, എറണാകുളം. പേജ് 43. വില 3 ക.

**ശൈലീപ്രദീപം**—ഗ്രന്ഥകർത്താ: കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ. പ്രസാധകന്മാർ: കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി. പേജ് 510. വില 6 ക.

**ആഗന്തുകരോഗശമനോപായങ്ങൾ**—ഗ്രന്ഥകർത്താ: കെ. ഐ. ഐപ്പാത്തു ബി. ഏ. പ്രസാധകന്മാർ: കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി. പേജ് 74. വില. 12 ണ.

**സഹകരണപ്രസ്ഥാനം**—ഗ്രന്ഥകർത്താ: വി. കെ. കുഞ്ഞൻമേനോൻ. പ്രസാധകർ: കൊച്ചി ഭാഷാപരിഷ്കരണക്കമ്മററി. പേജ് 176. വില 1 ക.

**കൗടില്യന്റെ അർത്ഥശാസ്ത്രം**—പ്രസാധകർ: കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മററി. പേജ് 755. വില 3 ക.

**മനുഷ്യാലയചന്ദ്രിക**—(തച്ചുശാസ്ത്രം) പ്രസാധകർ: കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററി. പേജ് 138. വില 1 ക, 2 ണ.

**ചിത്രപ്രശ്നം**—(ജ്യോതിഷശാഖയിൽപ്പെട്ട ഒരപൂർവ്വഗ്രന്ഥം) പ്രസാധകർ: കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററി. പേജ് 36. വില 1 ക.

**മുഗ്ദ്ധരാഗം**—(നോവൽ) മൂലഗ്രന്ഥകാരൻ: ടാഗോർ. വിവർത്തകൻ: മേനാക്കയ്മൾ വാസുദേവനുണ്ണിത്താൻ. പ്രസാധകർ: മംഗളോദയം, തൃശൂർ. പേജ് 419. വില 3 ക.

**ഊമപ്പെണ്ണ്**—(നോവൽ) ഗ്രന്ഥകർത്രി: വി. സരസതി. പ്രസാധകർ മംഗളോദയം, തൃശൂർ. പേജ് 114. വില. 1 ക. 4 ണ.

**മാധവീകങ്കണം**—(ആഖ്യായിക) മൂലഗ്രന്ഥകാരൻ: ആർ. സി. ഡട്ട്. വിവർത്തകൻ: തേലപ്പുറത്തു നാരായണ നമ്പി. പ്രസാധകർ: മംഗളോദയം, തൃശൂർ. പേജ് 386. വില. 3 ക.

**അഴകുള്ള ഭ്രാന്തി**—(ഖണ്ഡകാവ്യം) ഗ്രന്ഥകർത്താ: ചെറായി ജി. പ്രസാധകർ: എൻ. വി. സി. പബ്ളിക്കേഷൻസ്, നന്ദിയോട്. പേജ് 29. വില 8 ണ.

**ലളിത**—(നോവൽ) ഗ്രന്ഥകർത്താ: കെ. ജി. വറുഗീസ്, കല്ലുവിളയിൽ, ചെന്നിത്തല. പേജ് 228. വില 1 ക. 8 ണ.

**താരാപഥം**—(സിനിമാമാസിക) പത്രാധിപന്മാർ: സി. എൻ. ശ്രീകണ്ഠൻനായർ, കെ. ബാലകൃഷ്ണൻ, എൻ. രാമചന്ദ്രൻ, പേട്ട, തിരുവനന്തപുരം. ഒററപ്രതിവില 4 ണ.

**സഹകരണപ്രബോധിനി**—(സഹകരണമാസിക) പത്രാധിപർ: ജോസഫ് മുണ്ടശ്ശേരി, തൃശൂർ. ഒററപ്രതി വില 4ണ.

# ഗ്രന്ഥശാലാവാർത്തകൾ

## ജ്ഞാനപ്രദായിനി ഗ്രന്ഥശാല, പുലിയൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ രണ്ടാമത്തു വാർഷികസമ്മേളനം ഡിസംബർ 1-ാം തീയതി ബ്രഹ്മശ്രീ പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. എം. കെ. എബ്രഹാം ബി. ഏ. എൽ. ററി., സി. എം. ജാൺ എം. ഏ. എൽ. ററി., എം. പി. മന്മഥൻ എം. ഏ. എന്നിവർ പ്രസംഗിച്ചു.

രാത്രി മുടിയിൽത്താം വി. ഭാസ്കരൻ & പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

## യുവജനസമിതി വായനശാല, മണല്ലൂർ

ഈ വായനശാലയുടെ വാർഷികയോഗം നവംബർ 30-ാം തീയതി ശ്രീ. പി. കരുണാകരമേനോന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എം. ഓ. കൃഷ്ണൻ പ്രസംഗിക്കുകയുണ്ടായി. ഭരണസമിതിയിലേക്ക് ശ്രീ. പി. കരുണാകരമേനോൻ, കെ. കെ. മാത്തു എന്നിവരെ തെരഞ്ഞെടുത്തു.

## വിദ്യാവിലാസിനി ഗ്രന്ഥശാല, അരുമന

നവംബർ 30-ാം തീയതി ശ്രീ. പി. വേലായുധൻതമ്പിയുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. ഡാക്ടർ സി. ജെ. താണുപിള്ളയെ പ്രസിഡൻറായും ശ്രീ. പി. വേലായുധൻതമ്പിയെ വൈസ്പ്രസിഡൻറായും വി. വേലായുധൻപിള്ളയെ സെക്രട്ടറിയായും എം. നാരായണൻ.നായരെ ലൈബ്രറിമാനേജരായും ആർ. അപ്പുക്കുട്ടൻപിള്ളയെ ലൈബ്രേറിയനായും തെരഞ്ഞെടുത്തു.

## വിവേകോദയം ഗ്രന്ഥശാല, ആലപ്പുഴ

പ്രസ്തുത ഗ്രന്ഥശാലയുടെ 3-ാമത്തു വാർഷികയോഗം നവംബർ 23-ാം തീയതി ശ്രീ. കെ. കെ. ത്യാഗരാജന്റെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. വി. കെ. രാഘവൻ മുതലാളി പ്രസിഡൻറായും, കെ. ഹുസ്സൈയിൻ, സി. ററി. കുര്യൻ എന്നിവർ വൈസ്പ്രസിഡൻറന്മാരായും, ഏ. വാസു ജനറൽ സെക്രട്ടറിയായും, കെ. പരമേശ്വരൻ, വി. കെ. മാധവൻ എന്നിവർ ജോയിൻറ്സെക്രട്ടറിമാരായും ജി. ചെല്ലപ്പൻ ഖജാൻജിയായും ഉള്ള ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

പൊതുസമ്മേളനം എൻ. എൻ. ഇളയത് ബി. ഏ. ബി. എൽ-ന്റെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. ജോസ് ജെ. ചാലങ്ങാടി, വെയ്യൂം ചന്ദ്രശേഖരൻനായർ എന്നിവർ പ്രസംഗിക്കുകയുണ്ടായി.

## മുഹമ്മദ് അബ്ദുറഹിമാൻ മെമ്മോറിയൽ ലൈബ്രറി, എറിയാട്

ഈ വായനശാലയുടെ ദ്വിതീയ വാർഷികസമ്മേളനവും മുഹമ്മദ്അബ്ദുറഹിമാൻ സാഹിബ്ബിന്റെ 7-ാമത്തു ചരമദിനവും നവംബർ 23-ാം തീയതി ശ്രീ. ഈ പത്മനാഭമേനോന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ഹാജി മണപ്പാട്ട് പി. കുഞ്ഞുമുഹമ്മദുസാഹിബ്ബ് സമ്മേളനം ഉത്ഘാടനം

ചെയ്തു. സഖാവു പ്രാക്കുളം ഭാസി എം. എൽ. എ., പി. കേശവദേവു്, പി. കെ. ബാലകൃഷ്ണൻ, കെ. കെ. അയ്യപ്പൻ എന്നിവർ പ്രസംഗിച്ചു. ലൈബ്രറി കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി പി. കുഞ്ഞുമുഹമ്മദുസാഹിബ്ബ്, എ. കെ. കൊച്ചുണ്ണി എന്നിവർ കൺവീനർമാരായി ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ദേശബന്ധുഗ്രന്ഥശാല, പഴങ്ങാലം, കുണ്ടറ

സെപ്ററംബർ 27–ാം തീയതി ഗ്രന്ഥശാലാംഗങ്ങൾകൂടി 'വ്യാമോഹം' എന്ന ഗദ്യനാടകം അഭിനയിച്ചു. ഉല്പന്നപ്പിരിവു നടത്തിയതിൽ ഉദാരമായ സംഭാവനകൾ ലഭിച്ചിട്ടുമുണ്ടു്.

### വന്ദേമാതരം ഗ്രാമീണവായനശാല, തെക്കേവാഴക്കുളം

ഈ ഗ്രന്ഥശാലയുടെ 5–ാമതു വാർഷികം നവംബർ 29–ാം തീയതി ശ്രീ. കെ. പി. കൃഷ്ണമേനോൻെറ (ഡെപ്യൂട്ടിസ്പീക്കർ) അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. ടി. ഒ. ബാവ, മലയാററൂർ സുരേന്ദ്രൻ, പി. ഗോവിന്ദപ്പിള്ള എം. എൽ. എ., എം. പി. മാധവൻ B. Sc. എന്നിവർ പ്രസംഗിച്ചു. രാത്രി 'പിൻഗാമി' എന്ന ഗദ്യനാടകം വന്ദേമാതരം കോമള കലാസമിതിക്കാർ അഭിനയിക്കുകയുണ്ടായി.

### ഗ്രാമോദ്ധാരണലൈബ്രറി, ക്ലാപ്പന

ക്ലാപ്പന വടക്കു ഗാന്ധിനഗറിൽവച്ചു ഡിസംബർ 18–ാം തീയതി നടത്തപ്പെട്ട കാൺഗ്രസ്സ് സമ്മേളനത്തിൽ സംബന്ധിച്ച മന്ത്രിമാരായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ, ശ്രീ. കളത്തിൽ വേലായുധൻ നായർ, ശ്രീ. വി. മാധവൻ, ശ്രീ. കെ. കൊച്ചുകുട്ടൻ എന്നിവരും ശ്രീ. കെ. ആർ. ഇലങ്കത്തും ശ്രീ. മന്നത്തുപത്മനാഭനും പ്രസ്തുത ഗ്രന്ഥശാല സന്ദർശിച്ചു് പ്രവൎത്തനത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി.

### നവസാഹിതീഗ്രന്ഥശാല, വയലാർ

ഗ്രന്ഥശാലാകമ്മിററിയുടേയും മററു സബ്ബ്കമ്മിററികളുടേയും ഒരു സംയുക്തയോഗം ഡിസംബർ 13–ാം തീയതി ശ്രീ. പാറേഴത്തു് പരമേശ്വരക്കുറുപ്പിൻെറ അദ്ധ്യക്ഷതയിൽകൂടി. വാർഷികം വിവിധപരിപാടികളോടുകൂടി ആഘോഷിക്കുന്നതിനു തീരുമാനിച്ചു.

### മുഹമ്മദു് അബ്ദുറഹ്മാൻ സ്മാരക വായനശാല, വള്ളിവട്ടം

പ്രസ്തുത ഗ്രന്ഥശാലയുടെ 7–ാമതു വാർഷികസമ്മേളനം ഡിസംബർ 16–ാം തീയതി ശ്രീ. സി. എസ്സ്. പണിക്കരുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. കെ. കുഞ്ഞിററി യോഗം ഉത്ഘാടനം ചെയ്തു. വിദ്വാൻ എൻ. വി. കുറുപ്പു്, കെ. എ. കുഞ്ഞുമൊയ്തീൻ എന്നിവർ പ്രസംഗിച്ചു. അടുത്തവർഷത്തേയ്ക്കു ഒരു പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

### ദേശസേവിനി ഗ്രന്ഥശാല, മേനംകുളം

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ഡിസംബർ 7–ാം തീയതി ശ്രീ. ഐ. അമ്പ്രോസിൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. കെ. കൃഷ്ണപിള്ള പ്രസിഡൻറായും പി. കെ. രവീന്ദ്രൻ ബി. എ. വൈസ് പ്രസിഡൻറായും കെ. അലിയാരുകുഞ്ഞു

സെക്രട്ടറിയായും കെ. ശങ്കരപ്പിള്ള ജായിൻറ്സെക്രട്ടറിയായും, ററി. വി. വിശ്വനാഥ് ഖജാൻജിയായും 15 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### ഗ്രാമീണ വായനശാല, ഇരിങ്ങോൾ

ഈ വായനശാലയുടെ ഒരു യോഗം ശ്രീ. പി. കെ. കെ. നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. ഗണപതി ശർമ്മ ഉൾപ്പടെ 10 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ഗ്രാമോദ്ധാരണ ലൈബ്രറി, വടയംപാടി

പ്രസ്തുത ഗ്രന്ഥശാലയുടെ നാലാമതു വാർഷികയോഗം ഡിസംബർ 14-ാം തീയതി ശ്രീ. എൻ. പി. വർഗ്ഗീസ് B. A. B. L., M. L. A. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. കെ. ഹരിഹരൻ, ററി. സി. ജോസഫ്, ഏ. പി. കുഞ്ഞ് എന്നിവർ പ്രസംഗിച്ചു.

### ജനതാഗ്രന്ഥശാല, ചാത്തങ്കരി

ഈ ഗ്രന്ഥശാലയുടെ വാർഷികം ഡിസംബർ 24-ാം തീയതി ശ്രീ. കെ. ജി. കുഞ്ഞുപ്പണിക്കർ B. A. L. T. യുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. പി. ചാക്കോ ബി. ഏ. ബി. ററി., എം എൽ. ഏ., പി. എൻ. നമ്പൂതിരി ബി. ഏ. ബി. കോം, ശ്രീമതി ഏ. കെ. ചെല്ലമ്മ ബി. ഏ. എന്നിവർ പ്രസംഗിച്ചു. രാത്രി ഒരു ഗദ്യനാടകവും അഭിനയിക്കുകയുണ്ടായി.

### ജനതാഗ്രന്ഥശാല, കോട്ടയം-കൈപ്പട്ടൂർ

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ഡിസംബർ 28-ാം തീയതി ശ്രീ. എൻ. ശ്രീധരൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. ഗീവർഗ്ഗീസ് പോത്തൻ പ്രസിഡൻറായും പി. കെ. പുരുഷോത്തമൻ സെക്രട്ടറിയായും ജി. ഡേവിഡ് ഖജാൻജിയായും 15 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു. വായനശാലയ്ക്കു സ്വന്തകെട്ടിടമുണ്ടാകുന്നതുവരെ ശ്രീ. ഗീവർഗ്ഗീസ് തോമസ് ഒരു കെട്ടിടം വിട്ടുകൊടുക്കുന്നതിനു സമ്മതിച്ചിട്ടുണ്ട്.

### ദി ഫ്രണ്ട്സ് ക്ലബ്ബ് ലൈബ്രറി, കീക്കൊഴൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ ഉത്ഘാടനം ഡിസംബർ 13-ാം തീയതി കൂടിയ യോഗത്തിൽവച്ച് ശ്രീ. വി. എൻ നാണുക്കുട്ടൻനായർ ബി. എ. എൽ. ററിയും ഗ്രന്ഥശാലാ കെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം ശ്രീ. മക്കപ്പുഴ വാസുദേവൻപിള്ള M. L. A. യും നിർവ്വഹിക്കയുണ്ടായി. തദവസരത്തിൽ ശ്രീ. എസ്സ്. കൊച്ചുകൃഷ്ണൻ, കെ. ജെ. ജോർജ്ജ് B. Sc. എന്നിവർ പ്രസംഗിച്ചു. ശ്രീ. മാടത്തേത്തു എം. എം. ഫിലിപ്പ്, ശ്രീ. കുന്നയ്ക്കുത്തുണ്ടിയിൽ കെ. എം തോമസ് എന്നീ ഉദാരമതികൾ സംഭാവനചെയ്ത സ്ഥലത്താണ് ഗ്രന്ഥശാലാമന്ദിരം പണിയുന്നതു്.

### ഗ്രാമീണവായനശാല, തൃക്കമാരംകുടം

ഈ വായനശാലയുടെ 4-ാമതു വാർഷികം ഡിസംബർ 30-ാം തീയതി വിവിധ കലാപ്രകടനങ്ങളോടുകൂടി നടത്തപ്പെട്ടു. പൊതുയോഗത്തിൽ ഡാക്ടർ പി. പി. ആൻറണി എം. ബി. ബി. എസ്സ്. ആദ്ധ്യക്ഷ്യംവഹിച്ചു. വിദ്വാൻ തേമ്പാട്ടു ശങ്കരൻകുട്ടിനായർ, ശ്രീ. എസ്സ്. പത്മനാഭൻ

എം. എ. എന്നിവർ പ്രസംഗിക്കുകയുണ്ടായി. ബാലികാമാരുടെ കൈകൊട്ടിക്കളി, കോലാട്ടം ബാലന്മാരുടെ പ്രച്ഛന്നവേഷമത്സരം, എന്നിവയും ഉണ്ടായിരുന്നു.

രാത്രി ബേബിപുഷ്പയുടെ നൃത്തകലാപ്രകടനവും പുഷ്പഗിരി കലാപ്രചോദന നാടകസമിതിക്കാരുടെ 'സംഭാവന' എന്ന സംഗീതനാടകവും ഉണ്ടായിരുന്നു.

### ഗ്രാമീണവായനശാല, ചൂരക്കാട്ടുകര

പ്രസ്തുത ഗ്രന്ഥശാലയുടെ 24-ാമതു വാർഷികം ജനുവരി 1-ാം തീയതി ശ്രീ. എ. കരുണാകരമേനോൻ ബി. എ. എൽ. റി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. വി. കെ. ഗോവിന്ദമേനോൻ ബി. എ. എൽ. റി. യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. പെൺകുട്ടികളുടെ കൈകൊട്ടിക്കളി, കോലാട്ടം, മണ്ണാൻശങ്കരന്റെ നന്തുണിപ്പാട്ടു്, ശാസ്താംപാട്ടു്, ഐവർകളി എന്നീ കലാപ്രകടനങ്ങൾ ഇടയ്ക്കിടയ്ക്കുണ്ടായിരുന്നു.

രാത്രി 'വിധിയുടെ ഗതി' എന്ന നാടകം വായനശാലാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

### വാലിപർസംഘം, ജീവാന്തൽ നിലം, ഭൂതപ്പാണ്ടി

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ജനുവരി 16-ാം തീയതി ശ്രീ. ആർ. അഴകപ്പപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. ഭൂതലിംഗംപിള്ള പ്രസിഡന്റായും സി. പരശുപിള്ള സെക്രട്ടറിയായും കെ. എൻ. പെരുമാൾ ജായിന്റ് സെക്രട്ടറിയായും എസ്സ്. എസ്സ്. ആറുമുഖപ്പെരുമാൾപിള്ള ഖജാൻജിയായും ഉള്ള ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### വിജയാ ഗ്രന്ഥശാല, ചാന്നാങ്കര

പ്രസ്തുത ഗ്രന്ഥശാലയുടെ ഏഴാമതു വാർഷികം ജനുവരി 1-ാംതീയതി ശ്രീ. കെ. പ്രഭാകരൻ ബി. എസ്സ്. സി. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. റി. കെ. ശ്രീവത്സൻ പ്രസിഡന്റായും എം. കെ. ശ്രീധരൻ വൈസ്പ്രസിഡന്റായും എ. അലിയാരുകുഞ്ഞു് സെക്രട്ടറിയായും എം. എ. റഹീം ഖജാൻജിയായും 21 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### ജയഭാരത് ലൈബ്രറി, സെൻറ് ഡൊമിനിക് വെട്ടുകാട്ട്

ഈ ഗ്രന്ഥശാലയുടെ പ്രഥമവാർഷികസമ്മേളനം ജനുവരി 24-ാംതീയതി മന്ത്രി. ശ്രീ. കെ. കൊച്ചുകുട്ടൻ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. യോഗത്തിൽ ഡാക്ടർ. പി. കെ. നാരായണപിള്ള എം. എ. പി. എച്ചു്. ഡി, പാലാ നാരായണൻനായർ എം. തോമസ് എം. എ. എൽ. റി. എന്നിവർ പ്രസംഗിക്കുകയുണ്ടായി.

### നേതാജി ഗ്രന്ഥശാല, കരയ്ക്കണ്ണി

ജനുവരി 11-ാംതീയതി കൂടിയ യോഗത്തിൽവച്ചു് ശ്രീ. കെ. ജി. രാഘവൻപിള്ള പ്രസിഡന്റായും എം. ത്രിവിക്രമൻനായർ സെക്രട്ടറിയായും വി. ഗോപിനാഥൻനായർ ഖജാൻജിയായും, പി. ഗോപാലകൃഷ്ണൻനായർ ലൈബ്രേറിയനായും ഉള്ള 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ദേശസേവിനി ഗ്രാമോദ്ധാരണ ഗ്രന്ഥശാല, കോട്ടുകാൽ

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു ഭരണസമിതിയോഗം ജനുവരി 18-ാംതീയതി കൂടി. ഗ്രന്ഥശാലയുടെ ധനശേഖരാത്ഥം 'നനയാത്തകണ്ണുകൾ' എന്ന പ്രഹസനം അഭിനയിക്കുന്നതിനു തീരുമാനിച്ചു. അതിനുവേണ്ടി ഒരു കമ്മിററിയേയും തെരഞ്ഞെടുത്തിട്ടുണ്ട്.

## ഗ്രാമീണവായനശാല, ആരക്കുന്നം

ഈ ഗ്രന്ഥശാലയുടെ 5-ാമതു വാഷികയോഗം ജനുവരി 9-ാംതീയതി ശ്രീ. ററി. കെ. എബ്രഹാം ബി. എ.യുടെ അദ്ധ്യക്ഷതയിൽകൂടി. റവ. ഫാദർ പി.കെ. സ്ലീബാ ബി. എ. എൽ. ററി., വി. ജെ. കുര്യൻ എം. എ., ആർ. നാരായണൻനായർ, പീററർ പി. ജാർജ് എന്നിവർ പ്രസംഗിച്ചു.

## ശ്രീനാരായണ സ്മാരകലൈബ്രറി, കന്നിമേൽ

പ്രസ്തുത ലൈബ്രറിയുടെ ഒരു കമ്മിററിയോഗം ജനുവരി 11-ാംതീയതി ശ്രീ. എ. പുരുഷോത്തമൻെറ അദ്ധ്യക്ഷതയിൽകൂടി. ഒരു കയ്യെഴുത്തുമാസിക തുടങ്ങുന്നതിനു തീരുമാനിച്ചു.

## സഹൃദയ ലൈബ്രറി, കാഞ്ഞിരപ്പള്ളി

പ്രസ്തുത ഗ്രന്ഥശാലയുടെ 14-ാമതു വാഷികം ജനുവരി 4-ാംതീയതി മന്ത്രി ശ്രീ. കളത്തിൽ വേലായുധൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. ശശികുമാർ ബി. എ., കെ. എൻ. ഗോപാലൻനായർ ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയുണ്ടായി. രാത്രി 'അകവും പുറവും' എന്നനാടകം സഹൃദയ നടനകലാ സമിതിക്കാർ അഭിനയിച്ചു.

ഒരു കൊല്ലത്തിനുള്ളിൽ 1000 പുസ്തകങ്ങൾ കൂടുതലായി വാങ്ങിയിട്ടുണ്ട്. വിവിധ വിനോദങ്ങളിൽ വിജയികളായവക്കു സമ്മാനം കൊടുക്കുന്നതിനു 1000 രൂപ ചെലവായി. 5000-ത്തിലധികം പുസ്തകങ്ങളും 400-ലധികം അംഗങ്ങളും ഈ ഗ്രന്ഥശാലയ്ക്കുണ്ട്.

സഹൃദയയുടെ പ്രാരംഭ പ്രവത്തകരിൽ പ്രാധാന്യയായ ശ്രീ. കെ. ജെ. തോമസ് ബി. എ., എം. എൽ. എ. യുടെ എണ്ണച്ഛായാപടം റീഡിംഗ് ഹാളിൽ അനാച്ഛാദനം ചെയ്യുതും ഈ വാഷികാഘോഷത്തിലെ ഒരു പ്രധാന ചടങ്ങായിരുന്നു.

## ലൈബ്രറി & റീഡിംഗ്റൂം, ഓടനാവട്ടം

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ശ്രീ. കെ. ആർ. ഗോപാലപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി, ശ്രീ. കെ. ആർ. ഗോപാലപിള്ള പ്രസിഡൻറായും എൽ. ജോർജ്ജ്, ററി. ജി. ഗോപിനാഥൻ എന്നിവർ സെക്രട്ടറിമാരായും 17 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു. പ്രസിഡൻറ് ഒരു കെട്ടിടം വാടക കൂടാതെ വായനശാലാ പ്രവത്തനത്തിനു 6 മാസത്തേയ്ക്കു വിട്ടുകൊടുത്തുവെന്നതും പ്രസ്താവയോഗ്യമാണ്.

## എസ്സ്. എൽ. എസ്സ്. ഗ്രന്ഥശാല, അരുമാന്തൂർ

ഈ ഗ്രന്ഥശാലയുടെ നാലാമതു വാഷികം ജനുവരി 21-ാം തീയതി സമ്മേളനം,

കായികമത്സരം, കലാമത്സരം കലാപ്രക ടനം, സമ്മാനദാനം, ഘോഷയാത്ര, കഥാ കാലക്ഷേപം, പാട്ടുകച്ചേരി എന്നീ പരിപാടികളോടുകൂടി ആഘോഷപൂർവ്വം നടത്തിയിരിക്കുന്നു.

### ഗാന്ധിസ്മാരക ഗ്രന്ഥശാല, കോളപ്ര

പ്രസ്തുതഗ്രന്ഥശാലയുടെ 4-ാമതു വാർഷികസമ്മേളനം ജനുവരി 19-ാംതീയതി ശ്രീ. കെ. എം. തോമസ് ബി. എ. എൽ. എൽ. ബി. യുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീ. കെ. പി. ബാലകൃഷ്ണൻ ബി. എ., പി. റ്റി. വർഗ്ഗീസ് ബി. എ. എന്നിവർ പ്രസംഗിച്ചു. ശ്രീ. കെ. എൻ. രാഘവൻപിള്ള പ്രസിഡൻറായും വി. വി. ജോസഫ് സെക്രട്ടറിയായും 9 പേരുംപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### സുഭാസ് വായനശാല, കുടശ്ശനാട്ട്.

പ്രസ്തുത ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ജനുവരി 25-ാംതീയതി ശ്രീ. കുടശ്ശനാട്ട മാധവൻപിള്ള B. A. യുടെ അദ്ധ്യക്ഷതയിൽ ഒരു വാദപ്രതിവാദസഭ നടത്തുകയുണ്ടായി. "സാഹിത്യകാരൻതികച്ചും രാഷ്ട്രിയ പാർട്ടികൾക്ക് അധീനനായിരിക്കാൻ പാടില്ല" എന്ന പ്രമേയം ശ്രീ. ജീ. ഭാർഗ്ഗവൻപിള്ള അവതരിപ്പിച്ചു. വാദപ്രതിവാദത്തിനു ശേഷം പ്രമേയം വോട്ടിനിടുകയും പാസ്സാകുകയും ചെയ്തു.

### ആത്മബോധിനി വായനശാല, ആററിപ്ര—അരശ്ശുംമൂട്ട്

കളിയല്ലുവീട്ടിൽ ശ്രീ. കെ. എൻ. മാധവൻനായർ ബി. എ. ബി. എൽ. അവർകൾ സംഭാവനചെയ്ത രണ്ടേമുക്കാൽ സെൻറ സ്ഥലത്തു ഉദാരമതികളായ നാട്ടുകാരുടെ സഹായസഹകരണങ്ങൾകൊണ്ടു നിർമ്മിച്ച പുതിയ കെട്ടിടത്തിൽ വായനശാല മാററിസ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

### ഗ്രാമീണവായനശാല, മണലിത്തറ

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ജനുവരി 26-ാം തീയതികൂടി, സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും വാർഷികം ആഘോഷിക്കുന്നതിനും ആവശ്യമായ പരിപാടികൾ രൂപീകരിക്കുകയുണ്ടായി.

### ആസാദ് യുവജനസമാജം വായനശാല, കോഴഞ്ചേരി

പ്രസ്തുത വായനശാലയുടെ ധനശേഖരാർത്ഥം ഒരു കഥാപ്രസംഗം വിദ്വാൻ കെ. കെ. വാദ്ധ്യാർ & പാർട്ടി നടത്തുകയുണ്ടായി. അയതിൽ ഒരു നല്ല തുക പിരിഞ്ഞുകിട്ടി.

---

## അംഗഗ്രന്ഥശാലകൾ ( തുടർച്ച )

1409—വിജയാലൈബ്രറി, നാലുന്നാക്കൽ, വാകത്താനം.
1410—യുവജനസമിതി ഗ്രന്ഥശാല, വെളിയന്നൂർ, ആര്യനാട്ട്.
1411—ഗ്രാമീണവായനശാല, പനങ്ങാട്ട്, കുമ്പളം.
1412—ചെറുവയ്ക്കൽ പബ്ളിക് ലൈബ്രറി, പൂയപ്പള്ളി.

(തുടരും)

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | |
|---|---|
| FRONT COVER PAGE | (Reserved) |
| BACK COVER PAGE | Rs. 70 per insertion.<br>Rs. 60 per insertion, if three insertions or more. |
| COVER PAGE 2 | Rs. 60 per insertion.<br>Rs. 40 per insertion, if three consecutive insertions or more. |
| COVER PAGE 3 | Rs. 50 per insertion.<br>Rs. 40 per insertion if three consecutive insertions or more. |
| ANY OTHER PAGE | Rs. 40 per insertion. |
| HALF PAGE | Rs. 25 |
| QUARTER PAGE | Rs. 15 |
| BELOW QUARTER PAGE | Rs. 10 |

*For further details apply to:*

*THE MANAGER*
**GRANDHALOKAM,**
PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5851.


## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ (ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്റ്റ്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു B. A & B. L.
,, ഫാദർ സി. കെ. മററം എം. ആർ. ഏ. എസ്., എഫ്. ആർ. എസ്സ്. ഏ. (ലണ്ടൻ).
,, നീലവന ആർ. മാധവൻനായർ (പ്ര. സ: അംഗം)
,, എൻ. ഏ. നൂർമഹമ്മദ് ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി. (ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ.
,, എൻ. പി. വർഗ്ഗീസ് ബി. ഏ. ബി. എൽ; എം. എൽ. ഏ. (പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
,, എം. കെ. മേനോൻ
,, പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ. ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള എം. ഏ. പിഎച്ച്. ഡി. (പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴിക്കാട


# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.